# തൊഴിലാളി ഐക്യത്തിന്
# 100 വയസ്



KERALA INSTITUTE OF LABOUR & EMPLOYMENT
KILE
BUILDING PEOPLE
Since 1978

## കിലെ
സ്പെഷ്യൽ പതിപ്പ്

# സുവനീർ 2021

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലേബർ ആന്റ് എംപ്ലോയ്മെന്റ്



9

ട്രേഡ് യൂണിയൻ
പ്രസ്ഥാനം
നൂറ്റാണ്ടിന്റെ
നിറവിൽ



14

ഇന്ത്യൻ തൊഴിലാളി
വർഗപ്രസ്ഥാനം:
ചരിത്രവും
ആനുകാലിക
വെല്ലുവിളികളും

Souvenir 2021
Kerala Institute of
Labour and Employement

Published by

**Kerala Institute of**
**Labour and Employement**

4th floor, Thozhil Bhavan,
Vikas Bhavan.P.O,
Thiruvananthapuram -695 033
E-mail : kiletvm@gmail.com
Phone: 0471 2309012, 2307742

© KILE
2021 February 14

Layout, Design & Printed at

**Orange Printers Private Limited**
Thiruvananthapuram 695001
design@orangexpress.com

DISCLAIMER

The contributors/ authors of each articles are solely responsible for the contents of the articles compiled in this edited version. The publishers or editors do not take any responsibility for the same in any manner.

The views and opinions expressed in articles are those of the authors and do not necessarily reflect the official policy or position of any departments / institutions of the Government of Kerala.

Errors, if any, are purely unintentional and readers are requested to communicate such errors to the editors to avoid discrepancies in the future.

The copyright of this work resides with the Publishers. However, for the usage of any material or reproduction by any means, electronic, mechanical, photocopying or otherwise, as a matter of courtesy, acknowledgment of the source should be given.

All rights reserved. No part of this publication may be reproduced, distributed, or transmitted in any form or by any means, including photocopying, recording, or other electronic or mechanical methods, without the prior written permission of the authors/publisher, except in the case of brief quotations embodied in critical reviews and certain other noncommercial uses permitted by copyright law. For permission requests, write to the authors/publisher.



24

ദേശീയ
ട്രേഡ് യൂണിയൻ
രൂപീകരണത്തിന്
100 വയസ്സ്



27

ഇന്ത്യയിലെ
തൊഴിലാളിവർഗ്ഗ
പ്രസ്ഥാനങ്ങളുടെ
പ്രാരംഭദശ

# ഉള്ളടക്കം


ആമുഖം • **വി. ശിവൻകുട്ടി** ..... 5

ആമുഖം • **എം. ഷജീന** ..... 7

ട്രേഡ് യൂണിയൻ പ്രസ്ഥാനം നൂറ്റാണ്ടിന്റെ നിറവിൽ • **പിണറായി വിജയൻ** ..... 9

ഇന്ത്യൻ തൊഴിലാളിവർഗപ്രസ്ഥാനം: ചരിത്രവും ആനുകാലിക വെല്ലുവിളികളും • **ടി പി രാമകൃഷ്ണൻ** ..... 14

ദേശീയ ട്രേഡ് യൂണിയൻ രൂപീകരണത്തിന് 100 വയസ്സ് • **എളമരം കരീം** ..... 24

ഇന്ത്യയിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളുടെ പ്രാരംഭദശ • **വി. ശിവൻകുട്ടി** ..... 27

തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ആദ്യനാളുകൾ • **കാനം രാജേന്ദ്രൻ** ..... 32

ഇന്ത്യൻ ദേശീയ തൊഴിലാളി പ്രസ്ഥാനം നൂറ്റാണ്ട് പിന്നിടുമ്പോൾ • **ആർ. ചന്ദ്രശേഖരൻ** ..... 36

നൂറിന്റെ നിറവിൽ എ. ഐ. ടി. യു. സി. • **കെ. പി രാജേന്ദ്രൻ** ..... 41

ഒരു നൂറ്റാണ്ടിന്റെ ചരിത്രം, ചെറുത്തുനിൽപ്പിന്റെയും തൊഴിലാളി പ്രക്ഷോഭങ്ങളുടെയും ഭൂതവും ഭാവിയും • **ടോമി മാത്യു** ..... 48

ട്രേഡ് യൂണിയനുകളുടെ പോരാട്ട മുഖങ്ങൾ • **തോമസ് ജോസഫ്** ..... 55

ട്രേഡ് യൂണിയനുകളുടെ വളർച്ച സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ • **കിലെ** ..... 61








വി. ശിവൻകുട്ടി
ചെയർമാൻ

പോയ വർഷങ്ങളിൽ കേരള സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി തൊഴിലാളികൾ അവരുടെ സ്വത്വം വീണ്ടെടുത്ത ഘട്ടത്തിലാണ് ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നൂറാം വർഷം കടന്നു വന്നിരിക്കുന്നത്. ആഗോളവൽകരണവും അത് സൃഷ്ടിച്ച തൊഴിലില്ലായ്മയും ഇന്ന് തൊഴിലാളികളുടെ മുന്നിൽ വലിയ ഭീഷണിയായി നിലനിൽക്കുമ്പോൾ രാഷ്ട്രവികസനത്തിൽ പങ്കാളികളായ തൊഴിലാളിവർഗത്തെ എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ടത് സർക്കാരുകളുടെ മുഖ്യധർമ്മമായി മാറിയിരിക്കുന്നു.

ഇന്ത്യാരാജ്യത്ത് ഇന്ന് അരങ്ങേറിക്കൊണ്ടിരിക്കുന്ന അതിശക്തമായ കർഷക പ്രക്ഷോഭത്തെ കേന്ദ്രസർക്കാർ അടിച്ചമർത്തുന്നത് അത്യാധുനിക രീതിയിലുള്ള ആയുധങ്ങളും തന്ത്രങ്ങളും ഉപയോഗിച്ചാണ്.

ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനം വലിയ വിലകൊടുത്ത് നേടിയതാണ് അതിന്റെ ശക്തിയും സ്വാധീനവും. ഉരുക്കു കോട്ടകൾ തീർത്ത് അതിനെ പ്രതിരോധിക്കാനാവില്ല.

തൊഴിലാളി പ്രസ്ഥാനം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ ഇന്നലെയും ഇന്നുമുള്ള തൊഴിലാളി ജീവിതത്തെ വളരെ ഗൗരവമായി പഠിക്കാനാണ് 'കിലെ' ശ്രമിച്ചിട്ടുള്ളത്. ഈ സുവനീർ അതിനുള്ള ദൃഷ്ടാന്തമാണ്.











**എം. ഷജീന**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

തൊഴിലാളികളില്ലാതെ ഒരു രാജ്യത്തിനും നിലനിൽപ്പില്ല എന്നത് വസ്തുതയാണ്. മനുഷ്യപ്രയത്നംകൊണ്ടാണ് ലോകത്ത് ഇന്ന് കാണുന്ന എല്ലാ വികസനവും ഉണ്ടായിട്ടുള്ളത്. രാജ്യത്തിന്റെ നിലനിൽപ്പിന് അവഗണിക്കാനാവാത്തതാണ് ഓരോ തൊഴിലാളിയുടെയും പ്രയത്നം.

തൊഴിലാളിക്ഷേമത്തിനായി തദ്ദേശീയ തൊഴിലുറപ്പു പദ്ധതി പോലുള്ള ചരിത്രപരമായ ഇടപെടലുകൾ നടത്തിയ രാജ്യമാണ് ഇന്ത്യ. സാധ്യമായ മേഖലകളിലെല്ലാം തൊഴിലുറപ്പിന്റെ കൈക്കോട്ടുകളെത്തിച്ചുകൊണ്ട് മികച്ച മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. ഹരിതകേരളം പോലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കേരളം തൊഴിലുറപ്പിന് പുതിയ ഉണർവും ഊർജ്ജവും നൽകി. കുടുംബശ്രീ എന്ന ലോകമാതൃക കേരളത്തിലെ തൊഴിലാളികുടുംബങ്ങൾക്ക് പ്രതീക്ഷകൾ നൽകി. സ്ത്രീകൾക്കായി തൊഴിൽ മേഖലകൾ സൃഷ്ടിച്ച് ഭക്ഷ്യസ്വാശ്രയത്വം, സാമ്പത്തികസ്വാതന്ത്ര്യം, സ്ത്രീശാക്തീകരണം, തൊഴിൽ നൈപുണ്യം എന്നിവ സൃഷ്ടിക്കുന്നതിൽ ഈ പദ്ധതി ലക്ഷ്യം കണ്ടു.

അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി ഉൾപ്പെടെ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്ന സംസ്ഥാനമാണ് കേരളം.

1920 ഒക്ടോബർ 31ന് ഇന്ത്യയിൽ അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് എന്ന പേരിൽ ആദ്യത്തെ ട്രേഡ് യൂണിയൻ രൂപംകൊണ്ടു. അതുപ്രകാരം ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് നൂറ് വർഷം 2020 ഒക്ടോബർ 31ന് പൂർത്തിയായി. ഈ പശ്ചാത്തലത്തിൽ ആ ചരിത്രമുഹൂർത്തത്തെ ഓർക്കാനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ഇതിലൂടെ ശ്രമിക്കുന്നു.

നിർണായകമായ ഒട്ടേറെ ഘട്ടങ്ങളിലൂടെയാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഒരു നൂറ്റാണ്ട് കടന്നു പോയത്. 1757-ലെ പ്ലാസി യുദ്ധത്തെ തുടർന്ന് ബ്രിട്ടൻ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതോടെ രാജ്യത്തിന്റെ സാമ്പത്തികഭൂപടം മാറ്റിവരയ്ക്കപ്പെട്ടു.



# ട്രേഡ് യൂണിയൻ പ്രസ്ഥാനം
# നൂറ്റാണ്ടിന്റെ നിറവിൽ

പിണറായി വിജയൻ
മുഖ്യമന്ത്രി

തൊഴിലാളിവർഗ്ഗ പ്രസ്ഥാനമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യയിൽ വേരൂന്നുംമുമ്പേ തൊഴിലാളി വർഗ്ഗം ഇവിടെ സംഘടിച്ചു ശക്തി നേടിയിരുന്നു. ലോക തൊഴിലാളി കൾ അവരുടെ വർഗ്ഗശക്തി തെളിയിച്ച റഷ്യൻവിപ്ലവത്തെ തുടർന്ന് *'സർവ്വ രാജ്യത്തൊഴിലാളികളേ സംഘടിക്കുവിൻ'* എന്ന മുദ്രാവാക്യ ത്തിന്റെ ആരവം കടലുകൾ കടന്ന് ഇന്ത്യയിലും ആഞ്ഞടിച്ചു. അതോടെ രാജ്യമെങ്ങുമുള്ള തൊഴിലാളികൾ നൂറ്റാണ്ടുകളായി അനുഭവിച്ചു പോന്ന അടിമത്തത്തിന്റെയും മൃഗീയമായ ചൂഷണങ്ങളുടെയും ചങ്ങല ക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് പ്രക്ഷോഭങ്ങളുടെ കൊടുങ്കാറ്റഴിച്ചു വിട്ടു. ഇതിലൂടെ ഉയർന്ന സംഘടിത തൊഴിലാളിവർഗ്ഗം രാജ്യമെങ്ങും ട്രേഡ് യൂണിയനുകൾ കെട്ടിയുയർത്തി. ഇവിടെ നിന്നാണ് നൂറു വർഷം തികഞ്ഞ ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാന ചരിത്രത്തിന്റെ തുടക്കം.

ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം ഉയർന്നുവന്നത് വൈകിയാണെങ്കിലും അത് ശക്തിയാർജ്ജിച്ചത് അതിവേഗമായിരുന്നു. കാരണം വൈദേശിക ആധിപത്യം അടിച്ചേൽപിച്ച മുതലാളിത്ത വ്യവസ്ഥിതിക്കു കീഴിൽ അന്നത്തെ തൊഴിലാളിവർഗ്ഗം ഏതു സമയവും പൊട്ടിത്തെറിക്കാവുന്ന ഉഗ്രശേഷിയുള്ള ഒരു അണുബോംബുപോലെ സ്ഫോടനാത്മകമായ അവസ്ഥയിലായിരുന്നു. റഷ്യൻ വിപ്ലവം അതിനു തീപടർന്ന രാഷ്ട്രീയ ഇന്ധനമായി മാറിയത് സ്വാഭാവികം.

നിർണായകമായ ഒട്ടേറെ ഘട്ടങ്ങളിലൂടെയാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഒരു നൂറ്റാണ്ട് കടന്നുപോയത്. 1757–ലെ പ്ലാസിയുദ്ധത്തെ തുടർന്ന് ബ്രിട്ടൻ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതോടെ രാജ്യ ത്തിന്റെ സാമ്പത്തികഭൂപടം മാറ്റിവരയ്ക്കപ്പെട്ടു. ബ്രിട്ടന്റെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വലിയ കമ്പോളമായി മാറി ഇന്ത്യ.

1813-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കുത്തക അവകാശം ഇല്ലാതാക്കിയതോടെ ബ്രിട്ടീഷ് മുതലാളിമാർക്കുമുമ്പിൽ ഇന്ത്യൻ കമ്പോളത്തിന്റെ വാതിൽ നിരുപാധികം തുറക്കപ്പെട്ടു. ഇതോടെ ഇന്ത്യയെ എല്ലാ അർത്ഥത്തിലും കൊള്ളയടിച്ചു തുടങ്ങി. ഇതിനു സമാന്തരമായി നിരവധി കള്ളം ഒളിഞ്ഞിരിക്കുന്ന ഭൂനയങ്ങൾ സൃഷ്ടിച്ചുകൊണ്ട് ബ്രിട്ടീഷുകാർ ഇന്ത്യയുടെ കാർഷികമേഖലയെയും തങ്ങളുടെ വരുതിയിലാക്കി. തുടർന്ന് അനേകം കർഷകർക്ക് അവരുടെ കൃഷിഭൂമി നഷ്ടപ്പെട്ടു. രാജ്യം ഭീമമായ ഭക്ഷ്യക്ഷാമത്തിലേക്ക് കൂപ്പുകുത്തി. 1825 നും 1900 നുമിടയിൽ ഇന്ത്യയിൽ രണ്ടു കോടി ആളുകൾ ഭക്ഷ്യക്ഷാമം മൂലം മരിച്ചു എന്നാണ് കണക്ക്. ഇന്ന് ലോകത്ത് താണ്ഡവമാടിക്കൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിമൂലമുണ്ടായതിനേക്കാൾ എത്രയോ വലിയ മരണസംഖ്യ.

ബ്രിട്ടന്റെ വ്യവസായക്കുതിപ്പിന് മുന്നിൽ ഇന്ത്യൻ തൊഴിലാളികൾ നിർദ്ദാക്ഷിണ്യം ഇരകളായിക്കൊണ്ടിരുന്നു. വൻതോതിലുള്ള തൊഴിലാളി പലായനം അന്നത്തെ ഇന്ത്യയുടെ മുഖചിത്രമായി മാറി. ഈ വ്യവസായക്കുതിപ്പിന് റെയിൽവെ അനിവാര്യമായി വന്നതോടെ തീവണ്ടിപ്പാത നിർമ്മാണം, ഉരുക്കുവ്യവസായം, കൽക്കരിഖനി എന്നീ മേഖലകളിലേക്ക് ലക്ഷക്കണക്കിന് തൊഴിലാളികൾ ഒഴുകിയെത്തി. ഇന്ത്യയിൽ ആധുനിക തൊഴിലാളിവർഗ്ഗത്തിന് ബീജാവാപം ചെയ്തത് ഈ റെയിൽവെ നിർമ്മാണമേഖലയാണ്. അതിനു മുമ്പ് തൊഴിലാളികൾ പ്രക്ഷോഭങ്ങളിലേർപ്പെട്ടെങ്കിലും അവർ ഒരു വർഗ്ഗശക്തിയായി പരിണമിച്ചിരുന്നില്ല.

ആവിയന്ത്രങ്ങളുടെ വരവോടെ ഇന്ത്യയിലെങ്ങും ചണമില്ലുകളും തുണിമില്ലുകളും യഥേഷ്ടം പൊങ്ങിവന്നു. വ്യവസായരംഗത്തെ ആദ്യമുന്നേറ്റം നടക്കുന്നത് തുണിമിൽ മേഖലയിലാണ്. എല്ലാത്തിന്റെയും മുതലാളിമാർ ബ്രിട്ടീഷുകാർതന്നെ. 1818 ൽ കൽക്കത്തയ്ക്കടുത്തുള്ള ബൗരിയിലാണ് ഇന്ത്യയിലെ ആദ്യത്തെ തുണിമിൽ സ്ഥാപിതമായത്.തുണിമില്ലുകളിൽ വൻതോതിലുള്ള മൂലധനനിക്ഷേപമുണ്ടായതോടെ ഈ മേഖലയിൽ തൊഴിലാളികളുടെ എണ്ണവും വർദ്ധിച്ചു. ചുരുക്കത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കംമുതൽ മുതലാളിത്തം തഴച്ചുവളരുകയും അതിനൊപ്പം തന്നെ തൊഴിലാളിവർഗ്ഗം അടിച്ചമർത്തപ്പെട്ട ചൂഷിതവർഗ്ഗമായി നിലകൊള്ളുകയും ചെയ്തു. സംഘടിക്കാനുള്ള തൊഴിലാളികളുടെ എല്ലാ ശ്രമങ്ങളെയും അധികാരത്തിന്റെ ഉരുക്കുമുഷ്ടികൾ പിഴുതെറിഞ്ഞു. ഇന്ത്യയിലെ തൊഴിലാളികൾ അതിദയനീയമായ സാഹചര്യത്തിലേക്ക് അധഃപതിച്ചു.

ഉരുണ്ടുകൂടിയ ആകാശത്ത് ഏതു സമയത്തും ഇടിമിന്നലുകളുണ്ടാകുമെന്നാണ് പ്രകൃതിയുടെ ശാസ്ത്രം. അസഹനീയമായ തൊഴിലാളിജീവിതം ഒരു വലിയ പൊട്ടിത്തെറിയുടെ വക്കിലെത്തി നിൽക്കുമ്പോഴാണ് സാമൂഹ്യ പ്രവർത്തകരുടെയും ജീവകാരുണ്യപ്രവർത്തകരുടെയുമൊക്കെ



ശ്രദ്ധ അവരിലേക്കു പതിഞ്ഞത്. അവരുടെ പിൻബലത്തിൽ തൊഴിലാളികൾ സംഘടിക്കുകയും തങ്ങളുടെ അവകാശങ്ങൾ ഉന്നയിക്കാൻ മുന്നോട്ടുവരികയും ചെയ്തു. അതിക്രൂരമായ ചൂഷണങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. അങ്ങിങ്ങായി തൊഴിലാളി പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഇന്ത്യയിലെ വ്യവസായ ത്തൊഴിലാളികളുടെ ശ്രദ്ധേയമായ ആദ്യപണിമുടക്കിനു തുടക്കമിട്ടത് 1862 ൽ റെയിൽവെ മേഖലയിലായിരുന്നു. അതിനു മുമ്പേ 1823-ൽ

മഞ്ചലുകാരും 1853-ൽ വഞ്ചിക്കാരും പണിമുടക്കുകൾ നടത്തിയിട്ടുണ്ട്. 1827-ൽ രാജ്യത്തെ പല തുണിമില്ലുകളിലും തൊഴിലാളികൾ പണിമുടക്ക് തുടങ്ങിയിരുന്നു. തുടർന്നിങ്ങോട്ടുള്ള ഇന്ത്യൻ തൊഴിലാളി ചരിത്രം നീണ്ട സമരപരമ്പരകളുടേതാണ്.

സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിൽ രാജ്യത്താകെ തൊഴിലാളികളുടെ മുന്നേറ്റമുണ്ടായി. ഇത് അങ്ങേയറ്റം ആവേശകരമായിരുന്നു.



സ്വാതന്ത്ര്യ സമര പ്രക്ഷോഭത്തിന്റെ ശൈലി തന്നെ തിരുത്തിയെഴുതാൻ തൊഴിലാളി വർഗ്ഗശക്തി പ്രേരണയായി. നിവേദനങ്ങൾ കൊണ്ട് പ്രയോജനമില്ലെന്നും ജനത്തെ രംഗത്തിറക്കിക്കൊണ്ടുള്ള പ്രക്ഷോഭമാണ് വേണ്ടതെന്നും നേതാക്കൾക്ക് ബോധ്യപ്പെട്ടതോടെ അവർ തൊഴിലാളികളെ സംഘടിപ്പിക്കാൻ മുന്നോട്ടുവന്നു.ചിലയിടങ്ങളിൽ സമുദായ അടിസ്ഥാനത്തിൽ തൊഴിലാളികൾ സംഘടിച്ചിരുന്നു എന്നതു മാറ്റിനിർത്തിയാൽ ആദ്യകാല പ്രക്ഷോഭങ്ങളൊന്നുംതന്നെ ഏതെങ്കിലും പ്രത്യേക സംഘടനകളുടെ കൊടിക്കീഴിൽ നിന്നുകൊണ്ടായിരുന്നില്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി രൂപംകൊണ്ട വ്യത്യസ്ത തൊഴിലാളി യൂണിയനുകൾക്ക് പൊതുവായ വേദിയോ പൊതു മാനിഫെസ്റ്റോയോ ഉണ്ടായിരുന്നില്ല. അതിനുള്ള പ്രതിവിധിയായിരുന്നു 1920 ഒക്ടോബർ 31 ന് നിലവിൽ വന്ന ആൾ ഇന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് (എ.ഐ.ടി.യു.സി.). കോൺഗ്രസ്, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരായവർ സംയുക്തമായിട്ടാണ് എ.ഐ.ടി.യു.സി. രൂപീകരിച്ചത്. ലാലാ ലജ്പത് റായി അധ്യക്ഷത വഹിച്ച സ്ഥാപക സമ്മേളനത്തിൽ ലക്ഷക്കണക്കിനു തൊഴിലാളി കളാണ് പങ്കെടുത്തത്.

ഇതേ ഘട്ടത്തിലാണ് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായത്. തൊഴിലാളി വർഗ്ഗത്തിന്റെ രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആവിർഭാവം ട്രേഡ് യൂണിയൻ പ്രസ്ഥാന ചരിത്രത്തിലെ വലിയൊരു നാഴികക്കല്ലായി മാറി. പാർട്ടിയുടെ സോഷ്യലിസ്റ്റാശയങ്ങളാണ് തൊഴിലാളികളെ ഏറ്റവുമധികം ആകർഷിച്ചത്. ഈ ഘട്ടത്തിൽ തൊഴിലാളിപ്രസ്ഥാനം കൂടുതൽ കരുത്തുനേടുകയുണ്ടായി. അതേ സമയം എ.ഐ.ടി.യു.സി. യുടെ നേതൃനിരയിലുള്ള വരിൽ പലരും ഒരു തൊഴിലാളി വർഗ്ഗസംഘടന കെട്ടിപ്പടുക്കുന്നതിനോട് വിയോജിച്ചു നിന്നു. മഹാത്മാഗാന്ധിയും വർഗ്ഗസംഘടനയെ എതിർത്തു. അതോടെ എ.ഐ.ടി.യു.സി.ക്ക് പിളർപ്പിനെ അഭിമുഖീകരിക്കേണ്ട ഘട്ടം അനിവാര്യമായി. 1929 ൽ പിളർപ്പ് യാഥാർത്ഥ്യമാവുകയും ചെയ്തു. 1931-ൽ എ.ഐ.ടി.യു.സി. യിൽ നിന്ന് കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് വിട്ടുമാറുകയും റെഡ് ട്രേഡ് യൂണിയൻ കോൺഗ്രസ് എന്ന പുതിയ സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. എന്നാൽ, സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ തൊഴിലാളി സംഘടനകൾ വീണ്ടും യോജിപ്പിലെത്തുകയും കൂട്ടായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധം ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ നിർണായക ഘട്ടമായിരുന്നു. യുദ്ധത്തെ സംബന്ധിച്ചുണ്ടായ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സംഘടനയെ വീണ്ടും ഉലച്ചു. എ.ഐ.ടി.യു.സി. യിൽ നിന്ന് യൂണിയനുകളുടെ കൊഴിഞ്ഞുപോക്ക് ഒരു തുടർക്കഥയായി. യുദ്ധാനന്തരം തൊഴിലാളിദ്രോഹപരമായ പുതിയ തൊഴിൽ നയങ്ങൾ അടിച്ചേൽപ്പിച്ചതോടെ യൂണിയനുകൾക്ക് ശക്തമായ പ്രക്ഷോഭം നടത്തേണ്ടി

വന്നു. നിരവധി പുതിയ തൊഴിലാളി സംഘടന കൾ ഇക്കാലത്ത് ഉയർന്നുവന്നു.

1952-ൽ കോൺഗ്രസ് ചിന്താഗതിക്കാരായവർ ഐ.എൻ.ടി.യു.സി. ക്ക് രൂപംകൊടുത്തു. ഇതേ സമയത്തുതന്നെയാണ് എച്ച്.എം.എസി. ന്റെയും ആവിർഭാവം. 1970 മെയ് 30 ന് കൽക്കട്ടയിൽ ജ്യോതി ബസുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ സമ്മേളനത്തിൽ പുതിയ ട്രേഡ് യൂണിയൻ സ്ഥാപിക്കേണ്ടതിന്റെ ചരിത്രപരമായ അനിവാര്യത ചൂണ്ടിക്കാണി ക്കപ്പെട്ടു. എ.ഐ.ടി.യു.സി. ബൂർഷ്വാസിക്കു മുന്നിൽ കീഴടങ്ങുന്നതിന്റെ തെളിവുകൾ നിരത്തിക്കൊണ്ടായിരുന്നു ആ തീരുമാനം. അങ്ങനെ ഐതിഹാസികമായ ഈ സമ്മേളനത്തിൽ വച്ച് 'സി.ഐ.ടി.യു.' യാഥാർത്ഥ്യമായി.

സി.ഐ.ടി.യു. അതിന്റെ ചരിത്രപരമായ ധർമ്മം നിർവഹിച്ചുകൊണ്ട് തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ നേടിയെടു ക്കുന്നതിൽ നിർണ്ണായകവിജയം നേടുകയു ണ്ടായി. ഒട്ടേറെ തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നു. ചുരുക്കിപ്പറഞ്ഞാൽ രാജ്യത്തുണ്ടായ എല്ലാ വിപ്ലവപ്രസ്ഥാനങ്ങ ളുടെയും ചാലകശക്തിയാകാൻ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

ഒരു നൂറ്റാണ്ടിന്റെ നേട്ടങ്ങൾക്ക് അടി വരയിടുമ്പോഴും ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ദേശീയ സാമ്പത്തിക നയങ്ങൾ തൊഴിലാളി വർഗ്ഗ മുന്നേറ്റത്തിന് ഏൽപിച്ച തിരിച്ചടിയുടെ ആഘാതം എത്രയെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തേണ്ടതുണ്ട്. തൊഴിൽ സമരങ്ങൾക്കുപുറമെ, രാജ്യത്തിന്റെ സാമ്പത്തിക - വ്യവസായ - വാണിജ്യനയങ്ങൾ മനസ്സിലാക്കി ശക്തമായ ഇടപെടലുകൾ ട്രേഡ് യൂണിയനുകൾ നടത്തേണ്ടതുണ്ട്. കാരണം രാജ്യത്തിന്റെ സാമ്പത്തിക നയങ്ങൾ തൊഴിലാ ളിജീവിതത്തെ ഇരുട്ടിലാക്കിക്കൊണ്ടിരിക്കുന്നു. സാമ്രാജ്യത്വ കാലത്തേക്കാൾ മോശമായ സ്ഥിതിയിലേക്കാണ് നവ ഉദാരവൽകരണ കാലത്ത് അവരുടെ ജീവിതം പൊയ്ക്കൊണ്ടിരിക്കുന്നത്.

ഉദാരവൽകരണ-ആഗോള വൽകരണ - സ്വകാര്യവൽകരണ നയങ്ങൾ ഈ നൂറ്റാണ്ടിലെ തൊഴിലാളിവർഗ്ഗത്തിനു മുകളിൽ വീണ അശനിപാതമാണ്. രാജ്യത്തെ പൊതുമേഖലയെ പൂർണ്ണമായും തട്ടി നീക്കിക്കൊണ്ടിരിക്കുന്ന സ്വകാര്യവൽകരണം ഇന്ത്യയുടെ സാമ്പത്തികഘടനയുടെ അടിത്തറ ഇളക്കുമെന്നതിൽ സംശയമില്ല. ഇതിന്റെ പ്രത്യാഘാതം ഏറ്റവുംകൂടുതൽ അനുഭവിക്കേണ്ടി വരുന്നത് തൊഴിലാളിവർഗ്ഗമാണ്. ഉദാരവൽകരണം വൻതോതിലുള്ള ഇറക്കുമതിക്കു വഴിവച്ചപ്പോൾ ആഭ്യന്തര ഉൽപന്നങ്ങൾ പിന്തള്ളപ്പെട്ടു. തൽഫലമായി ഇവിടത്തെ ഫാക്ടറികൾ അടച്ചുപൂട്ടലിനെ നേരിടുകയാണ്. ലക്ഷക്കണക്കിനാളുകളുടെ തൊഴിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നു.



**1952-ൽ കോൺഗ്രസ് ചിന്താഗതിക്കാരായവർ ഐ.എൻ.ടി.യു.സി.ക്ക് രൂപംകൊടുത്തു. ഇതേ സമയത്തുതന്നെയാണ് എച്ച്.എം.സിന്റെയും ആവിർഭാവം.**



കർഷകരെയും കർഷകത്തൊഴിലാളികളെയും ആശങ്കയിലാക്കിക്കൊണ്ട് പുതിയ കാർഷിക ബിൽ നടപ്പാക്കുന്നത് ഇതേ ഘട്ടത്തിലാണ്. കാർഷികരംഗവും കുത്തക മുതലാളിമാർക്ക് തീറെഴുതുമ്പോൾ ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതം ഇരുളടയുമെന്നതിൽ തർക്കമില്ല. ബില്ലിനെതിരെ രാജ്യമെമ്പാടും പ്രതിഷേധസമരങ്ങൾ നടക്കുകയാണ്. കാർഷിക രാജ്യമായ ഇന്ത്യയിൽ കാർഷിക രംഗത്തുണ്ടാകുന്ന തകർച്ച മറ്റെല്ലാ മേഖലയെയും പ്രതികൂലമായി ബാധിക്കും. ഇതു മുന്നിൽ കണ്ടുകൊണ്ട് എല്ലാ വിഭാഗം തൊഴിലാളികളും കർഷകരോടൊപ്പം നിൽക്കണം. പൊതുമേഖലയെ തകർക്കുന്ന നയങ്ങൾക്കെതിരെ കർഷകരും ഇടപെടണം. നൂറ്റാണ്ടിന്റെ പ്രവർത്തന പാതയിൽനിന്നു ലഭിച്ച സംഘടിതശക്തിയുടെ കരുത്ത് രാജ്യത്തിന്റെ ഭദ്രതയ്ക്കും തൊഴിലാളിവർഗ്ഗത്തിന്റെ സുരക്ഷയ്ക്കുമായി വിനിയോഗിക്കാനാവണം. എങ്കിൽ മാത്രമേ നീണ്ട നൂറു വർഷത്തെ സഹനങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും നേടിയെടുത്ത വർഗ്ഗശക്തിക്ക് കൂടുതൽ കരുത്തുണ്ടാവൂ; അതിജീവിക്കാനാവൂ.



**കാർഷികരംഗവും കുത്തകമുതലാളിമാർക്ക് തീറെഴുതുമ്പോൾ ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിതം ഇരുളടയുമെന്നതിൽ തർക്കമില്ല. ബില്ലിനെതിരെ രാജ്യമെമ്പാടും പ്രതിഷേധസമരങ്ങൾ നടക്കുകയാണ്. കാർഷിക രാജ്യമായ ഇന്ത്യയിൽ കാർഷിക രംഗത്തുണ്ടാകുന്ന തകർച്ച മറ്റെല്ലാ മേഖലയെയും പ്രതികൂലമായി ബാധിക്കും. ഇതു മുന്നിൽ കണ്ടുകൊണ്ട് എല്ലാ വിഭാഗം തൊഴിലാളികളും കർഷകരോടൊപ്പം നിൽക്കണം.**

# ഇന്ത്യൻ തൊഴിലാളി വർഗപ്രസ്ഥാനം:

## ചരിത്രവും ആനുകാലിക വെല്ലുവിളികളും



**ടി പി രാമകൃഷ്ണൻ**

തൊഴിലും നൈപുണ്യവും
എക്സൈസും വകുപ്പ് മന്ത്രി







ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയ്ക്കെതിരെ ദേശീയ പ്രസ്ഥാനം നയിച്ച ധീരമായ പോരാട്ടങ്ങളുമായി ചേർന്നുനിന്നാണ് ഇന്ത്യയിൽ സംഘടിത തൊഴിലാളി പ്രസ്ഥാനം കരുത്താർജ്ജിക്കുന്നത്. തൊഴിലാളിവർഗം ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിനും ഊർജ്ജമേകി. കടുത്ത ചൂഷണങ്ങൾക്കിരയായി നരകതുല്യമായ അവസ്ഥയിൽ കഴിയുകയായിരുന്നു ഇന്ത്യയിലെ തൊഴിലാളികൾ. പലയിടത്തായി പ്രതിഷേധങ്ങളും പണിമുടക്കുകളും നടന്നെങ്കിലും അവയ്ക്കൊന്നും സംഘടിതരൂപം ഉണ്ടായിരുന്നില്ല. ദേശീയ സ്വാതന്ത്ര്യസമരം ശക്തിയാർജ്ജിച്ചതോടെ തൊഴിലാളികളുടെ സംഘടിതമുന്നേറ്റങ്ങൾക്കും രാജ്യം സാക്ഷ്യം വഹിക്കാൻ തുടങ്ങി. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുകീഴിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാനുള്ള പോരാട്ടങ്ങളുമായി ഇഴചേർന്നായിരുന്നു തൊഴിലാളിവർഗസമരങ്ങൾ. സുദീർഘവും ത്യാഗനിർഭരവുമായ സമരങ്ങളിലൂടെയാണ് ആധുനിക ഇന്ത്യയിൽ തൊഴിലാളിവർഗപ്രസ്ഥാനം പടർന്നുപന്തലിച്ചത്.

അദ്ധ്വാനിക്കുന്ന വർഗത്തെ കൊടും ചൂഷണങ്ങളിലും ദുരിതങ്ങളിലും നിന്ന് മോചിപ്പിച്ച് അന്തസ്സായ ജീവിതസാഹചര്യങ്ങളിലേക്ക് നയിച്ചത് അവരുടെ ജീവിതസമരങ്ങൾക്ക് ധീരമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന സംഘടിത തൊഴിലാളിപ്രസ്ഥാനങ്ങളാണ്. കൂട്ടായി വിലപേശാനും മുതലാളിത്തത്തിനു മുമ്പിൽ തല ഉയർത്തിപ്പിടിച്ചു നിൽക്കാനും തൊഴിലാളിക്ക് കരുത്തേകിയതും സമൂഹത്തിന്റെ ചാലകശക്തിയായ തൊഴിലാളികളെ മുഖ്യധാരയിലേക്ക് നയിച്ചതും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ നിർണായക സംഭാവനയായി കാണാം. സ്വാതന്ത്ര്യാനന്തരം അവകാശസംരക്ഷണത്തിനായി നിരന്തരം പൊരുതിയ തൊഴിലാളികൾ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യങ്ങളെയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായ ഉദാരവൽകരണവും സ്വകാര്യവൽകരണവും ആഗോളവൽകരണവും സമ്പദ്‌വ്യവസ്ഥയിലും തൊഴിലാളിപ്രസ്ഥാനങ്ങളുടെ ചരിത്രത്തിലും പുതിയൊരു ഘട്ടത്തിനാണ് തുടക്കംകുറിച്ചത്.



**അധ്വാനിക്കുന്ന വർഗത്തെ കൊടുംചൂഷണങ്ങളിലും ദുരിതങ്ങളിലും നിന്ന് മോചിപ്പി ച്ച് അന്തസ്സായ ജീവിതസാഹചര്യ ങ്ങളിലേക്ക് നയിച്ചത് അവരുടെ ജീവിതസമരങ്ങൾക്ക് ധീരമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളാണ്.**

നവഉദാരവൽകരണ നയത്തിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ തൊഴിലാളിവർഗത്തെ വീണ്ടും അടിമത്തത്തിലേക്ക് വലിച്ചിഴയ്ക്കുകയാണ്. ഈ വെല്ലുവിളികൾ നേരിടുകയാണ് ഇന്ന് തൊഴിലാളി വർഗത്തിനു മുമ്പിലുള്ള അടിയന്തര കടമ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഫാക്ടറികളും തോട്ടങ്ങളും ഖനികളും പ്രവർത്തനമാരംഭിച്ചതോടെയാണ് ഒരു വർഗമെന്നനിലയിൽ ഇന്ത്യയിൽ തൊഴിലാളികൾ ഉയർന്നുവരുന്നത്. ഈ കാലത്തുതന്നെ റെയിൽവെ, വാർത്താവിനിമയ സംവിധാനങ്ങളും നിലവിൽ വന്നു. ഇന്ത്യൻ വ്യാപാരമേഖല അക്കാലത്ത് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കുത്തകാവകാശ ത്തിലായിരുന്നു. വ്യവസായവിപ്ലവത്തെ തുടർന്ന് ഉൽപ്പാദനം വർധിക്കുകയും ഇവ വിറ്റഴിക്കാനുള്ള വിപണി കൂടിയായി ഇന്ത്യയെ ഉപയോഗപ്പെടുത്താൻ ബ്രിട്ടീഷ് മുതലാളിത്തം തീരുമാനിക്കുകയും ചെയ്തു. തുടർന്നാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കുത്തക എടുത്തുകളഞ്ഞ് ഇന്ത്യൻ വിപണി ബ്രിട്ടനിലെ മുതലാളിമാർക്കായി തുറന്നുകൊടുക്കുന്നത്. കാർഷിക മേഖലയിൽ ബ്രിട്ടീഷ് ആധിപത്യം വലിയ തകർച്ചയ്ക്കാണ് ഇടവരുത്തിയത്. ലക്ഷക്കണക്കിന് കൃഷിക്കാരെ വഴിയാധാരമാക്കി സെമിന്ദാരി സമ്പ്രദായവും റയത്ത്വാരി സമ്പ്രദായവും നടപ്പാക്കി. വൻതോതിൽ ഭൂമി കൈയടക്കി പുതിയ ഭൂഉടമകൾ പ്രത്യക്ഷപ്പെട്ടു. കൈവശമുണ്ടായിരുന്ന ഭൂമി നഷ്ടമായ കൃഷി ക്കാർ ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയപ്പെട്ടു. നിർമ്മാണ, കൈത്തൊഴിൽ, കരകൗശല മേഖലകളിലേക്കും ഈ തകർച്ചയും തൊഴിൽ നഷ്ടവും വ്യാപിച്ചു. കൃഷിഭൂമിയും വരുമാനവും ഇല്ലാതായ കൃഷിക്കാരും തൊഴിൽ നഷ്ടപ്പെട്ടവരും ഉപജീവനമാർഗത്തിനായി ബ്രിട്ടീഷ് കോളനികളിലെ തോട്ടങ്ങളിലും മറ്റും ജോലി ചെയ്യാൻ നിർബന്ധിതരായി പലായനം ചെയ്തു. പതിനായിരക്കണക്കിന് തൊഴിലാളികളെ ബ്രിട്ടീഷ് കോളനികളിലേക്ക് അടിമപ്പണിക്കായി കയറ്റി അയച്ചു. ഈ കാലത്ത് ഉയർന്നുവരാൻ തുടങ്ങിയ പുതിയ വ്യവസായമേഖലകളിലേക്കും തൊഴിൽ തേടി ഈ വിഭാഗങ്ങൾ എത്തിക്കൊണ്ടിരുന്നു.

ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വ്യാപാര കുത്തകാവകാശം എടുത്തുകളയുന്നതുവരെ ഇന്ത്യയിൽനിന്ന് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കുത്തകാവകാശം നീക്കിയതോടെ ഇംഗ്ലണ്ടിൽ നിന്ന് ഇന്ത്യയിലേക്ക് ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ വൻതോതിലുള്ള ഇറക്കുമതി ആരംഭിച്ചു. ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾ വാണിജ്യ കേന്ദ്രങ്ങളിലും അസംസ്കൃത വസ്തുക്കൾ

ഉൾപ്പെടെ കയറ്റുമതി കേന്ദ്രങ്ങളിലും എത്തിക്കാൻ റെയിൽവെ ആരംഭിക്കുന്നത് ഈ ഘട്ട ത്തിലാണ്. സൈനികരെ വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയെന്ന ബ്രിട്ടന്റെ ലക്ഷ്യവും റെയിൽവെ ആരംഭിക്കുന്നതിനു പിന്നിലുണ്ടായിരുന്നു. റെയിൽപാളങ്ങളും മറ്റും നിർമ്മിക്കുന്നതിന് വലിയ തോതിൽ തൊഴിലാളികളെ ആവശ്യമായി വന്നു. റെയിൽ വെയുടെ ആവിർഭാവത്തോടെ കൽക്കരിയുടെ ആവശ്യം കുത്തനെ ഉയർന്നു. ഖനികളും കൽക്കരി വ്യവസായവും വ്യാപിച്ചു. 1770ലാണ് രാജ്യത്ത് കൽക്കരി നിക്ഷേപം കണ്ടെത്തി ഖനനമാരംഭിക്കുന്നത്. തുറമുഖങ്ങൾ വഴിയുള്ള കയറ്റുമതി വർധിച്ചതോടെ ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനും തുടക്കമായി. ധാന്യങ്ങൾ, പരുത്തി തുടങ്ങിയവയുടെ സംസ്കരണ ഫാക്ടറികളും ഇതോടൊപ്പം പേക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ വ്യവസായങ്ങളും ഉയർന്നുവന്നു. ചണ വ്യവസായത്തിനും ഈ കാലത്ത് തുടക്കം കുറിച്ചു. കൽക്കത്തയിൽ നിന്നു തുടങ്ങിയ ചണവ്യവസായം വളരെ വേഗം വ്യാപിച്ചു. 1818ൽ കൽക്കത്ത യിൽ ആദ്യ തുണിമിൽ സ്ഥാപിച്ചു. പിന്നീട് തുണിവ്യവസായം മുംബൈയിലേക്ക് കേന്ദ്രീകരിക്കാൻ തുടങ്ങി. 1854ലാണ് മുംബൈ യിൽ ആദ്യ തുണിമിൽ സ്ഥാപിക്കുന്നത്. പുതിയ വ്യവസായങ്ങൾ വളർന്നുവന്നതിന നുസരിച്ച് തൊഴിലാളികളുടെ എണ്ണവും വലിയതോതിൽ വർധിച്ചുകൊണ്ടിരുന്നു.

വ്യവസായവളർച്ചയോടൊപ്പം രാജ്യത്തെ സമ്പന്നരും വ്യവസായരംഗത്ത് പണം നിക്ഷേപിക്കാൻ തുടങ്ങുന്നത് ഈ കാലത്താണ്. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ഇന്നത്തെ മുംബൈ, കൊൽക്കത്ത, ചെന്നൈ നഗരങ്ങൾ കേന്ദ്രീകരിച്ച് വ്യവസായ-വാണിജ്യ സ്ഥാപനങ്ങളും അനുബന്ധസ്ഥാപനങ്ങളും വികസിക്കുകയും തൊഴിലാളികളുടെ എണ്ണം ഗണ്യമായി ഉയരുകയും ചെയ്തു. നഗരകേന്ദ്രീകൃതവും തുറമുഖകേന്ദ്രീകൃത വുമായാണ് ആദ്യകാലത്ത് തൊഴിലാളി പ്രസ്ഥാനം രൂപപ്പെടാൻ തുടങ്ങിയത്. 1905ലെ ബംഗാൾ വിഭജനത്തെതുടർന്ന് വിദേശവസ് ത്രങ്ങളും ഉൽപ്പന്നങ്ങളും ബഹിഷ്കരിക്കാനുള്ള ദേശീയപ്രസ്ഥാനത്തിന്റെ ആഹ്വാനം ഇന്ത്യയുടെ തനത് വ്യവസായവളർച്ചയ്ക്ക് സഹായകമായി. വ്യവസായ, ബാങ്കിങ്, ഇൻഷുറൻസ് മേഖലകളിലേക്ക് ഇന്ത്യയിലെ മുതലാളിത്തം കടന്നുവരുന്നതും ഈ കാലത്താണ്. ഒന്നാം ലോകയുദ്ധം ആരംഭിച്ചശേഷം യുദ്ധവുമായി ബന്ധപ്പെട്ട വ്യവസായമേഖലയും വളർന്നു. വ്യവസായ-വാണിജ്യമേഖലകളും അനുബന്ധ വ്യവസായങ്ങളും വർധിക്കുംതോറും ഇവിടങ്ങളിലേക്ക് കൂടുതൽ തൊഴിലാളികളെ ആവശ്യമായി വന്നു.

വ്യവസായശാലകൾ അടക്കമുള്ള തൊഴിൽ സ്ഥാപനങ്ങൾ കൊള്ളലാഭം മാത്രമാണ് ലക്ഷ്യമാക്കിയിരുന്നത്. മുതലാളിത്തത്തി ന്റെ ലാഭക്കൊതി തൊഴിലാളികളെ ക്രൂരമായ ചൂഷണത്തിനിരകളാക്കി. തൊഴിൽനിയമങ്ങളോ തൊഴിലെടുപ്പിക്കുന്നതു സംബന്ധിച്ച എന്തെങ്കിലും മാർഗനിർദ്ദേശങ്ങളോ ഉണ്ടായിരു ന്നില്ല. ബാലവേല വ്യാപകമായിരുന്നു. തുച്ഛമായ കൂലിക്ക് അടിമവേല ചെയ്യിക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. കൂലിക്കു പുറമെ ഒരാനുകൂല്യവും തൊഴിലാളിക്ക് ലഭിച്ചില്ല. നിയമപരമായോ അല്ലാതെയോ തൊഴിലാളിക്ക് ഒരു വിധത്തിലുള്ള സംരക്ഷണവും ഉണ്ടായിരുന്നില്ല. ദിവസം ശരാശരി 16 മണിക്കൂർ വരെ കഠിനമായി ജോലിചെയ്യാൻ തൊഴിലാളി നിർബന്ധിതനായി. തുച്ഛമായ കൂലിയും കഠിനാധ്വാനവും കൊണ്ട് തളരുന്ന തൊഴിലാളിയും കുടുംബാംഗങ്ങളും ദുരിതപൂർണമായ ജീവിതസാഹചര്യങ്ങളാണ് നേരിട്ടത്. മനുഷ്യത്വരഹിതമായിരുന്നു തൊഴിലാളികളോ ടുള്ള സമീപനം. ഇടുങ്ങിയ ഒറ്റമുറികളായിരുന്നു അവരുടെ വാസസ്ഥലം. വ്യവസായ കേന്ദ്രങ്ങളായി വളർന്ന നഗരങ്ങളിലെ പതിനായിരക്കണക്കിനു തൊഴിലാളികളും കുടുംബാംഗങ്ങളും ദയനീയമായ ജീവിതമാണ് നയിച്ചിരുന്നത്. മൃഗീയചൂഷണത്തിനിരകളായി തൊഴിലാളികളും കുടുംബാംഗങ്ങളും നരകയാതന അനുഭവിക്കുമ്പോൾ മുതലാളി മാരുടെ ലാഭം കുമിഞ്ഞുകൂടുകയായിരുന്നു. ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സമൂഹത്തിൽ ഉയർന്നുവരുന്നത്. പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും തൊഴിലാളികളുടെ ദുരിതം സമൂഹശ്രദ്ധയിൽ കൊണ്ടുവരാൻ 1890ൽ ബോംബെ മിൽ തൊഴിലാളി അസോസിയേഷൻ രൂപീകരിച്ചു. ഇതിന്റെ തുടർച്ചയായി ഉച്ചയ്ക്ക് അരമണിക്കൂർ ഇടവേളയും ഞായറാഴ്ചകളിൽ അവധിയും വേണമെന്ന ആവശ്യം തൊഴിലാളികളിൽ

നിന്നുയർന്നു. കടുത്ത ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന തൊഴിലാളികൾ ഇതിനിടെ ഒറ്റപ്പെട്ട രീതിയിലാണെങ്കിലും ചൂഷണത്തിനെതിരെ ശബ്ദമുയർത്താൻ തുടങ്ങി. ഇതിന്റെ തുടർച്ചയായി കോളനി വാഴ്ചയ്ക്കെതിരായ ശബ്ദവും അവരിൽ നിന്നുയർന്നു.

വ്യവസായത്തൊഴിലാളികളുടെ ആദ്യ പണിമുടക്ക് നടന്നത് 1862ൽ റെയിൽവേ മേഖലയിലായിരുന്നു എന്നാണ് കരുതുന്നത്. ഹൗറ റെയിൽവെസ്റ്റേഷനിലെ തൊഴിലാളികൾ ജോലിസമയം എട്ടു മണിക്കൂറായി നിജപ്പെടുത്തണമെന്നാവശ്യപ്പെട്ടു നടത്തിയ പണിമുടക്കാണത്. കൂലിയും ജോലിസാഹചര്യങ്ങളും സംബന്ധിച്ച് ഒറ്റപ്പെട്ട ചില പണിമുടക്കുകൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി നടന്നിട്ടുണ്ട്. ഇവയ്ക്കൊന്നും തന്നെ സംഘടിതമായ സ്വഭാവമുണ്ടായിരുന്നില്ല. എന്നാൽ, പേരിനെങ്കിലും തൊഴിൽ നിയമങ്ങൾ കൊണ്ടുവരാൻ ഈ പണിമുടക്കുകൾ ബ്രിട്ടീഷ് ഗവൺമെന്റിനെ പ്രേരിപ്പിച്ചു. മാത്രമല്ല, സംഘടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തൊഴിലാളികൾ പതുക്കെയാണെങ്കിലും ബോധവാന്മാരാകുന്നതിന് ഈ പണിമുടക്കുകൾ കാരണമായി. 1905ൽ കഴ്സൺ പ്രഭു ബംഗാൾ വിഭജനം നടപ്പാക്കിയതിനെതിരെ ശക്തമായ രോഷമുയർന്നു. ബംഗാൾ വിഭജനം പ്രഖ്യാപിക്കുന്ന ഗസറ്റ് അച്ചടിക്കാൻ കൽക്കത്ത ഗവ. പ്രസ് ജീവനക്കാർ വിസമ്മതിച്ചു. സ്വദേശി പ്രസ്ഥാനവും വിദേശവസ്തുക്കൾ ബഹിഷ്കരിക്കാനുള്ള ആഹ്വാനവും സാമ്രാജ്യത്വവിരുദ്ധ മുന്നേറ്റമായി. തൊഴിലാളികൾ വലിയതോതിൽ ഇതിലേക്ക് ആകർഷിക്കപ്പെട്ടു. തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് ദേശീയപ്രസ്ഥാനം പിന്തുണ നൽകി. ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിനങ്ങൾ നിഷേധിക്കുന്നതിനെതിരെ കൽക്കത്ത ഇന്ത്യാ ഗവൺമെന്റ് പ്രസ് തൊഴിലാളികൾ ഒരുമാസം നീണ്ട പണിമുടക്ക് സംഘടിപ്പിക്കുകയും ഇതിനു തുടർച്ചയായി ബംഗാൾ പ്രസ് വർക്കേഴ്സ് യൂണിയൻ രൂപീകൃതമാവുകയും ചെയ്തു. ബംഗാൾ സെക്രട്ടറിയറ്റ് പ്രസ് തൊഴിലാളികളും ഇതിൽ അംഗങ്ങളായിരുന്നു. 1906 ആഗസ്തിൽ ബോംബെയിലെ പോസ്റ്റ്മാൻമാർ ഒരാഴ്ച പണിമുടക്കി. ഈ കാലത്ത് നിരവധി തൊഴിലാളി സമരങ്ങളാണ് രാജ്യത്തിന്റെ പലഭാഗങ്ങളിലായി നടന്നത്. ശമ്പള വർധനയും



മെച്ചപ്പെട്ട ജോലിസാഹചര്യവും ഉറപ്പാക്കണമെന്നും വർണവിവേചനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് 1906ൽ ബംഗാളിലെ റെയിൽവെ തൊഴിലാളികൾ നടത്തിയ പണിമുടക്കും ചണമിൽ, ഖനി തൊഴിലാളികളുടെ പണിമുടക്കുകളും ഉൾപ്പെടെയുള്ള തൊഴിലാളി മുന്നേറ്റങ്ങൾ സംഘടിതതൊഴിലാളിവർഗ പ്രസ്ഥാനം രൂപം കൊള്ളുന്നതിലേക്കെത്തിയ തുടർപ്രക്രിയയിലെ നാഴികക്കല്ലുകളായി കണക്കാക്കപ്പെടുന്നു. രാഷ്ട്രീയ ആവശ്യം ഉയർത്തിയുള്ള ആദ്യ തൊഴിലാളിമുന്നേറ്റത്തിന് 1908ൽ രാജ്യം സാക്ഷ്യംവഹിച്ചു. രാജ്യദ്രോഹക്കുറ്റം ചുമത്തി ബാലഗംഗാധര തിലകനെ ജയിലലടച്ചതിന് എതിരെയായിരുന്നു പണിമുടക്ക്. ആറു വർഷത്തെ തടവിനാണ് അദ്ദേഹത്തെ ശിക്ഷിച്ചത്. ഇതിൽ പ്രതിഷേധിച്ച് തൊഴിലാളികൾ ആറു ദിവസം പണിമുടക്കി. ഇന്ത്യയിലെ തൊഴിലാളിവർഗം രാഷ്ട്രീയ-ബഹുജനപ്രക്ഷോഭത്തിലേക്ക് വളർന്നതിന്റെ പ്രഖ്യാപനമായാണ് ഈ പണിമുടക്കിനെ ലോകം കണ്ടത്. റെയിൽവെ, ഉരുക്ക്, ചണം, ടെക്സ്റ്റൈൽ വ്യവസായമേഖലനകളിൽ പലഘട്ടങ്ങളിലായി ചെറുതും വലുതുമായ പണിമുടക്കുകൾ നടന്നു.

ഒന്നാം ലോകയുദ്ധം  ഇന്ത്യയിലെ മുതലാളിത്ത വികസനത്തിന്റെ പാത കൂടുതൽ വിപുലമാക്കി. യുദ്ധത്തെതുടർന്ന് വ്യവസായ ഉൽപ്പന്നങ്ങളുടെയും യുദ്ധോപകരണങ്ങളുടെയും ഇറക്കുമതി നിലച്ചതോടെ ഇന്ത്യയിൽ ഉൽപ്പാദനം വർധിപ്പിക്കുകയും അതിനാവശ്യമായ കൂടുതൽ തൊഴിലാളികൾ തൊഴിൽ മേഖലയിൽ എത്തുകയും ചെയ്തു. 1920ൽ മുംബൈയിൽ 15 ടെക്സ്റ്റൈൽ ഫാക്ടറികളിലെ തൊഴിലാളികൾ അവകാശപത്രിക ഉയർത്തി ഒരു മാസം നീണ്ട പണിമുടക്ക് സംഘടിപ്പിച്ചു. ഈ കാലത്ത് വിവിധ തൊഴിൽമേഖലകൾ കേന്ദ്രീകരിച്ച് തൊഴിലാളി യൂണിയനുകൾ രൂപം കൊണ്ടു തുടങ്ങിയിരുന്നു. ഇതിനൊന്നും ഏകീകൃത സ്വഭാവമുണ്ടായിരുന്നില്ല. എന്നാൽ, തൊഴിലാളികൾ സംഘടിക്കുന്നത് തടയാൻ ശക്തമായ നീക്കങ്ങളുണ്ടായി. 1920ലാണ് ആദ്യത്തെ കേന്ദ്രട്രേഡ്യൂണിയൻ രൂപീകൃതമാകുന്നത്. വിവിധ മേഖലകളിലെ ട്രേഡ് യൂണിയൻ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നവർ ബോംബെയിൽ യോഗം ചേർന്ന് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപീകരിക്കാൻ തീരുമാനിക്കുകയും 1920 ഒക്ടോബറിൽ എ.ഐ.ടി.യു.സി. രൂപംകൊള്ളുകയും ചെയ്തു.

തൊഴിലാളികളെ വർഗം എന്നനിലയിൽ സംഘടിപ്പിക്കാനും മറ്റു രാജ്യങ്ങളിലെ പ്രത്യേകിച്ച് റഷ്യയിലെ തൊഴിലാളികളുമായി ഐക്യദാർഢ്യം സ്ഥാപിക്കുന്നതിനും സ്വരാജിനായുള്ള പോരാട്ടങ്ങളിൽ പങ്കെടുക്കാനും സമ്മേളനം തൊഴിലാളികളോട് ആഹ്വാനം ചെയ്തു. ഈ കാലത്ത് കമ്മ്യൂണിസ്റ്റ് ആശയങ്ങൾ സമൂഹത്തിൽ വ്യാപകമാവുകയും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് കമ്മ്യൂണിസ്റ്റ് ആശയഗതിക്കാർ മുന്നിട്ടിറങ്ങുകയും ചെയ്തു. ഇതോടെ തൊഴിലാളി സമരങ്ങൾ കൂടുതൽ കരുത്താർജ്ജിച്ചു. കടന്നാക്രമണങ്ങളെ ഭയക്കാതെ ചെറുത്തുനിൽക്കാൻ തൊഴിലാളികൾ മുന്നോട്ടുവരാൻ തുടങ്ങി. ഇതോടൊപ്പം ഒരുവശത്ത് വർഗസമരം എന്ന ആശയത്തിനെതിരായ കാഴ്ചപ്പാടും ശക്തിപ്പെട്ടു. തൊഴിലാളികൾ വർഗാടിസ്ഥാനത്തിൽ സംഘടിതശക്തിയായി ഉയർന്നുവരുന്നത് ഭരണകൂടത്തെ അസ്വസ്ഥമാക്കി. ഇതോടെ അടിച്ചമർത്തൽ നടപടികളും ശക്തമായി. ട്രേഡ് യൂണിയൻ നേതാക്കൾക്കെതിരായ മീററ്റ് ഗൂഢാലോചനകേസ് ഉൾപ്പെടെ ഒട്ടേറെ സംഭവങ്ങൾ ചരിത്രത്തിന്റെ ഭാഗമായി. ഇതിനിടയിൽ കമ്മ്യൂണിസ്റ്റ് അനുഭാവമുള്ളവരെയും യൂണിയനുകളെയും അഫിലിയേറ്റ് ചെയ്യരുതെന്ന വ്യവസ്ഥ ഉൾപ്പെടെ വെച്ച് എ.ഐ.ടി.യു.സി.യിൽനിന്ന് ഒരു വിഭാഗം പുതിയ സംഘടനയ്ക്ക് രൂപംനൽകി. തൊഴിലാളിപ്രസ്ഥാനത്തിൽ വലതുപക്ഷ പ്രത്യയശാസ്ത്രത്തിന്റെ ആവിർഭാവമായാണ് ഇത് വിലയിരുത്തപ്പെടുന്നത്. ആശയപരമായ ഭിന്നിപ്പുകളെ തുടർന്ന് 1930 ഓടെ മൂന്ന് ട്രേഡ് യൂണിയൻ കേന്ദ്രങ്ങൾ നിലവിൽ വന്നു. തൊഴിലാളിമുന്നേറ്റങ്ങൾ സംഘടിതവ്യവസായകേന്ദ്രങ്ങളിൽ മാത്രമായി നിൽക്കാതെ മുഴുവൻ വ്യവസായമേഖലകളിലേക്കും വ്യാപിച്ചുകൊണ്ടിരുന്നു. രണ്ടാം ലോകയുദ്ധം ആരംഭിച്ചതോടെ യുദ്ധവിരുദ്ധ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ തൊഴിലാളികളും അണിനിരന്നു. ഫാസിസ്റ്റുകൾ സോവിയറ്റ് യൂണിയനെ ആക്രമിച്ചതോടെ പുതിയ ലോകസാഹചര്യം രൂപപ്പെട്ടു. ഫാസിസത്തിന്റെ പരാജയം ഇന്ത്യ ഉൾപ്പെടെയുള്ള കോളനിരാജ്യങ്ങളിലെ ദേശീയവിമോചന മുന്നേറ്റങ്ങൾക്ക് ശക്തിപകരുമെന്ന അഭിപ്രായം വ്യാപകമായി. തൊഴിലാളികളെ

ഭിന്നിപ്പിക്കാനും അടിച്ചമർത്താനും കടുത്ത നീക്കങ്ങൾ തന്നെ ഉണ്ടായി. എന്നാൽ, തൊഴിലാളികളുടെ സമരശേഷി തകർക്കാനായില്ല. കമ്പിത്തപാൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും സമരം ലോകയുദ്ധാനന്തരം ഇന്ത്യയിൽ നടന്ന തൊഴിലാളി മുന്നേറ്റങ്ങളിൽ പ്രധാനമാണ്.

1947ലെ എ ഐ ടി യു സി കൽക്കത്ത സമ്മേളനം ഉൽപ്പാദനോപകരണങ്ങൾ സ്വകാര്യ ഉടമസ്ഥതയിലായിരിക്കുന്ന, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായത്തിന് അറുതിവരുത്തുന്ന ഭരണകൂടം സ്ഥാപിക്കുകയാണ് തൊഴിലാളിവർഗത്തിന്റെ ലക്ഷ്യമെന്ന് പ്രമേയത്തിലൂടെ പ്രഖ്യാപിച്ചു. സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി., എച്ച്.എം.എസ്., ബി.എം.എസ്. തുടങ്ങി ദേശീയ സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യത്തിനു ശേഷവും കൂടുതൽ ട്രേഡ് യൂണിയനുകൾ രാജ്യത്ത് രൂപം കൊള്ളുകയുണ്ടായി. ഭരണകൂടത്തോട് തൊഴിലാളിവർഗം പുലർത്തേണ്ട സമീപനം സംബന്ധിച്ച ശക്തമായ നിലപാട് ഉയർത്തിപ്പിടിച്ചാണ് സി.ഐ.ടി.യു. രൂപം കൊള്ളുന്നത്.

ദേശീയസ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്കാളിത്തം വഹിച്ചവരാണ് തൊഴിലാളികൾ. ദേശീയപ്രസ്ഥാനത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടാണ് തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അന്തസ്സായ ജീവിതസാഹചര്യങ്ങൾക്കും വേണ്ടി രംഗത്തിറങ്ങിയത്. എന്നാൽ, തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നയവും സമീപനങ്ങളുമല്ല ഭരണകൂടങ്ങളിൽ നിന്നുണ്ടായത്. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുന്നതിനും നിലനിൽപ്പിനുമായി തൊഴിലാളികൾക്ക് നിരന്തരം പോരാടേണ്ടിവരികയാണ്. പുത്തൻ സാമ്പത്തികനയത്തിന്റെ ഭാഗമായ ഉദാരവൽകരണവും സ്വകാര്യവൽകരണവും ആഗോളവൽകരണവും ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിലും ട്രേഡ് യൂണിയനുകളുടെ ചരിത്രത്തിലും പുതിയ ഒരു ഘട്ടത്തിന് തുടക്കം കുറിച്ചു. പൊതുമേഖലയെ തുടച്ചുനീക്കാനുള്ള ശ്രമങ്ങളാണ് ഏറെക്കാലമായി നടക്കുന്നത്. ഈ നയം അതിഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. തൊഴിൽമേഖലയും കാർഷിക മേഖലയും വൻ തകർച്ചയെ



**ദേശീയ സ്വാതന്ത്ര്യസമരത്തിൽ നിർണായക പങ്കാളിത്തം വഹിച്ചവരാണ് തൊഴിലാളികൾ. ദേശീയപ്രസ്ഥാനത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടാണ് തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അന്തസ്സായ ജീവിതസാഹചര്യങ്ങൾക്കും വേണ്ടി രംഗത്തിറങ്ങിയത്. എന്നാൽ, തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നയവും സമീപനങ്ങളുമല്ല ഭരണകൂടങ്ങളിൽ നിന്നുണ്ടായത്.**

അഭിമുഖീകരിക്കുന്നതാണ് സമകാലിക സാഹചര്യം. തൊഴിൽ മേഖലകളിൽനിന്ന് ലക്ഷക്കണക്കിന് തൊഴിലാളികൾ പുറന്തള്ളപ്പെടുകയും ഉപജീവനമാർ ഗം തേടി അവർ വിവിധ ഭാഗങ്ങളിലേക്ക് പലായനം ചെയ്യുകയുമാണ്. കാർഷികത്തകർച്ച കൃഷിക്കാരുടെ ജീവിതം ആശങ്കയിലാഴ്ത്തിയിരിക്കുന്നു. തൊഴിലാളി താൽപര്യങ്ങൾക്കും രാജ്യസുരക്ഷക്കും എതിരായ ഉദാരവൽകരണ സാമ്പത്തിക നയത്തിനും ഇതിന്റെ ചുവടുപിടിച്ച് അടിച്ചേൽപ്പിക്കുന്ന ജനവിരുദ്ധനടപടികൾ ക്കുമെതിരെ വിപുലമായ യോജിപ്പിന്റെയും പ്രക്ഷോഭ ത്തിന്റെയും പാതയിലാണ് തൊഴിലാളിവർഗം. ഉദാര വൽ കരണനയങ്ങൾക്കെതിരെ 1991 നവംബർ 21 ന് കേന്ദ്രട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ ദേശീയപണിമുടക്ക് സംഘടിപ്പിച്ചു. തുടർന്നിങ്ങോട്ട് തൊഴിലാളിവർഗത്തിന്റെ ഐതിഹാസികമായ മുന്നേറ്റങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുകയാണ്.

തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും 12 നിയമങ്ങൾ റദ്ദാക്കിയും രൂപംനൽകിയ നാല് ലേബർ കോഡുകൾ ഇന്ത്യയിലെ തൊഴിലാളിവർഗത്തിനുനേരെ കടുത്ത വെല്ലുവിളികൾ ഉയർത്തുന്നു. വേജ് കോഡ്, വ്യവസായബന്ധ കോഡ്, സാമൂഹ്യസുരക്ഷാ കോഡ്, ഓക്യുപ്പേഷണൽ സേഫ്റ്റി ഹെൽത്ത് ആന്റ് വർക്കിങ് കണ്ടീഷൻസ് കോഡ് എന്നിവ



കോർപറേറ്റുകൾ അടക്കമുള്ള ഉടമകളുടെ താൽപര്യ സംരക്ഷണം മാത്രമാണ് ലക്ഷ്യമാക്കുന്നത്. ദീർഘമായപോരാട്ടങ്ങളിലൂടെ തൊഴിലാളികൾ നേടിയെ ടുത്ത എട്ടുമണിക്കൂർ ജോലി ഉൾപ്പെടെയുള്ള നിയമപരമായ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു. സ്വാതന്ത്ര്യസമരകാലത്തെ അനുസ്മരിപ്പിക്കുംവിധം രാജ്യത്ത് കർ ഷകരുടെയും തൊഴിലാളികളുടെയും ബഹുജനങ്ങളുടെയും വിശാ ലമായ യോജിപ്പും പ്രക്ഷോഭങ്ങളും ഉയർന്നുവരികയാണ്.

ആശങ്ക ഉയർത്തുന്ന ഈ ദേശീയസാഹചര്യത്തിലാണ് കേരളം തൊഴിലാളിപക്ഷ ബദലിന്റെ മാതൃകയാകുന്നത്. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുകയും തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുകയും ചെയ്യുന്നു. രാജ്യത്ത് ഏറ്റവും ഉയർന്ന മിനിമം വേതനം നിലവിലുള്ള സംസ്ഥാനമാണ് കേരളം. പുതിയ തൊഴിൽ നയത്തിന്റെ അടിസ്ഥാനത്തിൽ മാതൃകാപരമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ഇരിപ്പിടം അവകാശമാക്കിയതും അൺഎയ്ഡഡ് വിദ്യാഭ്യാസമേഖലയിലും മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് ബാധകമാക്കിയതും ഉൾപ്പെടെ തൊഴിലാളി കളുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന ഒട്ടേറെ നിയമ നിർമ്മാണങ്ങൾ കൊണ്ടുവന്നു. അതിഥിത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധികൾ മുഖേന സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തി. വികസനപ്രക്രിയയുടെ നിർണായക ഘടകമായ തൊഴിലാളികളുടെ സംരക്ഷണം പരമപ്രധാനമായ ഉത്തരവാദിത്വമായാണ് കേരള ഗവൺമെന്റ് കാണുന്നത്.



# ദേശീയ ട്രേഡ് യൂണിയൻ രൂപീകരണത്തിന്

# 100 വയസ്

**എളമരം കരീം**



ഇന്ത്യയിൽ ആദ്യത്തെ ദേശീയ ട്രേഡ് യൂണിയൻ 'ആൾ ഇന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്'- (എ.ഐ.ടി.യു.സി) രൂപംകൊണ്ടതിന്റെ 100-ാം വാർഷികമായിരുന്നു 2020. അതിനു മുമ്പുതന്നെ ബ്രിട്ടീഷ് ഭരണകാലത്ത് രാജ്യത്തിന്റെ പലഭാഗത്തും ട്രേഡ് യൂണിയനുകൾ രൂപം കൊണ്ടിരുന്നു. അടിമസമാനമായ തൊഴിൽ സാഹചര്യങ്ങൾക്കെതിരെ നിരവധി സമരം അക്കാലത്ത് ഉയർന്നുവരികയുണ്ടായി. എ.ഐ.ടി.യു.സി. രൂപീകരണത്തോടെ ദേശീയതലത്തിൽ തൊഴിലാളി വർഗ്ഗം ഒരു വലിയ ശക്തിയായി മാറി.

തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച ആവശ്യങ്ങൾ ഉയർത്തി, ട്രേഡ് യൂണിയനുകൾ നടത്തുന്ന പ്രക്ഷോഭങ്ങളിൽ, ദേശീയ സ്വാതന്ത്ര്യം പ്രധാന വിഷയമായി. ബ്രിട്ടീഷ് സാമ്രാജ്യത്വത്തി നെതിരായ ദേശീയ സമരങ്ങളിൽ, ഇന്ത്യൻ തൊഴിലാളി വർഗ്ഗം നിർണ്ണായക പങ്കുവഹിച്ചു. 1946-ലെ പുന്നപ്ര-വയലാർ സമരം, ബോംബെ നാവിക കലാപത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ പണിമുടക്ക് തുടങ്ങിയവ എടുത്തുപറയേണ്ടതാണ്. ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ, ഏതാനും തൊഴിൽ നിയമങ്ങൾ രൂപീകരിക്കാൻ ഭരണാധികാരികളെ സന്നദ്ധമാക്കിയത് തൊഴിലാളികൾ നടത്തിയ ധീരോദാത്തമായ സമരങ്ങളായിരുന്നു.

1917 ൽ തൊഴിലാളിവർഗ്ഗം റഷ്യയിൽ ഭരണാധികാരം പിടിച്ചെടുത്ത് സോവിയറ്റ് യൂണിയൻ എന്ന സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിച്ചു. ഈ സംഭവം ലോകത്താകെയുള്ള തൊഴിലാളിപ്രസ്ഥാനങ്ങളെ ആവേശം കൊള്ളിച്ചു. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം തൊഴിലാളിവർഗ്ഗം കരുത്തുറ്റ ഒരു വിഭാഗമായി മാറി. മുതലാളിത്ത ചൂഷണം അവസാനിപ്പിച്ച് സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കണമെന്ന അഭിവാഞ്ഛ ലോകത്തെങ്ങുമുള്ള തൊഴിലാളികളിൽ ഉയർന്നുവന്നു. 1920-ൽ ദേശീയ ട്രേഡ് യൂണിയൻ രൂപംകൊള്ളാൻ ഇന്ത്യയിൽ സാഹചര്യമൊരുങ്ങിയത് ഈ പശ്ചാത്തലത്തിലാണ്.

രണ്ടാം ലോക മഹായുദ്ധാനന്തരം സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് ലോകം ഒരു കരുത്തുറ്റ ചേരിയായി മാറി. ഇന്ത്യയിലും അതിന്റെ അലയൊലികൾ രൂപംകൊണ്ടു. തൊഴിലാളി വർഗ്ഗ സമരങ്ങൾ രാജ്യത്താകെ ആളിപ്പടർന്നു. ദേശീയ പണിമുടക്കുകൾ നടത്താൻ തൊഴിലാളിവർഗ്ഗം കരുത്തുനേടി.

1974 ലെ റെയിൽവേ തൊഴിലാളി പണിമുടക്ക് ഇന്ത്യാ ചരിത്രത്തിൽ സുപ്രധാനമായ ഒരദ്ധ്യായമാണ്. സർക്കാരിന്റെ അടിച്ചമർത്തലുകളെ തൊഴിലാളികൾ സധൈര്യം നേരിട്ടു. ഒടുവിൽ ജനാധിപത്യ പൗരാവകാശങ്ങളെല്ലാം നിഷേധിക്കുന്ന 'അടിയന്തരാവസ്ഥ' പ്രഖ്യാപിച്ചാണ് കേന്ദ്ര ഭരണകൂടം തൊഴിലാളികളെ വെല്ലുവിളിച്ചത്. 'നാവടക്കൂ - പണിയെടുക്കൂ' എന്ന മുദ്രാവാക്യം ഉയർത്തിയത് അക്കാലത്താണ്. ഇന്ത്യൻ തൊഴിലാളികൾ നേടിയെടുത്ത അവകാശങ്ങൾക്കു നേരെ കേന്ദ്ര സർക്കാർ കടുത്ത വെല്ലുവിളി ഉയർത്തി. അതിന്റെയൊന്നും മുമ്പിൽ ഇന്ത്യൻ തൊഴിലാളി വർഗ്ഗം മുട്ടുമടക്കിയില്ല.

1991 മുതൽ ആഗോളവൽകരണനയങ്ങൾ നടപ്പാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. പൊതുമേഖലാ സ്വകാര്യവൽകരണം, വിദേശ മൂലധനത്തിന് അമിതമായ സ്വാതന്ത്ര്യം, ഇറക്കുമതി ഉദാരവൽകരണം തുടങ്ങിയ ദേശവിരുദ്ധ നയങ്ങൾ നടപ്പാക്കിത്തുടങ്ങി.

വിനാശകരമായ ആഗോളവൽകരണ നയങ്ങൾക്കെതിരെ, ഇന്ത്യൻ തൊഴിലാളികൾ ഒറ്റക്കെട്ടായി ചെറുത്തു നിൽപ്പാരംഭിച്ചു. 1991 നു ശേഷം നിരവധി ദേശീയ പണിമുടക്കുകൾ സംഘടിപ്പിച്ചു. ആഗോളവൽകരണ നയങ്ങൾക്കെതിരെ ലോകമാസകലം അനവധി തൊഴിലാളി സമരങ്ങൾ ഉയർന്നു വരികയുണ്ടായി.

വർത്തമാനകാലത്ത്, രാജ്യം ഭരിക്കുന്ന കേന്ദ്ര സർക്കാർ, ഉദാരവൽകരണ-സ്വകാര്യവൽകരണ നയങ്ങൾ ശീഘ്രഗതിയിൽ നടപ്പാക്കുകയാണ്. കോർപ്പറേറ്റുകളുടെ സമ്മർദ്ദത്തിനു വഴങ്ങി 29 തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തു. സംഘടന രൂപീകരിക്കാനും കൂട്ടായ വിലപേശലിനുമുള്ള തൊഴിലാളികളുടെ അവകാശം കവർന്നെടുക്കപ്പെട്ടു.

തൊഴിലെടുക്കുന്നവരെ നിരായുധരാക്കി. മുതലാളിത്ത ചൂഷണത്തിന് എറിഞ്ഞു കൊടുക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തേണ്ട കാലമാണിത്. ഇന്ത്യയിലെ ദേശീയ ട്രേഡ് യൂണിയൻ രൂപീകരണത്തിന്റെ 100-ാം വാർഷിക സ്മരണ, തൊഴിലാളിവർഗ്ഗ പോരാട്ടങ്ങൾക്ക് കരുത്തുപകരും.





# ഇന്ത്യയിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളുടെ പ്രാരംഭദശ




വി. ശിവൻകുട്ടി
ചെയർമാൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്


പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെയാണ് ഇന്ത്യയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത്. നാണ്യവിളകൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങൾ, ഖനികൾ, റെയിൽവെ വാർത്താവിനിമയ സംവിധാനങ്ങൾ എന്നിവയുടെ ആവിർഭാവത്തോടെ ഇന്ത്യയിൽ മുതലാളിവർഗ്ഗം നിലയുറപ്പിച്ചു. ഇതിനു സമാന്തരമായി തൊഴിലാളിവർഗ്ഗവും ഉയർന്നുവന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ വ്യവസായവളർച്ച ദ്രുതഗതിയിലാണ് മുന്നോട്ടു പോയത്. എല്ലാ വ്യവസായങ്ങളുടെയും സുഗമമായ നടത്തിപ്പിന് റെയിൽവേ ഒരനിവാര്യഘടകമായി വന്നതോടെയാണ് ആധുനിക ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം ശക്തിപ്പെടാൻ തുടങ്ങിയത്. ഇറക്കുമതി ചെയ്യുന്ന വിദേശഉൽപ്പന്നങ്ങൾ രാജ്യത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിലെത്തിക്കാനും കയറ്റുമതി ചെയ്യാനുള്ള അസംസ്കൃതവസ്തുക്കൾ തുറമുഖത്തെത്തി ക്കാനും അതിലുപരി ബ്രിട്ടീഷ് പട്ടാളത്തിന്റെ നീക്കങ്ങൾ സുഗമമാക്കാനും ലക്ഷ്യമിട്ടു തുടങ്ങിയ റെയിൽവെ നിർമ്മാണത്തിന് ലക്ഷക്കണക്കിന് തൊഴിലാളികൾ ആവശ്യമായിവന്നു. ഇതിന് ആനുപാതികമായി കൽക്കരി വ്യവസായവും ഉരുക്കു വ്യവസായവും വളർന്നുവന്നു. ഇവിടെയും തൊഴിലാളികളെ വൻതോതിൽ ആവശ്യമായി വന്നു.

തൊഴിലാളിവർഗ്ഗ ബാഹുല്യത്തിന്റെ രണ്ടാം ഘട്ടം തുടങ്ങുന്നത് റെയിൽവെയും കപ്പൽ ഗതാഗതവും വളർന്നു വികസിച്ചതോടെയാണ്. സ്വാഭാവികമായും കയറ്റുമതിയും ഇറക്കുമതിയും പതിന്മടങ്ങു വർദ്ധിച്ചു. കയറ്റുമതിയുമായി ബന്ധപ്പെട്ട് നിരവധി അനുബന്ധസ്ഥാപനങ്ങൾ ഉയർന്നു വന്നു. റൈസ്മിൽ, പാക്കിംഗ്, പരുത്തികടയൽ തുടങ്ങിയവ ഉദാഹരണം. ഈ അനുബന്ധ വ്യവസായങ്ങളും കൂടിയായപ്പോൾ തൊഴിലാളിവർഗ്ഗം എണ്ണത്തിൽ പെരുകി.

തൊഴിലാളി വർഗ്ഗമുന്നേറ്റത്തിന് ഇടയായ മറ്റൊരു മേഖല കാർഷികരംഗമായിരുന്നു. വ്യാവസായികാവശ്യത്തിനായുള്ള ഉൽപ്പാദനത്തിലേക്ക് കാർഷികമേഖല മാറിയതോടെ പലതരത്തിലുള്ള തോട്ടങ്ങൾക്കായി ഇന്ത്യയുടെ മണ്ണ് വഴിമാറി കൊടുക്കുന്ന ഒരു ചരിത്രസന്ധി ഉണ്ടായപ്പോൾ കർഷകർ പകുതിയും കർഷകത്തൊഴിലാളികളായി മാറി. റബ്ബർ, കാപ്പി, ചായ, ഏലം, കവുങ്ങ്, കശുവണ്ടി, കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്കായി തോട്ടങ്ങൾ ഉടലെടുത്തു. 1939-ൽ ആസാമിലായിരുന്നു ആദ്യത്തെ ചായത്തോട്ടങ്ങൾ ആരംഭിച്ചത്.

തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിന്റെ മറ്റൊരു സുപ്രധാനഘട്ടം ഉണ്ടായത് ചണം-തുണി നെയ്ത്ത് വ്യവസായം വളർന്നുവന്നതോടെയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബോംബെ, കൽക്കത്ത, മദിരാശി തുടങ്ങിയ നഗരങ്ങൾക്കുണ്ടായ വിസ്മയകരമായ വളർച്ചയ്ക്കു പിന്നിൽ തുണിവ്യവസായമായിരുന്നു.

1914-ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോഴേക്കും ഇന്ത്യയിൽ വ്യവസായയുഗം എത്തിക്കഴിഞ്ഞിരുന്നു. യുദ്ധാനുബന്ധവ്യവസായവും ഇറക്കുമതിയും കയറ്റുമതിയുമെല്ലാം അതിവേഗം വളർന്നു.

ഈ ഘട്ടത്തിൽ ഇന്ത്യയിലെ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം 26 ലക്ഷമാണെന്ന് 1921-ലെ വ്യവസായ സെൻസസ് വെളിപ്പെടുത്തുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധകാലമായപ്പോഴേക്കും ഈ സംഖ്യ 35 ലക്ഷമായി ഉയർന്നു. ചുരുക്കത്തിൽ ഇന്ത്യയിലെ വ്യാവസായിക വളർച്ചയ്ക്ക് സമാന്തരമായി തൊഴിലാളികളുടേതായ ഒരു വർഗ്ഗശക്തി നിശ്ശബ്ദം ഉയർന്നുകഴിഞ്ഞിരുന്നു.

ഇന്ത്യയിൽ അരക്കോടിയോളം തൊഴിലാളികൾക്ക് വ്യവസായ മേഖല ഇടം കൊടുത്തുവെങ്കിലും ഇതിന്റെ മറുവശം അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും അപകടങ്ങളുടെയും പുക വമിക്കുന്ന ചൂളകളായിരുന്നു. മൃഗീയമായ ചൂഷണങ്ങളെ നേരിടാൻ യാതൊരു വ്യവസ്ഥകളുമില്ല. കുറഞ്ഞ വേതനം, കൂടുതൽ തൊഴിൽ സമയം, വിശ്രമമില്ലാത്ത തൊഴിൽ ദിനങ്ങൾ ഇങ്ങനെ എണ്ണിയാൽ തീരാത്ത ദാരുണകഥകളുടെ സങ്കടക്കടലായി മാറി തൊഴിലാളി ജീവിതം.

ഏതു സമയത്തും ആളിക്കത്താൻ സജ്ജമായി നിൽക്കുന്ന ആ അഗ്നികുടീരത്തിലേക്ക് പ്രവഹിച്ച അനുകൂലമായ കാറ്റിൽ നിന്നാണ് തൊഴിലാളികൾ തങ്ങളുടെ സംഘശക്തിയെക്കുറിച്ച് തിരിച്ചറിഞ്ഞത്. മനുഷ്യസ്നേഹികളും സാമൂഹ്യപ്രവർത്തകരും ജീവകാരുണ്യപ്രസ്ഥാനങ്ങളും അഴിച്ചുവിട്ട പ്രതിഷേധങ്ങൾ തൊഴിലാളികളുടെ ജീവിതച്ചൂളയ്ക്ക് തീ പകർന്നു. അവർ സംഘടിച്ചു ശക്തരാകാൻ തുടങ്ങി. ഇവിടെനിന്നാണ് തൊഴിലാളി വർഗ്ഗപ്രസ്ഥാനം അതിന്റെ ഒന്നാം ചുവടുവച്ചത്.

1874-ൽ ബ്രഹ്മസമാജം അംഗമായിരുന്ന ശശിപാദ ബാനർജി ആരംഭിച്ച 'ഭാരത്ശ്രമജീവി' (ഇന്ത്യൻ തൊഴിലാളി) എന്ന മാസികയിലൂടെ തൊഴിലാളി പ്രശ്നങ്ങൾ പൊതുമണ്ഡലത്തിലെത്തിച്ചു. 1898-ൽ 'ദിനബന്ധു'എന്ന പേരിൽ ബോംബെയിൽ നിന്ന് പുറത്തുവന്ന ആനുകാലികവും തൊഴിലാളികളുടെ മുഖപത്രമായി മാറി. നാരായൺ മേഘാജി ലോഖുവണ്ഡെ ആയിരുന്നു ഇതിന്റെ സ്ഥാപകൻ. അദ്ദേഹം തൊഴിലാളികളെ സംഘടിപ്പിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്തു. 1890-ൽ അദ്ദേഹം ബോംബെയിലെ മിൽ തൊഴിലാളികൾക്കായി ഒരു അസോസിയേഷൻ തന്നെ രൂപീകരിച്ചു. ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആദ്യ അമരക്കാരനായി തൊഴിലാളിചരിത്രം പ്രതിഷ്ഠിച്ചിരിക്കുന്നത് ഇദ്ദേഹത്തെയാണ്.

തൊഴിലാളികളെ സംഘടിപ്പിച്ച് മെമ്മോറാണ്ടം തയ്യാറാക്കിയും ഒപ്പുശേഖരണം നടത്തിയും അധികൃതരെ പ്രതിഷേധമറിയിക്കുന്ന രീതിയായിരുന്നു ആദ്യകാലത്ത് തൊഴിലാളി യൂണിയനുകൾ അനുവർത്തിച്ചിരുന്നത്. ഞായറാഴ്ചകളിൽ പൂർണ്ണ അവധി നൽകുക, ഉച്ചയ്ക്ക് അരമണിക്കൂർ ഇടവേള അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു കിട്ടിയതോടെ യൂണിയനുകൾക്ക് അവരുടെ സംഘശക്തി തിരിച്ചറിയാൻ കഴിഞ്ഞു. തുടർന്ന് കൂടുതൽ

അവകാശങ്ങൾ നേടിയെടുക്കാനായി അവർ സംഘടിക്കുകയും പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായിട്ടാണ് 1890-ൽ ഇന്ത്യയിലാദ്യമായി ഒരു ലേബർ കമ്മീഷൻ രൂപീകരിക്കപ്പെട്ടത്.

ഈ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 1891-ലെ ഫാക്ടറി നിയമം പ്രാബല്യത്തിൽ വന്നത്. ഇതുപ്രകാരം ബാലതൊഴിലാളികളുടെ ജോലിസമയം അഞ്ചു മണിക്കൂറായും സ്ത്രീ തൊഴിലാളികളുടേത് പതിനൊന്ന് മണിക്കൂറായും നിജപ്പെടുത്തി. വീണ്ടും ഇരുപതുവർഷം കഴിഞ്ഞാണ് 1911-ലെ ഇന്ത്യൻ ഫാക്ടറി നിയമമനുസരിച്ച് പുരുഷ തൊഴിലാളികളുടെ ജോലി സമയം തിട്ടപ്പെടുത്തിയത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ചൂടുപിടിച്ചുവരുന്ന ഘട്ടത്തിലാണ് തൊഴിലാളി വർഗ്ഗം സംഘടിക്കാനും പ്രക്ഷോഭം നടത്താനും അവകാശങ്ങൾ നേടിയെടുക്കാനും തുടങ്ങിയത്. വളരെ പെട്ടെന്നു തന്നെ തൊഴിലാളിവർഗ്ഗം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി തീർന്നു. പക്ഷേ, അപ്പോഴും സുസ്ഥിരമായ ഒരു സംഘടന തൊഴിലാളികളുടേതായി ഉയർന്നു വന്നില്ല. അതായത് ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയോ പ്രത്യേക അജണ്ടയോടെ പ്രവർത്തിക്കുന്ന സംഘടനകളുടെയോ മതങ്ങളുടെയോ ലേബലിലായിരുന്നു തൊഴിലാളികൾ സംഘടിച്ചത്. എന്നിട്ടും നിരവധി പ്രക്ഷോഭങ്ങൾ വിജയത്തിലെത്തിക്കാൻ ഈ വർഗ്ഗശക്തിക്കു കഴിഞ്ഞു. റെയിൽവെ ജീവനക്കാർ തങ്ങളുടെ പ്രത്യേകമായ ചില ആവശ്യങ്ങൾ മുൻനിർത്തി 1852-ൽ ഹൗറാ റെയിൽവെ സ്റ്റേഷനിൽ പണിമുടക്കി. കൽക്കട്ടയിലെ റിക്ഷക്കാരും കാളവണ്ടിക്കാരും തൊഴിലെടുക്കാതെ തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. പിന്നീടിങ്ങോട്ട് പണിമുടക്കുകളുടെ പരമ്പര തന്നെയാണ് നടന്നതെന്ന് തൊഴിലാളി പ്രസ്ഥാന ചരിത്രം വെളിപ്പെടുത്തുന്നു. ഇവയിൽ തുണിമില്ലുകളിലാണ് ഏറെയും പണിമുടക്കുകൾ നടന്നത്. പക്ഷേ, കരിനിയമങ്ങൾ കൊണ്ട് പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്ന നയമായിരുന്നു ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പാക്കിയത്. എങ്കിലും തൊഴിലാളിഅനുകൂല നിയമനിർമ്മാണങ്ങൾക്കായി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഈ പ്രക്ഷോഭങ്ങൾക്കായി.



1895 വരെ ഇന്ത്യയിലെ തൊഴിലാളികളിൽ വർഗ്ഗബോധം ഉണർന്നിരുന്നില്ല. എങ്കിലും അവർ തങ്ങളുടെ സംഘടിതശക്തി തിരിച്ചറിഞ്ഞിരുന്നു. ഓരോ പണിമുടക്കുകൾക്കു ശേഷവും ഓരോ നിയമനിർമ്മാണം നടക്കുന്നത് തൊഴിലാളികൾക്ക് മുന്നേറാനുള്ള ഊർജ്ജമായി.

ഇതേ സമയത്താണ് ദേശീയപ്രസ്ഥാനം ശക്തിപ്പെട്ടത്. ഇത് തൊഴിലാളി പ്രസ്ഥാനത്തിൽ വലിയ സ്വാധീനം ചെലുത്തി. തൊഴിലാളി പ്രസ്ഥാനം ദേശീയ പ്രസ്ഥാനത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് മുന്നേറുന്ന ചിത്രമാണ് ഈ ഘട്ടത്തിൽ കാണാനാകുക.

ഇക്കാലത്ത് അനേകം പണിമുടക്കുകൾ നടന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് കൽക്കട്ടയിലെ ഗവ.പ്രസിൽ നടന്ന പണിമുടക്കാണ്. 1905 സെപ്റ്റംബർ 27 ന് ഇവിടെ രണ്ടായിരത്തിൽ പരം തൊഴിലാളികൾ പണിമുടക്കി. ഇത് രാജ്യശ്രദ്ധ പിടിച്ചുപറ്റി. ഇതേ തുടർന്ന് മറ്റു പല പ്രസുകാരും പണിമുടക്കിലേർപ്പെടുകയും ചെയ്തു. ഈ പ്രക്ഷോഭത്തിന്റെ ഒടുവിൽ പ്രിന്റേഴ്സ് യൂണിയൻ രൂപീകരിക്കപ്പെട്ടു. ഇതിന് മുമ്പുതന്നെ 1903-ൽ മദിരാശിയിലും പ്രസ് ജീവനക്കാർ പണിമുടക്കിയിരുന്നു. ആറു മാസം നീണ്ടുനിന്ന ആ സമരത്തെ സർക്കാർ നേരിട്ടത് തടവുപുള്ളികളെ കൊണ്ടുവന്ന് പണിയെടുപ്പിച്ചുകൊണ്ടായിരുന്നവത്രെ. ജീവനക്കാർക്ക് ഇക്കാലത്ത് വലിയ കഷ്ടതകളാണ് അഭിമുഖീകരിക്കേണ്ടിവന്നത്.

1960 ൽ തപാൽ മേഖലയെ അപ്പാടെ സ്തംഭിപ്പിച്ചുകൊണ്ട് 500 പോസ്റ്റ്മാൻമാർ ബോംബെയിൽ നടത്തിയ സമരം തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രാരംഭദശയിലെ ശ്രദ്ധേയമായ ഒന്നായിരുന്നു. ഈ സമരം ഒരാഴ്ച നീണ്ടുനിന്നത് അന്നത്തെ ഏറ്റവും വലിയ ആശയവിനിമയ ശൃംഖലയെ അനിശ്ചിതത്വത്തിലാക്കി. 1906 ലും 1907 ലും ശ്രദ്ധേയമായ ഒട്ടേറെ പണിമുടക്കുകൾ റെയിൽവേ തൊഴിലാളികൾ നടത്തുകയുണ്ടായി. കൽക്കരിഖനികളിലെ തൊഴിലാളികൾ ഈ സമരം ഏറ്റുപിടിച്ചു.

1908 -ൽ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ ആദ്യത്തെ രാഷ്ട്രീയ പണിമുടക്കു നടന്നു. ഇതിന് നേതൃത്വം നൽകിയത് ദേശീയ പ്രസ്ഥാനത്തിലെ പ്രമുഖ നേതാവായിരുന്ന ബാലഗംഗാധര തിലക് ആയിരുന്നു. സമരം അമർച്ച ചെയ്യാനായി ബ്രിട്ടീഷ് ഗവൺമെൻറ് അദ്ദേഹത്തെ രാജ്യദ്രോഹക്കുറ്റം ചുമത്തി ആറു വർഷത്തേക്ക് ജയിലിലടച്ചു. ഇതിനെ തുടർന്ന് രാജ്യമെമ്പാടുമുള്ള തൊഴിലാളികൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. അതിന്റെ തീപ്പൊരികൾ ആളിപ്പടരാൻ തുടങ്ങിയതോടെ ബ്രിട്ടീഷ് ആധിപത്യത്തിന്റെ അടിത്തറ കുലുങ്ങി. കൽക്കത്ത, ബോംബെ, മദിരാശി, ഷോലാപ്പൂർ, അഹമ്മദാബാദ് തുടങ്ങിയ വ്യവസായ കേന്ദ്രങ്ങളെല്ലാം തൊഴിലാളികളുടെ ശക്തമായ പ്രക്ഷോഭകേന്ദ്രങ്ങളായി മാറി. ഇവിടെയെല്ലാം തൊഴിലാളി യൂണിയനുകൾ പണിമുടക്കു കമ്മിറ്റികളായി നിലകൊള്ളുകയായിരുന്നു.

1920 നുശേഷം 15 ലക്ഷത്തോളം തൊഴിലാളികൾ പങ്കെടുത്ത ഇരുന്നൂറിലധികം പണിമുടക്കുകളാണ് ഇന്ത്യയിൽ നടന്നത്. ഇതിനുശേഷമാണ് ഇന്ത്യൻ തൊഴിലാളികൾ പണിമുടക്കിന്റെ ശക്തി വ്യക്തമായും തിരിച്ചറിഞ്ഞത്. ഒട്ടേറെ ഫാക്ടറി നിയമങ്ങൾ ഭേദഗതി ചെയ്യപ്പെട്ടു എന്നതാണ് ഈ പ്രക്ഷോഭങ്ങളുടെയെല്ലാം ആത്യന്തിക വിജയം.

ത്യാഗനിർഭരമായ ഈ സമരങ്ങളിൽ നിന്നും വിജയപരമ്പരകളിൽ നിന്നും ട്രേഡ് യൂണിയനുകൾ രൂപപ്പെട്ടുവന്നു. സുസ്ഥിരമായ സംഘടനയുടെ ആവശ്യകത എന്താണെന്ന് അനുഭവങ്ങളിലൂടെ തൊഴിലാളികൾ മനസ്സിലാക്കുകയായിരുന്നു. അങ്ങനെ 1920 ജൂലൈ 16 ന് ബോംബെയിൽ ചേർന്ന തൊഴിലാളി യൂണിയനുകളുടെ സമ്മേളനം 'അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്' (AITUC) രൂപീകരിച്ചു. ഇത് ഇന്ത്യൻ തൊഴിലാളി വർഗ്ഗ പ്രസ്ഥാനചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി മാറി.

എ.ഐ.ടി.യു.സി.യുടെ വരവോടെ തൊഴിലാളികൾ ഒരു വർഗ്ഗമെന്ന നിലയിൽ സംഘടിച്ചു തുടങ്ങി. തുടർന്നിങ്ങോട്ടുള്ള ട്രേഡ് യൂണിയൻ ചരിത്രം വർഗ്ഗശക്തികളുടെയും രാഷ്ട്രീയ ശക്തികളുടെയും നിറമുള്ളവയാണെന്നും കാണാം. എന്നാൽ, ട്രേഡ് യൂണിയനുകൾക്ക് അവയുടെ പ്രരംഭദശയിൽ ഇത്തരം കൊടി ചിഹ്നങ്ങളോ നിറങ്ങളോ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. തൊഴിലാളി എന്ന ഒറ്റ നിറം മാത്രമേ അതിനുണ്ടായിരുന്നുള്ളൂ.





# തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ആദ്യനാളുകൾ

കാനം രാജേന്ദ്രൻ

**സാർവ്വദേശീയ തൊഴിലാളിവർഗ സാഹോദര്യത്തിൽ, സ്വന്തം സംഘടനയുടെയും ഐക്യത്തിന്റെയും ശക്തിയിൽ, സ്വന്തം സമരമാർഗങ്ങളും പരിപാടികളും മുദ്രാവാക്യങ്ങളുമായി സ്വാതന്ത്ര്യസമരത്തിന്റെ മുൻപന്തിയിലേക്കുള്ള ഉദ്യമത്തിൽ, എല്ലാം ആ ചരിത്രത്തിന്റെ പാഠങ്ങൾ നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു.**

റഷ്യയിലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചിട്ട് മൂന്നു കൊല്ലം കഴിയുമ്പോഴേക്കും ഇന്ത്യയിൽ തൊഴിലാളിവർഗ്ഗം അതിന്റെ കേന്ദ്ര സംഘടന രൂപീകരിച്ചു. ഇത് യാദൃച്ഛികമായിരുന്നില്ല. റഷ്യയിൽ തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ, ലെനിന്റെയും ബോൾഷെവിക്ക് പാർട്ടിയുടെയും വിദഗ്ധമായ വിപ്ലവനേതൃത്വത്തിൻ കീഴിൽ, ജനങ്ങൾ മുതലാളിമാരുടെയും ഭൂപ്രഭുക്കളുടെയും വാഴ്ച അവസാനിപ്പിക്കുകയും തൊഴിലാളി-കർഷക ഭരണം സ്ഥാപിക്കുകയും ചെയ്തപ്പോൾ മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ അതിന്റെ സന്ദേശം ഇന്ത്യയിലുമെത്തുകയായിരുന്നു.

ആ സന്ദേശം ഇന്ത്യയിൽ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഒന്നാം ലോക യുദ്ധാനന്തര (1918–22) മുന്നേറ്റത്തിന് പുതിയ ഊർജ്ജവും ഉത്തേജനവും ഉശിരും ബഹുജന സ്വഭാവവും



നൽകി എന്നു മാത്രമല്ല, ആ മുന്നേറ്റത്തിന്റെ ഭാഗമായി തൊഴിലാളികളുടെ ദേശവ്യാപകമായ പണിമുടക്ക് സമരങ്ങളുടെ വേലിയേറ്റത്തിനും ട്രേഡ് യൂണിയനുകളുടെ രൂപീകരണത്തിനും ആവേശം പകരുകയും ചെയ്തു. ആർ. പാംദത്ത് തന്റെ 'ഇന്ത്യാ ടുഡെ' എന്ന ചരിത്ര പ്രധാനമായ ഗ്രന്ഥത്തിൽ എഴുതി: 'ഒന്നാം ലോക യുദ്ധത്തിന്റെ അവസാനത്തോടുകൂടി, റഷ്യൻ വിപ്ലവത്തിന്റെയും ലോക വിപ്ലവ തിരമാലയുടെയും അനന്തരഫലമായ സാഹചര്യങ്ങളാണ് ഒരൊറ്റച്ചാട്ടത്തിന് ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തെ സമ്പൂർണ്ണമായ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവന്നത്; ഇന്ത്യയിലെ ആധുനിക തൊഴിലാളി പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. വിപ്ലവകരമായ സ്വാധീനത്തിന്റെ ആദ്യ കല്ലോലങ്ങൾ ഇന്ത്യയിലെത്തുകയായിരുന്നു. 1918 ൽ ആരംഭിച്ചതും 1919 ലും 1920 ലും രാജ്യത്താകമാനം അലയടിച്ചതുമായ പണിമുടക്ക് പ്രസ്ഥാനം അതിന്റെ രൂക്ഷതയിൽ അപ്രതിരോധ്യവുമായിരുന്നു'.

'1918 അവസാനം പ്രമുഖ വ്യവസായ കേന്ദ്രമായ ബോംബെയിലെ പരുത്തിത്തുണി മിൽ വ്യവസായത്തിലാകെ പടർന്നുപിടിച്ച ആദ്യത്തെ വമ്പിച്ച പണിമുടക്കം നടന്നു; 1919 ജനുവരിയാകുമ്പോഴേക്കും എല്ലാ ചില്ലകളെയും ഫലത്തിൽ ഉൾക്കൊള്ളുന്ന ഒന്നേകാൽ ലക്ഷം തൊഴിലാളികൾ സമര രംഗത്തിറങ്ങി, 1919 ൽ പണിമുടക്കങ്ങൾ രാജ്യത്താകെ വ്യാപിച്ചു. 1919 അവസാനത്തിലും 1920 ആദ്യ പകുതിയിലും ഈ സമരവേലിയേറ്റം അതിന്റെ

ഉച്ചകോടിയിലെത്തി'.പണിമുടക്ക് സമരങ്ങളുടെ വേലിയേറ്റത്തിനിടയിലാണ് അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് രൂപീകരിക്കാനുള്ള ശ്രമങ്ങൾ 1920-ന്റെ മദ്ധ്യത്തിൽ ആരംഭിച്ചത്. അതിനു മുൻകൈ എടുത്തത് ലോക്മാന്യ ബാലഗംഗാധര തിലകായിരുന്നു. ബോംബെ തൊഴിലാളികളുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റുകയും അവരുടെ സംഘടിത ശക്തിയിൽ ഉറച്ചു വിശ്വസിക്കുകയും ചെയ്ത സ്വാതന്ത്ര്യസമരസേനാനികളിൽ പ്രമുഖനായിരുന്നു തിലക്. പക്ഷേ, അദ്ദേഹം 1920 ആഗസ്റ്റ് ഒന്നിനു നിര്യാതനായി. അതുകൊണ്ട് 1920 ഒക്ടോബർ 31 നു മാത്രമേ എ ഐ ടി യു സി യുടെ സ്ഥാപകസമ്മേളനം ബോംബെയിൽ കൂടാൻ കഴിഞ്ഞുള്ളൂ.

സമ്മേളന അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് കോൺഗ്രസിലെ തീവ്രവാദി നേതാക്കളിൽ തിലകിന്റെ വലംകയ്യായ പഞ്ചാബ് സിംഹം ലാലാ ലജ്പത്റായി ആയിരുന്നു. ബ്രിട്ടനിലെയും അമേരിക്കയിലെയും യൂറോപ്പിലെയും തൊഴിലാളി പ്രസ്ഥാനങ്ങളുമായി അടുത്ത ബന്ധമുള്ള കോൺഗ്രസ് നേതാവായിരുന്നു അന്ന് ലാലാ ലജ്പത്റായി. സമ്മേളനത്തിൽ അഫിലിയേറ്റ് ചെയ്തതും അനുഭാവമുള്ളതും അഞ്ചുലക്ഷം തൊഴിലാളികളുടെ (വ്യവസായങ്ങളിലെയും ഖനികളിലെയും) പ്രാതിനിധ്യമുള്ളതുമായ 106 ട്രേഡ് യൂണിയനുകളിൽനിന്ന് എണ്ണൂറിലധികം പ്രതിനിധികൾ പങ്കെടുത്തു.

ആനിബസന്റ്, മുഹമ്മദാലി ജിന്നയും പത്നിയും, മോത്തിലാൽ നെഹ്റു, വിത്തൽ ഭായ് പട്ടേൽ, ജംനാദാസ് ദ്വാരക് ദാസ്, എസ്. ഐ. ബ്രെൽവി (ബോംബെ ക്രോണിക്കിൾ പത്രാധിപർ), ഐ എഫ് നരിമാൻ തുടങ്ങി ദേശീയ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കൾ സമ്മളനത്തിൽ പങ്കെടുത്തു. ഗാന്ധിജി സമ്മേളനത്തിൽനിന്ന് ഒഴിഞ്ഞുനിന്നു. അദ്ദേഹം സ്ഥാപിച്ച അഹമ്മദാബാദ് യൂണിയനും സമ്മേളനത്തിലേക്ക് പ്രതിനിധികളെ അയച്ചില്ല.

സ്വാഗതസംഘം അദ്ധ്യക്ഷൻ ജോസഫ് ബാപിസ്റ്റായിരുന്നു. ബോംബെയിലെ അന്നത്തെ ഏറ്റവും പ്രമുഖനായ നേതാവായിരുന്ന അദ്ദേഹം സമ്മേളനം ചേരുന്നതിനു മുമ്പുള്ള ഒരു വർഷത്തിൽ ബോംബെയിലെ നിരവധി വലുതും ചെറുതുമായ പണിമുടക്കങ്ങൾക്ക് നേതൃത്വം കൊടുക്കുകയുണ്ടായി. അടുത്തകൊല്ലം എ.ഐ.ടി.യു.സി.യുടെ പ്രസിഡന്റായി തെരഞ്ഞെടുത്തത് ബാപിസ്റ്റയെ ആയിരുന്നു.

എ.ഐ.ടി.യു.സി.യുടെ സ്ഥാപക സമ്മേളനത്തിൽ തന്നെ തൊഴിലാളിവർഗത്തിന്റെ സാർവദേശീയ സൗഹൃദം പ്രകടമായിരുന്നു. ബ്രിട്ടനിലെയും അയർലണ്ടിലെയും പല ട്രേഡ് യൂണിയനുകളും 'ഡെയ്‌ലി ഹെറാൾഡ്' എന്ന ലേബർ പാർട്ടി പത്രത്തിന്റെ പത്രാധിപർ ജോർജ് ലാൽ സബറിയും ആശംസാ സന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി. ബ്രിട്ടീഷ് ലേബർ പാർട്ടിയുടെയും ഇംഗ്ലണ്ടിലെ ട്രേഡ് യൂണിയനുകളുടെയും സൗഹാർദ്ദ പ്രതിനിധികളായി കേണൽ വെഡ്ജ്‌വുഡും വേറെ രണ്ടുപേരും സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

ലാലാജി അദ്ദേഹത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിലും തൊഴിലാളി വർഗ്ഗത്തിന്റെ സാർവദേശീയ സാഹോദര്യത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ഒരുവശത്ത് യൂറോപ്പിലെയും അമേരിക്കയിലെയും മറുവശത്ത് ഏഷ്യയിലെയും തൊഴിലാളികൾക്കിടയിൽ സാഹോദര്യബന്ധമോ താൽപര്യൈക്യമോ ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഇരുകൂട്ടരെയും മുതലാളിമാർ ചോരനീരാക്കി ചൂഷണം ചെയ്യുന്ന ദുഷ്ടശക്തി നശിപ്പിക്കപ്പെടുമായിരുന്നു. ഒരു നൂറ്റാണ്ട് പിന്നിടാൻ പോകുന്ന ഇന്ത്യയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉൽഭവത്തിലും ആദ്യത്തെ കാൽവെപ്പുകളിലും ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സ്വാധീനം കാണാം. ഒക്ടോബർ വിപ്ലവം നടക്കുകയും വിജയിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ, ഇന്ത്യൻ തൊഴിലാളി വർഗ്ഗം ഗാന്ധിസമരത്തിന്റെ മാർഗമായിരുന്നു പിന്തുടരാൻ സാദ്ധ്യത. അഖിലേന്ത്യാടിസ്ഥാനത്തിൽ തൊഴിലാളികൾ സംഘടിക്കുന്നതിനും ട്രേഡ് യൂണിയനുകൾ സംഘടിതമായി രാഷ്ട്രീയത്തിൽ ഇടപെടുന്നതിനും ഗാന്ധിജി എതിരായിരുന്നുവെന്ന കാര്യം ഓർക്കുക.

എ.ഐ.ടി.യു.സി.യുടെ തുടർന്നുള്ള ചരിത്രവും എത്രയെല്ലാം വളവ് തിരിവുകളോടു കൂടിയതാണെങ്കിലും ആവേശകരമാണ്. സാർവ്വദേശീയ തൊഴിലാളിവർഗ്ഗ സാഹോദര്യത്തിൽ, സ്വന്തം സംഘടനയുടെയും ഐക്യത്തിന്റെയും ശക്തിയിൽ, സ്വന്തം സമര മാർഗങ്ങളും പരിപാടികളും മുദ്രാവാക്യങ്ങളുമായി സ്വാതന്ത്ര്യസമരത്തിന്റെ മുൻപന്തിയിലേക്കുള്ള ഉദ്യമത്തിൽ, എല്ലാം ആ ചരിത്രത്തിന്റെ പാഠങ്ങൾ നാം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ചും.

# ഇന്ത്യൻ ദേശീയ തൊഴിലാളി പ്രസ്ഥാനം നൂറ്റാണ്ട് പിന്നിടുമ്പോൾ...




**ആർ. ചന്ദ്രശേഖരൻ**

പ്രസിഡന്റ്, ഐ.എൻ.ടി.യു.സി സംസ്ഥാന കമ്മിറ്റി,
ഐ.എൽ.ഒ ഗവേണിംഗ് ബോഡി മെമ്പർ






ഇൻഡ്യയിലെ ആദ്യ ദേശീയ യൂണിയൻ പ്രസ്ഥാനമായ ആൾ ഇൻഡ്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് 100 വർഷം പിന്നിടുന്നു.

18-ാം നൂറ്റാണ്ടിൽ ബ്രിട്ടണിൽ ആരംഭിച്ച വ്യവസായ വിപ്ലവം 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇൻഡ്യയിലും വ്യാപിച്ചു. 1818-ൽ ഒരു ബ്രിട്ടീഷുകാരൻ കൽക്കത്തയിൽ ആരംഭിച്ച തുണിമിൽ ആയിരുന്നു ഇൻഡ്യയിലെ വ്യവസായ വിപ്ലവത്തിന്റെ തുടക്കം.

പിന്നീട് വ്യവസായങ്ങളും തോട്ടം മേഖലകളും വ്യാപകമായി ശക്തിയാർജ്ജിച്ചു. 1853 -ൽ ട്രെയിൻ സർവ്വീസുകൾ ആരംഭിച്ചതോടെ വളർച്ച ദ്രുതഗതിയിലായി. ലാഭസമ്പാദനത്തിൽ മുതലാളിമാർക്ക് ആർത്തിമൂത്തപ്പോൾ തൊഴിൽ മേഖല അടിമത്തകേന്ദ്രങ്ങളായി മാറി. ഒരു തൊഴിൽ നിയമവും ഇല്ലാതിരുന്നതുകൊണ്ട് തൊഴിൽ ചൂഷണം വ്യാപകമായി നടന്നു. ജോലി സമയം 16 മണിക്കൂർവരെ തുടർന്നപ്പോൾ വിശപ്പടക്കാനുള്ള വരുമാനം പോലും ലഭിച്ചിരുന്നില്ല. ശാരീരിക പീഡനങ്ങൾ മൃഗതുല്യമായിരുന്നു. പ്രതിഷേധിക്കുന്നവരെ അടിച്ചമർത്തുകയും കൊന്നൊടുക്കുകയും ചെയ്തിരുന്നു. ഇതായിരുന്നു വ്യവസായ-തോട്ടം മേഖലകളിലെ അടിമത്ത തൊഴിൽ സംസ്കാരം.

1830 ആയപ്പോൾ ബ്രിട്ടണിൽ ലോകത്താദ്യമായി ഒരു ദേശീയ തൊഴിലാളി സംഘടന രൂപപ്പെട്ടു എങ്കിലും അവിടെയും അടിച്ചമർത്തപ്പെട്ട നിലയിലായിരുന്നു തൊഴിലാളികൾ. പ്രതിരോധത്തോടൊപ്പം പ്രതിഷേധവും അവിടെ ശക്തിപ്രാപിച്ചു വന്നു. ഇതിന്റെ അലയടികൾ ഇൻഡ്യയിൽ ഉണ്ടായി. 1890 ൽ ബോംബെ കേന്ദ്രമായി മിൽഹാന്റ്സ് അസോസിയേഷൻ എന്ന തൊഴിലാളി സംഘടനയും സൊസൈറ്റി ഓഫ് റെയിൽവേ സർവന്റ്സ് എന്ന റെയിൽവേ തൊഴിലാളികളുടെ സംഘടനയും 1907 ൽ ബോംബെ പോസ്റ്റൽ യൂണിയനും രൂപപ്പെട്ടത് തൊഴിലാളി സംഘടിത മുന്നേറ്റത്തിന്റെ ഇൻഡ്യയിലെ ആദ്യ ചുവടുവയ്പായിരുന്നു എന്നു പറയാം.

1917 -ൽ ബീഹാർ സംസ്ഥാനത്തെ ചമ്പാരൻ ജില്ലയിലെ നീലം കർഷക-കർഷകത്തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങളിൽ ഗാന്ധിജി നടത്തിയ ഇടപെടലും അതിന്റെ വിജയവും 1918 ലെ അഹമ്മദാബാദ് ടെക്സ്റ്റൈൽ തൊഴിലാളി പണിമുടക്കും ഇതുമായി ബന്ധപ്പെട്ട് ഗാന്ധിജി നടത്തിയ നിരാഹാരസമരവും അതിന്റെ വിജയവും തൊഴിലാളി സംഘടനകളുടെ വ്യാപകമായ രൂപീകരണത്തിന് ഇടയാക്കി.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 1919 -ൽ രൂപീകരിക്കപ്പെട്ട ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും തുടർന്ന് ആഗോളതലത്തിൽ തൊഴിൽരംഗത്തുണ്ടായ മാറ്റങ്ങളും ശ്രദ്ധിച്ച ഗാന്ധിജിയിൽ പുതിയ ആശയം രൂപപ്പെട്ടു. 1919 ഡിസംബർ 26 -ന് പഞ്ചാബിലെ അമൃതസറിൽ ചേർന്ന എ.ഐ.സി.സി. സമ്മേളനത്തിൽ ഗാന്ധിജി ഒരു നിർദ്ദേശം മുന്നോട്ടു വച്ചു. തൊഴിലാളി വിഷയങ്ങൾ അവതരിപ്പിക്കുവാനും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനും ദേശീയതലത്തിൽ ഒരു ട്രേഡ് യൂണിയൻ സംഘടന രൂപീകരിക്കണം. ഗാന്ധിജിയുടെ ഈ അഭിപ്രായം കോൺഗ്രസ് അംഗീകരിച്ചു.

ഇതനുസരിച്ച് 1920 ഒക്ടോബർ 31 ന് ഇൻഡ്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് അഥവാ AITUC എന്ന ആദ്യ ദേശീയ ട്രേഡ് യൂണിയൻ ഇന്ത്യയിൽ രൂപീകരിക്കപ്പെട്ടു. പ്രഥമ പ്രസിഡന്റായി അന്നത്തെ AITUC പ്രസിഡന്റ് ലാലാ ലജ്പത് റായിയെ തെരഞ്ഞെടുത്തു. ഈ സംഘടനയുടെ 100-ാം ജന്മവാർഷികമാണ് 2020-ൽ പൂർത്തിയായത്.

ഈ സംഘടനയുടെ പ്രവർത്തനഫലമായി ഇൻഡ്യയിലെ തൊഴിലാളികൾക്ക് ILO യിൽ അംഗത്വവും അംഗീകാരവും ILO യുടെ പ്രഥമ സമ്മേളനത്തിൽ ഇൻഡ്യൻ തൊഴിലാളികളെ പ്രതിനിധീകരിച്ച് ലാലാ ലജ്പത് റായ് പങ്കെടുത്ത് തൊഴിലാളികൾ നേരിടുന്ന വിഷയങ്ങൾ അവതരിപ്പിച്ചു.

1923 -ലെ വർക്ക്മെൻ കോമ്പൻസേഷൻ നിയമം, 1926 -ലെ ട്രേഡ് യൂണിയൻ നിയമം, 1934 ലെ ഫാക്ടറീസ് നിയമം, 1936 ലെ പെയ്മെന്റ് ഓഫ് വേജസ് നിയമം, 1942 ലെ വീക്കിലി ഹോളിഡെയ്സ് നിയമം, 1946 ലെ സ്റ്റാന്റിംഗ് ഓർഡേഴ്സ് നിയമം ഉൾപ്പെടെ പ്രധാനപ്പെട്ട 6 തൊഴിലാളി സംരക്ഷണ നിയമങ്ങൾ ഈ സംഘടനയുടെ പ്രവർത്തനം മൂലം ബ്രിട്ടീഷ് ഭരണകൂടത്തിൽനിന്നും നേടിയെടുക്കാൻ കഴിഞ്ഞു. വിവിധ തൊഴിൽ മേഖലകളിലെ ഇടപെടലുകൾ മൂലം തൊഴിലാളികളുടെ വരുമാനത്തിൽ നാമമാത്രമായെങ്കിലും മാറ്റങ്ങൾ വരുത്തുവാനും ഈ സംഘടനയുടെ ആദ്യകാല പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

മഹാരഥന്മാരായ നേതാക്കളാണ് എന്നും ഈ സംഘടനയെ നയിച്ചത്. സ്ഥാപക പ്രസിഡന്റ് ലാലാ ലജ്പത് റായ് ആയിരുന്നെങ്കിലും 1923 -ൽ സി. ആർ. ദാസും 1928 -ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും 1923 -ൽ സുഭാഷ് ചന്ദ്രബോസും 1942 -ൽ വി. വി. ഗിരിയും AITUC യുടെ പ്രസിഡന്റുമാരായിരുന്നു.

1942 ആഗസ്റ്റ് 8 ന് കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇൻഡ്യാ സമരം പ്രഖ്യാപിച്ചപ്പോൾ തൊഴിലാളികൾ ആവേശപൂർവ്വം സമരത്തിൽ പങ്കെടുത്തു. ഈ സമരത്തെ വ്യാപകമായി അടിച്ചമർത്തിയും അറസ്റ്റും ലോക്കപ്പും മർദ്ദനങ്ങളും

നാടുകടത്തലുംകൊണ്ട് ബ്രിട്ടീഷുകാർ നേരിട്ടു. ഗാന്ധിജിയും നെഹ്റുവും സർദാർ വല്ലഭ്ഭായ് പട്ടേലും AITUC പ്രസിഡന്റായിരുന്ന വി. വി. ഗിരിയും ഉൾപ്പെടെ എല്ലാ ദേശീയ നേതാക്കളും തുറങ്കിലടയ്ക്കപ്പെട്ടു. ജയിലിൽ അടയ്ക്കപ്പെട്ട ഇവർ പുറത്തുകടക്കുന്നത് 1946 മാർച്ച് 15 ന് സ്വാതന്ത്ര്യ പ്രഖ്യാപനം ഉണ്ടായതിനു ശേഷമാണ്. ഈ 4 വർഷത്തിനുള്ളിൽ നടന്ന സംഭവവികാസങ്ങൾ ഏറെയാണ്.

ബ്രിട്ടീഷ് സർവ്വാധിപത്യത്തെ നേരിടുവാൻ 1939 ആഗസ്റ്റ് 23 ന് റഷ്യൻ ഭരണാധികാരി സ്റ്റാൻലിനും ജർമ്മൻ ഫാസിസ്റ്റ് ഭരണാധികാരി ഹിറ്റ്ലറും തമ്മിൽ ഒരു സഹകരണ ഉടമ്പടി ഒപ്പുവച്ചിരുന്നു. ഈ ഉടമ്പടി ഒപ്പുവച്ച് 7 ദിവസങ്ങൾക്കകം 1939 സെപ്റ്റംബർ 1 ന് ആരംഭിച്ച രണ്ടാം ലോകമഹായുദ്ധത്തിൽ റഷ്യയും ഹിറ്റ്ലറുടെ ജർമ്മനിയും ഒരുമിച്ച് ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്തു. യുദ്ധം 21 മാസം പിന്നിട്ടപ്പോൾ വിജയം തനിക്ക് മാത്രം അവകാശപ്പെട്ടതാണെന്ന ധിക്കാരത്തിൽ റഷ്യയുമായുള്ള ബന്ധം തള്ളിക്കളഞ്ഞ ഹിറ്റ്ലർ 1941 ജൂൺ 22ന് റഷ്യയോട് യുദ്ധം പ്രഖ്യാപിച്ചു. സ്വാഭാവികമായി വൈരാഗ്യത്തിലായ സ്റ്റാൻലിൻ ബ്രിട്ടണും ആയി സന്ധിയിലായി. പിന്നീട് ബ്രിട്ടണുമായി റഷ്യയും ഒന്നായി ഹിറ്റ്ലറുടെ ജർമ്മനിക്കെതിരെ യുദ്ധം ആരംഭിച്ചു.

ഇതിനിടയിൽ കോൺഗ്രസ് പ്രഖ്യപിച്ച ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുക്കരുതെന്നും ഈ സന്ദർഭത്തിൽ ബ്രിട്ടനെ സഹായിക്കണമെന്നും സ്റ്റാൻലിൻ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾക്ക് നിർദ്ദേശം നൽകി. ഇത് അക്ഷരംപ്രതി അനുസരിക്കുകയല്ലാതെ അന്നത്തെ കമ്മ്യൂണിസ്റ്റ് നേതാക്കൾക്ക് മറ്റൊരു വഴിയുമില്ലായിരുന്നു. ഇതിനുള്ള പ്രത്യുപകാരമെന്നോണം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിരോധനം ബ്രിട്ടീഷ് സർക്കാർ പിൻവലിച്ചു. അറസ്റ്റ്ചെയ്ത കമ്മ്യൂണിസ്റ്റ് നേതാക്കളെ ജയിൽ മോചിതരാക്കി.

ഈ കാലയളവിൽ AITUC പ്രസിഡന്റായിരുന്ന വി.വി. ഗിരി ഉൾപ്പെടെയുള്ളവർ ജയിലിലായിരുന്നപ്പോൾ AITUC യുടെ ഒരു യോഗം കമ്മ്യൂണിസ്റ്റ് നേതാക്കൾ മുൻകൈയെടുത്ത് വിളിച്ചുചേർത്ത് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. അന്നുമുതൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനയായി AITUC മാറി.

ഇതിൽ പ്രതിഷേധിച്ചുകൊണ്ടാണ് സ്വാതന്ത്ര്യ പ്രഖ്യാപനത്തിനുശേഷം 1947 മെയ് 3 ന് ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ് അഥവാ ഐ. എൻ. ടി. യു.സി. എന്ന ദേശീയ ട്രേഡ് യൂണിയൻ പിറവിയെടുക്കുന്നത്. തുടർന്നുള്ള പ്രവർത്തനകാലം പരസ്പര വിമർശനങ്ങളുടേതായിരുന്നു. ഇതുമൂലം തൊഴിലാളി താൽപര്യങ്ങൾ നേടിയെടുക്കുന്നതോടൊപ്പം പല രംഗത്തും തൊഴിലാളികൾക്ക് ഈ കിടമത്സരംമൂലം നഷ്ടവും സംഭവിച്ചു.

വിമർശനങ്ങളുടെയെല്ലാം ഭാഗമായി ജനങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടപ്പോൾ ആർക്കും തടുക്കാനാവാത്തവിധം എല്ലാ സോഷ്യലിസ്റ്റ് ആശയങ്ങളും പൊതുമേഖലാ സങ്കൽപ്പങ്ങളും തകർത്തുകൊണ്ട് ജാതി-മത-വർഗ്ഗീയ രാഷ്ട്രീയവും മുതലാളിത്ത ഭരണരീതികളും അഴിഞ്ഞാടുമ്പോൾ നിരാലംബരും നിസ്സഹായരുമായ തൊഴിലാളികളെ ഒന്നായി സംഘടിപ്പിച്ച് മുന്നേറുവാൻ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മറന്ന് പ്രവർത്തിക്കുവാൻ ഇന്ന് എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും തയ്യാറായിരിക്കുന്നു എന്നത് ആവേശകരമാണ്.

ആഗോളതലത്തിൽ ഉൽപ്പാദനവും ഉൽപ്പന്ന വിപണിയും മത്സരാധിഷ്ഠിതമായി തുറന്നിട്ടിരിക്കുന്നു. സ്വകാര്യമേഖലകൾക്ക്



പ്രത്യേകിച്ച് കോർപ്പറേറ്റുകൾക്ക് എന്തും നടത്താനുള്ള അവകാശാധികാരങ്ങൾ നൽകപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. പൊതു സാഹചര്യങ്ങൾ ഇതായിരിക്കുമ്പോൾ EASE OF DOING BUSINESS എന്ന ഒരു നയംകൂടി ആഗോളതലത്തിൽ പ്രഖ്യാപിച്ച് എല്ലാ രാജ്യങ്ങളിലും നടപ്പിലാക്കുന്നു. ഇതിന്റെ ഫലമായി ഓരോ രാജ്യത്തും നിലനിൽക്കുന്ന തൊഴിലാളി സംരക്ഷണ നിയമങ്ങളെല്ലാം നിർജീവമാക്കപ്പെടുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി 1923 മുതലുള്ള 44 തൊഴിലാളി സംരക്ഷണ നിയമങ്ങൾ എന്നന്നേയ്ക്കുമായി റദ്ദു ചെയ്ത് പകരം 4 ലേബർ കോഡുകൾ നടപ്പിലാക്കുന്നു. തൊഴിലാളി സംഘടനകളുമായോ ഇന്ത്യൻ ലേബർ കോൺഫറൻസുമായോ യാതൊരു ചർച്ചയും നടത്താതെ തീർത്തും ഏകപക്ഷീയമായിട്ടാണ് ഈ ലേബർ കോഡുകൾ നടപ്പിലാക്കുന്നത്. ഇതിലെ പല വ്യവസ്ഥകളും ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) തീരുമാനങ്ങൾക്ക് വിരുദ്ധവും മനുഷ്യത്വ രഹിതവുമാണ്.

മിനിമം വേതനത്തിനും താഴെ ഫ്ളോർ വേജ് (തറ വേതനം) നിശ്ചയിച്ചിട്ടുള്ളതും ഫാക്ടറിയുടെ നിർവചനം ഭേദഗതി ചെയ്തതും സ്ഥിരനിയമനത്തിന് പകരം ഫിക്സഡ് ടേം ജോലിയായി മാറ്റിയതും തൊഴിൽ മേഖലയിലെ വ്യാപക കരാർവൽക്കരണവും പിരിച്ചുവിടൽ ഏതു സമയത്തും നടത്താവുന്നതും അപ്രന്റീസുകളായി കാലപരിധി കൂടാതെ ജോലി ചെയ്യിക്കാവുന്നതും തൊഴിൽ വകുപ്പിനെ നിർജീവമാക്കിയിരിക്കുന്നതും നിയമലംഘനത്തിനെതിരെ ഉദ്യോഗസ്ഥരുടെ പരിശോധന പോലും ഒഴിവാക്കിയിരിക്കുന്നതും ഈ കോഡുകളുടെ പൊതുസ്ഥിതിയാണ്.

ഈ സാമ്പത്തിക, സാമൂഹ്യ നയങ്ങളും തൊഴിൽ നിയമഭേദഗതികളും വിവിധ രാജ്യങ്ങളിലെ തൊഴിലാളികളെയും വ്യവസായ-കാർഷിക മേഖലകളെ തന്നെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നു. വികസിത-വികസ്വര-അവികസിത രാജ്യങ്ങളെ എല്ലാം ഒരേപോലെ തകർച്ചയിൽ എത്തിച്ചിരിക്കുന്നു. ഈ രീതി തുടരുമ്പോൾ തൊഴിലാളികളെ അവർ ഏത് രാജ്യക്കാരായാലും ജോലിയും വരുമാനവും നഷ്ടപ്പെട്ട് ജീവിത പ്രതിസന്ധിയിലാക്കുന്നു. കിടമത്സരത്തിന്റെ പേരിലുള്ള അടച്ചുപൂട്ടലുകളും നിയമഭേദഗതികളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള ആധുനിക സാങ്കേതിക വികസനവും ഇതിനെല്ലാം പ്രോത്സാഹനം നൽകുന്ന ഭരണകൂട നടപടികളുമാണ് ഇതിന് മുഖ്യ കാരണം.

എല്ലാം സ്വകാര്യമേഖലയിലായ മത്സരാധിഷ്ഠിത കമ്പോളത്തിന്റെ പ്രവർത്തന ദുരിതം 2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയിലൂടെ ലോകം അനുഭവിച്ച് അറിഞ്ഞതാണ്. കേവലം ലേഹ്മൻ എന്ന ഒരു സ്വകാര്യ ധനകാര്യ സ്ഥാപനം അമേരിക്കയിൽ തകർന്നതായിരുന്നു ഇതിന് കാരണം. സ്വകാര്യ വമ്പൻ കോർപ്പറേറ്റ് ആയ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ നടത്തിയ വ്യാപാര - വ്യവസായ പ്രവർത്തന രീതികളുടെയും അതിലൂടെ 100 വർഷം ഇന്ത്യയെ അടക്കിഭരിച്ചതിന്റെയും ദുരിതം ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു.

ഏതാണ്ട് അതേ അവസ്ഥയിലേയ്ക്കാണ് രാജ്യം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെ എല്ലാ സോഷ്യലിസ്റ്റ് സങ്കൽപങ്ങളും തകർക്കപ്പെട്ടിരിക്കുന്നു. തൊഴിലാളികളുടെ അദ്ധ്വാനം ചന്തയിലെ ഉപഭോഗ വസ്തുക്കൾക്ക് സമാനമായി മാറിയിരിക്കുന്നു. ധനികർ കൂടുതൽ ധനികരാകുകയും പാവപ്പെട്ടവർ വീണ്ടും ദരിദ്രരാകുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. സമ്പത്ത് കേവലം ചില വ്യക്തികളിൽ മാത്രമായി കുന്നു കൂടുമ്പോൾ അത്തരം വ്യക്തികളുടെ ഒരു ദിവസത്തെ വരുമാനം 2200 കോടിയും ഒരു പാവപ്പെട്ടവന്റെ വരുമാനം 30 രൂപയുമായി മാറുന്നു എന്ന സാമ്പത്തിക രംഗത്തെ അസന്തുലിതാവസ്ഥയ്ക്ക് സമൂഹം സാക്ഷിയാകുന്നു. ഇതോടൊപ്പം ഇന്ത്യൻ സമ്പത്തിന്റെ 73 ശതമാനവും 1 ശതമാനം വരുന്ന സമ്പന്നരുടെ കൈകളിൽ എത്തിയിരിക്കുന്നു എന്ന സാമ്പത്തിക ദുരവസ്ഥയും ഭയാനകമാണ്.

രാജ്യം ഈ സ്ഥിതിയിൽ എത്തിനിൽക്കുമ്പോൾ കോടാനുകോടി ലാഭമുണ്ടാക്കുന്ന പൊതുമേഖലയിലുള്ള 10 മഹാരത്ന കമ്പനികളും 78 മിനി രത്ന കമ്പനികളും 12 ഓളം വരുന്ന പൊതുമേഖലാ ബാങ്കുകളും ഉൾപ്പെടെയുള്ള വിവിധ ഖനന മേഖലകൾ എന്നിവ ദേശീയ- അന്തർ ദേശീയ കോർപ്പറേറ്റുകൾക്ക് ചവറുവിലയ്ക്ക് വിൽപ്പന നടത്തുവാൻ ഭരണകൂടം ശ്രമിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ തൊഴിൽരഹിത യുവതീയുവാക്കളുള്ള രാജ്യമാണ് ഇന്ത്യ. ഇവർക്കായി പ്രതിവർഷം 2 കോടി തൊഴിൽ വാഗ്ദാനം നൽകി അധികാരത്തിൽ വന്ന ഭരണകൂടമാണ് ഈ രീതിയിൽ പ്രവർത്തിക്കുന്നത്.



തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയും മുതലാളിത്ത ചൂഷണത്തിനെതിരെയുള്ള പോരാട്ടങ്ങൾക്ക് ശക്തിപകർന്നും വർഗ്ഗബോധമുള്ള രാഷ്ട്രീയ ബഹുജന മുന്നേറ്റത്തിന് നേതൃത്വം നൽകിയും സംഘടന അതിന്റെ മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്

*‘സംഘടിക്കുക, സമരം ചെയ്യുക,
ബോധവൽക്കരിക്കുക ഇതാണ് ഇന്നത്തെ
നമ്മുടെ അടിയന്തര കടമ, തൊഴിലാളികളെ
സംഘടിപ്പിക്കുകയും വർഗ്ഗബോധമുയർത്തുക
യും അവരുടെ താൽപ്പര്യസംരക്ഷണത്തിന്
അനുയോജ്യമായ മാർഗ്ഗങ്ങൾ അവരെ
പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്’.*

ലാലാ ലജ്പത് റായി

# നൂറിന്റെ നിറവിൽ എ. ഐ. ടി. യു. സി.

**കെ. പി രാജേന്ദ്രൻ**
ജനറൽ സെക്രട്ടറി, എ.ഐ.ടി.യു.സി, കേരള ഘടകം



**1920** ഒക്ടോബർ 31-ന് ഇൻഡ്യയൊട്ടാകെയുള്ള തൊഴിലാളികളുടെ പ്രതിനിധികൾ ബോംബെയിൽ സമ്മേളിച്ച് രൂപം നൽകിയ ആദ്യ തൊഴിലാളി പ്രസ്ഥാനമായ ആൾ ഇൻഡ്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (എ.ഐ.ടി.യു.സി.) നൂറു വയസ്സ് പൂർത്തിയാക്കിയിരിക്കുന്നു. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ തീച്ചൂളയിൽനിന്ന് രൂപം കൊണ്ട എ.ഐ.ടി.യു.സി. തൊഴിലാളികളുടെ അവകാശപ്പോരാട്ടങ്ങൾക്ക് ഉജ്ജ്വലമായ നേതൃത്വം നൽകിക്കൊണ്ടാണ് നൂറുവർഷം പിന്നിടുന്നത്. തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയും മുതലാളിത്ത ചൂഷണത്തിനെതിരെയുള്ള പോരാട്ടങ്ങൾക്ക് ശക്തിപകർന്നും വർഗ്ഗബോധമുള്ള രാഷ്ട്രീയ ബഹുജന മുന്നേറ്റത്തിന് നേതൃത്വം നൽകിയും സംഘടന അതിന്റെ മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്.

'സംഘടിക്കുക, സമരം ചെയ്യുക, ബോധവൽക്കരിക്കുക ഇതാണ് ഇന്നത്തെ നമ്മുടെ അടിയന്തര കടമ, തൊഴിലാളികളെ സംഘടിപ്പിക്കുകയും വർഗ്ഗബോധമുയർത്തുകയും അവരുടെ താൽപ്പര്യസംരക്ഷണത്തിന് അനുയോജ്യമായ മാർഗ്ഗങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്'. 1920-ൽ എ.ഐ.ടി.യു.സി. സ്ഥാപക സമ്മേളനത്തിൽ ലാലാ ലജ്പത് റായി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞ ഈ വാക്കുകൾ ഇൻഡ്യയിലെ മഹത്തായ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായി. എ.ഐ.ടി.യു.സി.യുടെ ആദ്യ പ്രസിഡന്റും ലാലാ ലജ്പത് റായിയായിരുന്നു.

ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റ് നൂറുകണക്കിനാളുകൾ കൊല്ലപ്പെട്ട ജാലിയൻവാലാ ബാഗ് സംഭവത്തെത്തുടർന്ന് ശക്തിയാർജ്ജിച്ച സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ തന്നെയാണ് ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനവും രൂപംകൊള്ളുന്നത്. ചരിത്രപ്രധാനമായ ഈ തൊഴിലാളി സംഘടനയുടെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ മനസ്സിലാക്കുന്നത് ഈ അവസരത്തിൽ പ്രയോജനപ്രദമായിരിക്കും.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ താൽക്കാലിക തൊഴിലാളികളെന്ന ഒരു വിഭാഗം ആവിർഭവിച്ചതോടെ തുടങ്ങിയതാണ് അടിച്ചമർത്തലുകളും ചൂഷണവും അതിനെതിരായ മുന്നേറ്റങ്ങളും. സ്വയംപര്യാപ്തമായിരുന്ന ഇൻഡ്യൻ ഗ്രാമീണ സമ്പദ്വ്യവസ്ഥ തകർന്നതോടെ കർഷകരും കർഷകത്തൊഴിലാളികളും ദരിദ്രരായി മാറി. 1850നും 1890-നുമിടയിലുണ്ടായ ക്ഷാമം നിരവധിപേരെ കൊന്നൊടുക്കി. ലക്ഷങ്ങളെ പട്ടിണിപ്പാവങ്ങളും യാചകരുമാക്കി.

'സംഘടിക്കുക, സമരം ചെയ്യുക, ബോധവൽക്കരിക്കുക- ഇതാണ് ഇന്നത്തെ നമ്മുടെ അടിയന്തര കടമ, തൊഴിലാളികളെ സംഘടിപ്പിക്കുകയും വർഗ്ഗ ബോധമുയർത്തുകയും അവരുടെ താൽപ്പര്യസംരക്ഷണത്തിന് അനുയോജ്യമായ മാർഗ്ഗങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്'. 1920-ൽ എ.ഐ.ടി.യു.സി. സ്ഥാപക സമ്മേളനത്തിൽ ലാലാ ലജ്പത് റായി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞ ഈ വാക്കുകൾ ഇൻഡ്യയിലെ മഹത്തായ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായി.

ഈ അരക്ഷിതാവസ്ഥ സൃഷ്ടിച്ച രോഷവും ക്രോധവും കാരണം നിരവധി പ്രക്ഷോഭങ്ങൾ ഉയർന്നുവന്നെങ്കിലും അതെല്ലാം അധികാരികൾ അടിച്ചമർത്തുകയായിരുന്നു. ഈ സാഹചര്യ ത്തിലാണ് 1857-ൽ നാട്ടുരാജ്യങ്ങളിൽ കലാപങ്ങൾ ആരംഭിക്കുന്നത്. ഗ്രാമങ്ങളിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും കാരണം നഗരങ്ങളിലേക്ക് കുടിയേറാനും അവിടങ്ങളിൽ ആരംഭിച്ച വ്യവസായശാലകളിൽ കുറഞ്ഞ കൂലിക്കാണെങ്കിൽ പോലും പണിയെടുക്കാനും തൊഴിലാളികൾ നിർബന്ധിതരായി. ഈ താൽക്കാലിക തൊഴിലാളികളാണ് ഏറ്റവും കൂടുതൽ ചൂഷണങ്ങൾക്ക് വിധേയരായതും.

ബ്രിട്ടീഷ് കമ്പനികളുടെ വ്യവസായങ്ങൾ ക്കാവശ്യമായ അസംസ്കൃത വസ്തുക്ക ളുടെ ഉറവിടമായും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയായും ഇൻഡ്യ സാവധാനം പരിവർത്തന പ്പെടുകയായിരുന്നു. അതിനാലാണ് ബ്രിട്ടീഷുകാർ ഇവിടെ, തീവണ്ടിപ്പാതകൾ സ്ഥാപിച്ചത്, കാപ്പി, തേയില, ചണം തുടങ്ങിയ തോട്ടവിളകൾ വ്യാപിപ്പിച്ചത്, ഭൂരഹിതരായ തൊഴിലാളി കൾ ദീർഘകാല കരാറടിസ്ഥാനത്തിൽ തോട്ടങ്ങളിൽ നിയമിക്കപ്പെട്ടത്, കരാർ ലംഘനത്തിന് കഠിന ശിക്ഷകൾക്ക് അവർ വിധേയരായത്. എന്നിങ്ങനെ ഒട്ടേറെ പ്രതിഭാ സങ്ങൾ ഈ വ്യവസായവൽകരണത്തിന്റെ ഭാഗമായി സംഭവിച്ചുകൊണ്ടിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയാ യപ്പോഴേക്കും ബ്രിട്ടീഷ് ഇൻഡ്യയിലാകെ മുത ലാളിത്ത വ്യവസ്ഥിതി ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

ഇൻഡ്യയിലെ ആദ്യ തുണിമിൽ 1818-ൽ ബംഗാളിലാണ് സ്ഥാപിക്കപ്പെട്ടത്. 1839-ൽ ആസാം ടീ കമ്പനി രൂപീകരിക്കപ്പെട്ടു. 1853-ൽ റെയിൽപ്പാതയുടെ നിർമ്മാണം താനെയിൽ നിന്നും ആരംഭിച്ചു. 1854-ൽ റാണിഗഞ്ച് റെയിൽപ്പാതയുടെ പണി പൂർത്തിയായി. 1854-ൽ കൽക്കട്ടയിൽ ആദ്യചണമില്ലും ബോംബെയിൽ ആദ്യ കോട്ടൺ മില്ലും സ്ഥാപിക്കപ്പെട്ടു. റെയിൽവേയുടെ പുരോഗതി വ്യവസായങ്ങളുടെ വളർച്ചയ്ക്ക് വഴിയൊരുക്കി.

പക്ഷേ, ഒരു വ്യവസ്ഥയുമില്ലാത്ത അടിമ പ്പണിയായിരുന്നു എങ്ങും നിലനിന്നിരുന്നത്. സ്ത്രീ-പുരുഷ ഭേദമില്ലാതെ തൊഴിലാളികളെ ദിവസേന 16-ഉം 17-ഉം മണിക്കൂറുകൾ പണിയെടുപ്പിച്ചിരുന്നു. ബാലവേലയും കുറഞ്ഞ കൂലിയും മനുഷ്യത്വരഹിതമായ വ്യവസ്ഥകളും സാർവത്രികമായിരുന്നു.

ഈ സാഹചര്യങ്ങൾ കാരണം തൊഴിലാളി കൾക്കിടയിൽ രോഷവും അസംതൃപ്തിയും ശക്തിപ്പെട്ടു. 1800-കളുടെ പകുതിയിൽ തന്നെ പല മേഖലകളിലും പണിമുടക്കുകളും തൊഴിൽസമരങ്ങളും അരങ്ങേറിയിരുന്നു. 1827-ൽ കൽക്കട്ടയിലെ മഞ്ചൽ ചുമട്ടുകാർ ഒരു മാസം നീണ്ടുനിന്ന പണിമുടക്ക് നടത്തി ചരിത്രത്തിൽ ഇടംനേടി. ജോലി സമയം കുറയ്ക്കുക, കൂലി വർദ്ധിപ്പിച്ചു കിട്ടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി പണിമുടക്കുകൾ തുടർന്ന് നടന്നു. റെയിൽവേ തൊഴിലാളികൾ, ചണമിൽ തൊഴിലാളികൾ, കാളവണ്ടിത്തൊഴിലാളികൾ, അച്ചടിശാലകളിലെ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, പാൽ വിതരണ തൊഴിലാളികൾ, ശുചീകരണത്തൊഴിലാളികൾ, തോട്ടങ്ങ ളിലെയും ഖനികളിലെയും തൊഴിലാളികൾ, നാവികത്തൊഴിലാളികൾ തുടങ്ങി രാജ്യത്തിന്റെ പല ഭാഗങ്ങളിലും തൊഴിലാളികളുടെ പണിമുടക്കുകൾ ഉൾപ്പെടെയുള്ള സമരങ്ങൾ ശക്തിയാർജ്ജിച്ചു.

ഈ സമരങ്ങളെല്ലാം നടക്കുമ്പോൾ രാജ്യത്ത് ഒരു തൊഴിലാളി സംഘടന പോലും രൂപീകൃതമായിരുന്നില്ല. ജാതിയുടെയും മറ്റും അടിസ്ഥാനത്തിലുള്ള ചെറു സംഘടനകൾ നിലവിലുണ്ടായിരുന്നുവെങ്കിലും 'തൊഴിലാളി സംഘടന' എന്ന സംവിധാനത്തെക്കുറിച്ച് തൊഴിലാളികൾ അജ്ഞരായിരുന്നു. എന്നിട്ടും കുറഞ്ഞ കൂലിക്കും ചൂഷണാധിഷ്ഠിത തൊഴിൽ സാഹചര്യങ്ങൾക്കും എതിരെ തൊഴിലാളികൾ സംഘടിതമായി പണി മുടക്കുൾപ്പെടെയുള്ള സമരങ്ങൾ നടത്തി യെന്നതാണ് ശ്രദ്ധേയം.

വർഗ്ഗബോധം ഉൾക്കൊണ്ടുകൊണ്ടുള്ള തൊഴിലാളികളുടെ ഐക്യപ്രസ്ഥാനങ്ങൾ ആവിർഭവിക്കാൻ തുടങ്ങിയതും സംഘടിത തൊഴിൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആഗോളതലത്തിൽ വ്യാപകമായതും നമ്മുടെ രാജ്യത്ത് ഒരു തൊഴിലാളി പ്രസ്ഥാനം ആരംഭിക്കേണ്ടതിന്റെ ആവശ്യം വിവിധ കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരാൻ കാരണമായി.



ട്രേഡ് യൂണിയൻ നിയമ പ്രകാരം കേരളത്തിൽ ആദ്യം രജിസ്റ്റർ ചെയ്ത തൊഴിലാളി സംഘടന യാണ് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ. ആർ. സുഗതനായിരുന്നു അതിന്റെ ജനറൽ സെക്രട്ടറി.

ഇൻഡ്യൻ സ്വാതന്ത്ര്യസമരം ശക്തി പ്രാപിച്ചു തുടങ്ങിയ 1900-ന്റെ ആദ്യ കാലഘട്ടം മുതൽക്കേ ദേശീയ പ്രസ്ഥാനത്തിന് സമാന്തര മായി തൊഴിലാളി പ്രസ്ഥാനവും വളരാൻ തുടങ്ങിയിരുന്നു. ജോലി സമയം വർദ്ധിപ്പിച്ചതിനെതിരെ ബോംബെ, കൽക്കട്ട, മദ്രാസ്, കാൺപൂർ, അഹമ്മദാബാദ് തുടങ്ങി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ പണിമുടക്കുകൾ ഉൾപ്പെടെയുള്ള സമരങ്ങളും പ്രതിഷേധങ്ങളും നടന്നു. അതോടൊപ്പം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങളിലും തൊഴിലാളികളുടെ പങ്കാളിത്തം സജീവമായിരുന്നു. സ്വാതന്ത്ര്യസമര നായകനാ യിരുന്ന ബാല ഗംഗാധര തിലകിനെ ആറു വർഷത്തെ കഠിന തടവിന് ശിക്ഷിച്ചതിനെതിരെ 1908 ജൂലൈ 23 മുതൽ 28 വരെ ബോംബെ യിലെ തൊഴിലാളികൾ നടത്തിയ പണിമുടക്ക് ഈ കാലഘട്ടത്തിലെ ഐതിഹാസിക സമരമാ യിരുന്നു. ബ്രിട്ടീഷ് പട്ടാളവും തൊഴിലാളികളും തമ്മിൽ അന്ന് ബോംബെ പട്ടണത്തിൽ തെരുവ് യുദ്ധം പോലുമുണ്ടായി. 1917-ലെ ഒക്ടോബർ വിപ്ലവം ഇൻഡ്യയിലെ തൊഴിലാളികൾക്കും ആവേശവും ഉത്തേജനവും പകർന്നു നൽകി യിരുന്നു. റൗലത്ത് ആക്ടിനെതിരെ സംഘടി പ്പിക്കപ്പെട്ട പ്രക്ഷോഭങ്ങൾ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് കരുത്തും ആവേശവും പകർന്നതായിരുന്നു. 1920-ന്റെ ആദ്യ പകുതി യിൽ മാത്രം 15 ലക്ഷം തൊഴിലാളികൾ പങ്കെടുത്ത ഇരുന്നൂറോളം പണിമുടക്ക് സമരങ്ങൾ രാജ്യമെമ്പാടും നടന്നു.

1917-ലെ അഹമ്മദാബാദിലെ തുണിമിൽ തൊഴിലാളികൾ യൂണിയൻ രൂപീകരിച്ചു. 1918-ൽ നാവികത്തൊഴിലാളികളും സംഘടിതരായി. കൽക്കട്ടയിലെ പോർട്ട് ട്രസ്റ്റ് തൊഴിലാളി യൂണിയൻ, പ്രസ്സ് എംപ്ലോയീസ് യൂണിയൻ, ട്രാംവേ എംപ്ലോയീസ് അസോസിയേഷൻ, മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ, ബോംബെയിലെ ക്ലർക്സ് യൂണിയൻ, ഏഷ്യാറ്റിക് സലൂൺ ക്രൂ യൂണിയൻ, പഞ്ചാബ് പ്രസ്സ് അസോസിയേഷൻ, ജംഷദ്പൂർ ലേബർ അസോസിയേഷൻ, അഹമ്മദാബാദ് വർക്കേഴ്സ് യൂണിയൻ, ഇൻഡ്യൻ കൊള്ളേര്യരി (ഖനി) എംപ്ലോയീസ് അസോസിയേഷൻ, നാഗ്പൂർ റെയിൽവേ ലേബർ യൂണിയൻ, ആൾ ഇൻഡ്യ പോസ്റ്റൽ-ആർ.എം.എസ് യൂണിയൻ, ഇമ്പീരി യൽ ബാങ്ക് സ്റ്റാഫ് അസോസിയേഷൻ, ഹൗറ ലേബർ യൂണിയൻ, ഒറിയ ലേബർ യൂണിയൻ, ബംഗാൾ & നോർത്ത് വെസ്റ്റേൺ റെയിൽമെൻ അസോസിയേഷൻ, വിവിധ മേഖലകളിലെ റെയിൽവേ യൂണിയനുകൾ തുടങ്ങി രാജ്യത്തിന്റെ നാനാമേഖലകളിൽ നിരവധി തൊഴിലാളി സംഘടനകൾ രൂപീകരിക്കപ്പെട്ടു.

കേരളത്തിൽ ആദ്യമായി ഒരു തൊഴിലാളി സംഘടന പിറക്കുന്നത് 1922-ലാണ്. ആ വർഷം മാർച്ച് 31-ന് ആലപ്പുഴയിൽ രൂപീകൃതമായ തിരുവിതാംകൂർ ലേബർ അസോസിയേഷനാണ് ആ സംഘടന. വാടാപ്പുറം ബാവയെന്ന പി. കെ. ബാവയായിരുന്നു ഈ സംഘടന രൂപീകരണത്തിന് നേതൃത്വം നൽകിയത്. ശ്രീനാരായണ ഗുരുവിന്റെ 'സംഘടിക്കുവിൻ ശക്തരാകുവിൻ' എന്ന സന്ദേശമാണ് സംഘടന യുടെ പിറവിക്ക് പ്രചോദനമേകിയത്.

1859-ലാണ് കേരളത്തിൽ ആദ്യമായി ഒരു കയർ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കപ്പെടു ന്നത്. ജെയിംസ് ഡാറ, ഹെൻട്രി സ്മയിൽ എന്നീ പാശ്ചാത്യർ സ്ഥാപിച്ച ഡാറ സ്മയിൽ & കോ എന്ന സ്ഥാപനമാണ്. ഇതിനെത്തുടർന്ന് നിരവധി കയർ ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടു.

ട്രേഡ് യൂണിയൻ നിയമപ്രകാരം കേരള ത്തിൽ ആദ്യം രജിസ്റ്റർ ചെയ്ത തൊഴിലാളി സംഘടനയാണ് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ. ആർ. സുഗതനായിരുന്നു അതിന്റെ ജനറൽ സെക്രട്ടറി.

1938-ൽ തൊഴിലാളികളുടെ വിവിധ ആവശ്യ ങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ആദ്യ പണിമുടക്ക് നടന്നു. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളി ലായി അരലക്ഷത്തിലേറെ തൊഴിലാളികൾ ആ പണിമുടക്കിൽ പങ്കെടുത്തിരുന്നു. ആ സമരത്തെ സർക്കാർ നേരിട്ടത് അതിഭീകരമായ മർദ്ദനം അഴിച്ചുവിട്ടുകൊണ്ടായിരുന്നു. മർദ്ദനത്തിൽ പരിക്കേറ്റ് മരണമടഞ്ഞ ബാവയാണ് കേരളത്തിലെ ആദ്യ തൊഴിലാളി രക്തസാക്ഷി.

1935-ൽ കോഴിക്കോട്ടുവച്ച് പി. കൃഷ്ണ പിള്ളയുടെ നേതൃത്വത്തിൽ നടന്ന ഒന്നാം അഖില കേരള തൊഴിലാളി യൂണിയൻ സമ്മേളനത്തിന്റെയും അടുത്ത വർഷം തൃശൂരിൽ നടന്ന രണ്ടാം അഖില കേരള സമ്മേളനത്തിന്റെയും തീരുമാനപ്രകാരമാണ് കേരളത്തിൽ വ്യാപകമായി തൊഴിലാളി യൂണിയനുകൾ രൂപീകൃതമാകുന്നത്.

മലബാർ മേഖലയിൽ പി. കൃഷ്ണപിള്ള, എ.കെ.ജി, എൻ.ഇ. ബലറാം, പി. നാരായണൻ നായർ എന്നിവരുടെ നേതൃത്വത്തിൽ ഒട്ടേറെ തൊഴിലാളി സംഘടനകൾ രൂപീകരിക്കപ്പെട്ടു.

കൊച്ചി മേഖലയിൽ കെ. കെ. വാരിയർ, പി. എസ്. നമ്പൂതിരി, ജോർജ്ജ് ചടയംമുറി, പി. ഗംഗാധരൻ എന്നിവരുടെ നേതൃത്വത്തിലും തിരുവിതാംകൂറിൽ ആർ. സുഗതൻ, ടി.വി. തോമസ്, എൻ. സി. ശേഖർ, കെ. സി. ജോർജ്ജ് തുടങ്ങിയവരുടെ നേതൃത്വത്തിലുമായിരുന്നു തൊഴിലാളികൾ സംഘടിച്ചത്.

തൃശൂരിൽ ആദ്യമായി സംഘടിപ്പിക്കപ്പെട്ട പീടികത്തൊഴിലാളി യൂണിയനായ ലേബർ ബ്രദർഹുഡാണ് കേരളത്തിൽ ആദ്യമായി മേയ്ദിന സന്ദേശ പ്രകടനം നടത്തുന്നത്. തൃശൂരിൽ വ്യാപകമായി തൊഴിലാളി യൂണിയനുകൾ രൂപീകരിക്കപ്പെടാനും ലേബർ ബ്രദർഹുഡ് പ്രചോദനമേകി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ രണ്ട് ദശകങ്ങളിൽ രാജ്യ ത്തിന്റെ നാനാ മേഖലകളിൽ നിരവധി തൊഴിലാളി സംഘടനകൾ രൂപീകരിക്കപ്പെട്ട പശ്ചാത്തലത്തിലാണ് 1920 ജൂലൈ 16-ന് ബോംബെയിൽ ഒരു സമ്മേളനം ചേർന്നതും 'ആൾ ഇൻഡ്യ ട്രേഡ് യൂണിയൻ കോൺഗ്രസ്' എന്ന സംഘടന രൂപീകരിക്കണമെന്ന് തീരുമാനിക്കുന്നതും. രൂപീകരണ സമ്മേളനം വിജയിപ്പിക്കുന്നതിനായി ജോസഫ് ബാപിസ്റ്റ ആദ്ധ്യക്ഷനായി 500 പേരടങ്ങുന്ന ഒരു സ്വാ ഗതസംഘത്തെ തെരഞ്ഞെടുത്തു. ഇതിന്റെ തുടർച്ചയായിട്ടാണ് 1920 ഒക്ടോബർ 31-ന് ബോംബെയിലെ എമ്പയർ തിയറ്ററിൽ ചേർന്ന സമ്മേളനം ഇൻഡ്യയിലെ ആദ്യത്തെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനമായ ആൾ ഇൻഡ്യ ട്രേഡ് യൂണിയൻ കോൺഗ്രസിന് ജന്മം നൽകുന്നത്. ലാലാ ലജപത് റായ് അദ്ധ്യക്ഷത വഹിച്ച ആ സമ്മേളനത്തിൽ ഇൻഡ്യയുടെ നാനാഭാഗത്തു നിന്നും വിവിധ മേഖലകളിലെ 1,40,854 തൊ ഴിലാളികൾ അംഗങ്ങളായ 64 സംഘടനകളിലെ പ്രതിനിധികൾ പങ്കെടുത്തു. ആൾ ഇൻഡ്യാ ട്രേഡ് യൂണിയൻ കോൺഗ്രസി ന്റെ ആദ്യ പ്രസിഡന്റായി ലാലാ ലജപത് റായിയെയും ആദ്യ ജനറൽ സെക്രട്ടറിയായി പി.എം. പവാറിനെയും സമ്മേളനം തിരഞ്ഞെടുത്തു.

വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ മോത്തിലാൽ നെഹ്റു, മൊഹമ്മദാലി ജിന്ന, ആനിബസന്റ്, വി. ജെ. പട്ടേൽ, ബി.പി. വാഡിയ, ജോസഫ് ബാപിസ്റ്റ, ലാലുഭായ് സമൽദാസ്, ബി.ഡബ്ല്യു.വാഡിയ, ആർ.ആർ. ക്രാന്തികർ എന്നിവരും ബ്രിട്ടീഷ് ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ സൗഹാർദ്ദ പ്രതിനിധിയായി കേണൽ ജെ.സി. വെഡ്ജ് വുഡും ഈ രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിനെത്തിച്ചേരാൻ കഴിയാതിരുന്ന 43 യൂണിയനുകൾ തങ്ങളുടെ പിന്തുണ അറിയിക്കുകയും ചെയ്തു. രൂപീകരണ സമ്മേളനത്തിന്റെ ഭാഗമായി ലാലാ ലജപത് റായിയുടെ നേതൃത്വത്തിൽ പതിനായിരക്കണ ക്കിന് തൊഴിലാളികൾ അണിനിരന്ന പ്രകടന ത്തിനും റാലിക്കും ബോംബെ നഗരം അന്ന് സാക്ഷ്യംവഹിച്ചു. റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ച ലാലാ ലജപത് റായി ഇങ്ങനെ ഉദ്ബോധിപ്പിക്കുകയുണ്ടായി. 'ഇന്നത്തെ നമ്മുടെ ഏറ്റവും വലിയ ചുമതല തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്ക് സംഘടനാപരമായ വിദ്യാഭ്യാസം നൽകുകയും സമരങ്ങൾ സംഘടിപ്പിക്കുകയുമാണ്. നാം നമ്മുടെ തൊഴിലാളികളെ സംഘടിപ്പിക്കണം. അവരെ വർഗ്ഗബോധമുള്ളവരാക്കണം. രാജ്യ ത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പ്രസ്ഥാനങ്ങളുടെ മുന്നണിപ്പോരാളികളായി അവർ ഉയർന്നുവരണം'.

1927-ലാണ് ഔദ്യോഗികമായി മേയ്ദിനാ ചരണത്തിന് എ.ഐ.ടി.യു.സി. ആഹ്വാനം ചെയ്യുന്നത്. 1928 മുതൽ 1931 വരെയുള്ള വർഷം തൊഴിലാളി വർഗ്ഗം രാഷ്ട്രീയമായി ഏറെ മുന്നേറിയ കാലഘട്ടമായിരുന്നു. സ്വാതന്ത്ര്യ സമരത്തിലും ദേശീയ പ്രസ്ഥാനത്തിലും സോഷ്യലിസ്റ്റ് വീക്ഷണമുള്ളവർക്ക് ഏറെ സ്വാധീനം ചെലുത്താനായ ഒരു കാലഘട്ടം കൂടിയായിരുന്നു അത്.



1921-ൽ ഝാരിയയിൽ നടന്ന എ.ഐ.ടി.യു.സി.യുടെ രണ്ടാമത് സമ്മേളനം 'സ്വരാജ്' (സമ്പൂർണ്ണ സ്വാതന്ത്ര്യം) എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രമേയം പാസാക്കുകയുണ്ടായി. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് 'പൂർണ്ണ സ്വരാജ്' പ്രമേയം പാസാക്കുന്നത് പിന്നേയും നിരവധി വർഷങ്ങൾക്കുശേഷം 1929-ലാണ്. തുടക്കം മുതൽക്കേ എ.ഐ.ടി.യു.സി. സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായും സോഷ്യലിസ്റ്റ് ആദർശങ്ങളുൾക്കൊള്ളുന്ന സംഘടനകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. രൂപീകൃതമായതു മുതൽ 1920 ൽ എ.ഐ.ടി.യു.സി. അന്താരാഷ്ട്ര തൊഴിൽ സംഘടനയിലും അംഗമാണ്.

പോരാട്ടവീര്യമുൾക്കൊണ്ട എ.ഐ.ടി.യു.സി. നേതൃത്വം സംഘടനയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുകയായിരുന്നു. സംഘടന നടത്തിയ നിരന്തരമായ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് 1923-ലെ വർക്കേഴ്സ് കോമ്പൻസേഷൻ ആക്ടുകളും 1926-ലെ ട്രേഡ് യൂണിയൻ ആക്ടും തുടങ്ങി നിരവധി തൊഴിലാളി ക്ഷേമ നിയമങ്ങൾ രാജ്യത്ത് നടപ്പായത്. അതോടൊപ്പം തൊഴിലാളികളുടെ വിവിധ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ജോലി സമയം കുറച്ചുകൊണ്ട് വരുന്നതിനും കഴിയും വിധത്തിലുള്ള തീരുമാനങ്ങളും ഉണ്ടായി. ഇതെല്ലാം തൊഴിലാളികളിൽ സംഘടനാബോധത്തോടൊപ്പം ഉത്തരവാദിത്തബോധവും വർദ്ധിപ്പിച്ചു.

1920 മുതൽ 1947 വരെ 27 വർഷക്കാലം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന എണ്ണമറ്റ സമരങ്ങളിൽ പങ്കെടുത്ത് ഒട്ടേറെ തൊഴിലാളികൾ രക്തസാക്ഷികളായി. ബോംബെ, തെലുങ്കാന, അഹമ്മദാബാദ്, പഞ്ചാബ്, കോയമ്പത്തൂർ, പോണ്ടിച്ചേരി, കേരളം എന്നിങ്ങനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിൽ പങ്കെടുത്ത് വീരരക്തസാക്ഷിത്വം വരിച്ച തൊഴിലാളികളെ രാഷ്ട്രം പിന്നീട് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിന്റെ രജത ജൂബിലിയുടെ ഭാഗമായി 1972-ൽ രാഷ്ട്രം സ്വാതന്ത്ര്യ സമര സേനാനികളെ താമ്രപത്രം നൽകി ആദരിച്ചപ്പോൾ അതേറ്റു വാങ്ങിയവരിൽ നല്ലൊരു പങ്കും തൊഴിലാളി നേതാക്കളായിരുന്നു. 1998-ൽ അധികാരമേറ്റ കേന്ദ്ര സർക്കാർ പുന്നപ്ര-വയലാർ സമരത്തെ സ്വാതന്ത്ര്യ സമരമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടുള്ള വസ്തുതകളാണ്.

1920 ഒക്ടോബർ 31-ന് നടന്ന രൂപീകരണ സമ്മേളനത്തിനുശേഷം 1947 വരെ എ.ഐ.ടി.യു.സി. യുടെ 22 ദേശീയ സമ്മേളനങ്ങൾ നടന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്ര ബോസ്, വി.വി. ഗിരി, എസ്. എ. ഡാങ്കേ, മൃണാൾ കാന്ത് ബോസ്, ജോസഫ് ബാപ്റ്റിസ്റ്റ, സി.ആർ. ദാസ്, ദിവാൻ ചമൻലാൽ, എൻ.എം. ജോഷി, എസ്.പി. ദേശ്പാണ്ഡേ തുടങ്ങി രാജ്യത്തെ ഏറ്റവും ഉന്നതരായ ദേശീയ നേതാക്കൾ എ.ഐ.ടി.യു.സി.യുടെ ദേശീയ പ്രസിഡന്റ്, ജനറൽ സെക്രട്ടറി പദവികൾ വഹിച്ചിരുന്നു. 1947-നു ശേഷം എ.ഐ.ടി.യു.സി.യിൽ ആദ്യത്തെ പിളർപ്പുണ്ടായതും പിന്നീട് വിവിധ സന്ദർഭങ്ങളിലായി മറ്റ് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ രൂപംകൊണ്ടതുമെല്ലാം മറ്റൊരു ചരിത്രമാണ്.



# ഒരു നൂറ്റാണ്ടിന്റെ ചരിത്രം ചെറുത്തുനിൽപ്പിന്റെയും

## തൊഴിലാളി പ്രക്ഷോഭങ്ങൾ ഭൂതവും ഭാവിയും

**ടോമി മാത്യു**
ജനറൽ സെക്രട്ടറി,
ഹിന്ദ് മസ്ദൂർ സഭ (H.M.S)



ഇന്ത്യയിൽ ട്രേഡ് യൂണിയൻ രൂപീകരിച്ചതിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോഴും അതിജീവനത്തിനായി തൊഴിലാളികളുടെ ചെറുത്തുനിൽപ്പിന്റെ സമരവീര്യം ഉയർത്തുന്ന ചിന്തയിലാണ് ട്രേഡ് യൂണിയൻ നേതൃത്വം. ബ്രിട്ടണിൽ തുടക്കം കുറിക്കുകയും തുടർന്ന് ഇതര യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും പിന്നീട് ഏഷ്യൻ രാജ്യങ്ങളിലേക്കും വ്യാപിച്ച വ്യാവസായിക വിപ്ലവമാണ് തൊഴിലാളികളുടെ സംഘടിത സ്വഭാവത്തിന് അടിസ്ഥാന സാഹചര്യമൊരുക്കിയത്. ഫ്യൂഡൽ വ്യവസ്ഥിതിയിലെ കഠിനമായ തൊഴിൽ, കുറഞ്ഞ കൂലി, വിശ്രമമില്ലാത്ത ജീവിതം, വൃത്തിഹീനമായ തൊഴിൽ അന്തരീക്ഷം തുടങ്ങിയ ചൂഷണങ്ങൾക്കെതിരെ തൊഴിലാളികളുടെ പ്രതിരോധം ഉയരുന്നതും ഈ കാലയളവിലാണ്. മുതലാളിത്ത-സാമ്പത്തിക ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കെതിരെയുള്ള അമർഷവും സ്വാതന്ത്ര്യചിന്തയും തൊഴിലാളികളിൽ സാരമായ സ്വാധീനം ചെലുത്തിയിരുന്നു. 1827-ൽ കർഷകരും തൊഴിലാളികളും ബ്രിട്ടീഷുകാർക്കെതിരെ യോജിച്ചു സമരം ചെയ്തു. 1908-ൽ ബാലഗംഗാധര തിലകിനെ ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തപ്പോൾ ബോംബെയിലെ തൊഴിലാളികൾ തുടർച്ചയായി 6 ദിവസമാണ് സമരം ചെയ്തത്. 1919-ൽ അന്തർദേശീയ തൊഴിലാളി സംഘടന (ILO) രൂപീകൃതമായതോടെ തൊഴിൽമേഖലയിലെ അടിസ്ഥാന നിയമങ്ങൾക്ക് മാർഗ്ഗരേഖയായി. 1929-ൽ ഇന്ത്യ സന്ദർശിച്ച റോയൽ കമ്മീഷൻ ഓഫ് ലേബർ നൽകിയ റിപ്പോർട്ട് ഇന്ത്യയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെല്ലാം പ്രതിപാദിക്കുന്നതായിരുന്നു. സ്വാതന്ത്ര്യലബ്ധിക്ക് മുൻപുള്ള തൊഴിൽ നിയമങ്ങൾ

**ഇന്ത്യൻ ട്രേഡ് യൂണിയൻ ചരിത്രത്തിൽ കേരളത്തിന്റെ ഏട് സംഭവബഹുലവും സാമൂഹ്യ രാഷ്ട്രീയ ചരിത്രവുമായി ഇഴചേർന്നതുമാണ്. സാമൂഹ്യ പരിഷ്കർത്താക്കളുടെ പിൻബലവും സമൂഹത്തിലെ ഉന്നതരുടെ ഇടപെടലും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ വേരൂന്നിയ സംഘടനാബലവും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ ചാലകമാക്കി.**

നയങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്ന മാർക്സിയൻ സൈദ്ധാന്തിക മുന്നേറ്റം തൊഴിലാളികളിൽ വർഗ്ഗവികാരമുണർത്തി. തൊഴിലാളികളുടെ സംഘടിത സ്വഭാവവും പ്രതിഷേധവും യൂണിയനുകളെ അംഗീകരിക്കാൻ മുതലാളിമാരെ നിർബന്ധിതരാക്കി. ഇതിന്റെ അലയടികൾ ഇന്ത്യയിലേക്കും വ്യാപിച്ചു.

1920-ൽ ഇന്ത്യയിൽ ദേശീയ തൊഴിലാളി പ്രസ്ഥാനം രൂപംകൊള്ളുന്നതിന് ഏറെ മുൻപു തന്നെ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ തൊഴിലാളികൾ സംഘടിതരായിരുന്നു. കേവലം കാര്യനിർവഹണത്തിന്റെ ഭാഗം മാത്രമായിരുന്നു.

ഇന്ത്യൻ ട്രേഡ് യൂണിയൻ ചരിത്രത്തിൽ കേരളത്തിന്റെ ഏട് സംഭവബഹുലവും സാമൂഹ്യ രാഷ്ട്രീയ ചരിത്രവുമായി ഇഴചേർന്നതുമാണ്. സാമൂഹ്യ പരിഷ്കർത്താക്കളുടെ പിൻബലവും സമൂഹത്തിലെ ഉന്നതരുടെ ഇടപെടലും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ വേരൂന്നിയ സംഘടനാബലവും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ ചാലകമാക്കി. രാജഭരണകാലത്ത് തുടക്കം കുറിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സംഘടിത

തൊഴിലാളി യൂണിയനുകൾക്ക് അവസര മൊരുക്കി. കയർ, കശുവണ്ടി, ബീഡി, കൈത്തറി മേഖലകളിൽ വലിയതോതിൽ തൊഴിലാളികൾ പണിയെടുക്കുകയും യൂണിയൻ രൂപീകരിച്ച് അവകാശസമരം നടത്തുകയും ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ജാതി അടി സ്ഥാനത്തിലുള്ള പരമ്പരാഗത തൊഴിലുകളിൽ നിന്നും വ്യാപാര സാമ്പത്തിക പ്രക്രിയയിലേക്ക് കേരളസമൂഹം മാറുന്നത്. ഇതിന്റെ ഫലമായി തോട്ടം, കാർഷിക സംസ്കരണം, വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ എല്ലാ വിഭാഗ ങ്ങൾക്കും തൊഴിൽ സാധ്യത ഉണ്ടായി. ലോക ത്തുണ്ടായ സാങ്കേതിക വളർച്ചയുടെ ഭാഗമായി കേരളത്തിലും ഫാക്ടറികൾ ഉയർന്നുവന്നു. 1922-ൽ ശ്രീ.പി.കെ. ബാവയുടെ നേതൃത്വത്തിൽ രൂപീകരിച്ച ട്രാവൻകൂർ ലേബർ അസോസി യേഷൻ ഒരു നാഴികക്കല്ലായി. ആലപ്പുഴ കേന്ദ്രീ കരിച്ചുള്ള കയർ തൊഴിലാളികളാണ് യൂണിയനിൽ അംഗത്വം എടുത്തത്. അസോസി യേഷന്റെ നേതൃത്വത്തിൽ നടന്ന സമരത്തെ തുടർന്ന് തിരുവിതാംകൂർ സർക്കാർ കയർ മേഖലയിൽ തൊഴിലാളികൾക്ക് വേതനനിയമം പാസാക്കി. തിരുവിതാംകൂർ നിയമനിർമ്മാണ സഭയായ ശ്രീമൂലം അസംബ്ലിയിലേക്ക് തൊഴിലാളി പ്രതിനിധിയെ നോമിനേറ്റ് ചെയ്തത് യൂണിയനുകൾക്ക് വലിയ അംഗീകാ രമായി. 1947-നു മുൻപ് തന്നെ കോഴിക്കോട് ലേബർ അസോസിയേഷൻ, ചെത്തു തൊഴിലാളി യൂണിയൻ, ടാറ്റാ ഓയിൽ മിൽ വർക്കേഴ്സ് യൂണിയൻ തുടങ്ങി നിരവധി യൂണിയനുകൾ രൂപംകൊണ്ടു. ഇതോടെ കൂലി നിഷേധം, പോലീസ്-ഗുണ്ടാ മർദ്ദനങ്ങൾ തുടങ്ങിയ തൊഴിലാളികൾക്ക് നേരെയുള്ള ആയുധങ്ങളുടെ മൂർച്ച കുറഞ്ഞു തുടങ്ങി. എങ്കിലും സാമ്പത്തിക ചൂഷണം നിർബാധം തുടർന്നുപോന്നു. അസംഘടിത മേഖലയിൽ പ്രത്യേകിച്ച് സ്വകാര്യ ആശുപത്രി, സ്കൂൾ, വ്യാപാരസ്ഥാപനങ്ങൾ, കരാർ തൊഴിൽ മേഖലകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾ ഇന്നും ചൂഷണത്തിന് വിധേയരാണ്. 1950-ൽ കേരളത്തിൽ ട്രാൻസ്പോർട്ട് മേഖലയിൽ നടന്ന സമരം ശ്രദ്ധേയമായിരുന്നു.

രാജ്യത്തെ ആദ്യ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി 1948-ൽ കേരളത്തിലാണ് രൂപീകരിച്ചത്. നിലവിലുള്ള തൊഴിലാളിക്ഷേമ പദ്ധതികൾ മാതൃകാപരമാണ്. എങ്കിലും ഇതിലെ വീഴ്ചകളും പോരായ്മകളും പരിശോധിച്ചു കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ തടസം നിൽക്കുന്നു എന്ന പ്രചാരണം സ്വന്തം പരാജയങ്ങൾ മറച്ചുവെക്കാൻ ചിലർ



ബോധപൂർവം നടത്തുന്ന ശ്രമമാണ്. മികച്ച തൊഴിലാളി- മാനേജ്മെന്റ് ബന്ധം നിലനിൽ ക്കുന്ന സ്ഥാപനങ്ങളെല്ലാം വളർച്ച പ്രാപിക്കു ന്നത് നമ്മുടെ കൺമുന്നിലുണ്ട്.

സുദീർഘമായ തൊഴിൽ നിയമങ്ങളുള്ള

രാജ്യമാണ് ഇന്ത്യ. ജസ്റ്റിസ് ഗജേന്ദ്ര ഗാദ്ഗറിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച പ്രഥമ ലേബർ കമ്മീഷൻ 1969-ൽ സമർപ്പിച്ച റിപ്പോർട്ടിൽ തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും രേഖപ്പെടുത്തിയിരുന്നു. എന്നാൽ, ഈ റിപ്പോർട്ടിന്മേൽ



കേന്ദ്രസർക്കാർ കാര്യമായ നടപടികളൊന്നും സ്വീകരിച്ചില്ല. പിന്നീട് രവീന്ദ്രവർമ്മ കമ്മീഷൻ തൊഴിൽ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 2700 പേജുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വ്യവസായ ബന്ധങ്ങൾ, വേതനം, ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കണമെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. കമ്മീഷൻ സദുദ്ദേശ്യപരമായി നൽകിയ നിർദ്ദേശമാണ് തൊഴിൽ നിയമങ്ങൾ ലഘൂകരിച്ച് 4 ലേബർ കോഡുകൾ രൂപീകരിക്കാൻ കേന്ദ്രസർക്കാർ ദുരുപയോഗപ്പെടുത്തിയത്. രവീന്ദ്രവർമ്മയുടെ നിർദ്ദേശങ്ങൾ അസംഘടിത മേഖലയിലേതൊഴികെ ബാക്കി ശുപാർശകളെല്ലാം ഇന്ത്യൻ ലേബർ കോൺഫറൻസ് നിരാകരിച്ചിരുന്നു.

സ്വതന്ത്രഭാരതത്തിൽ അവകാശങ്ങൾക്കുവേണ്ടി നിരവധി തൊഴിലാളിസമരങ്ങൾ നടന്നിട്ടുണ്ട്. ടെക്സ്റ്റൈൽ, തുറമുഖം, കൽക്കരി, ട്രാൻസ്പോർട്ട്, കാർഷിക-അസംഘടിത മേഖലകൾ ഒക്കെ സമരവേദികൾ ആയിട്ടുണ്ട്. 1947 ലെ റെയിൽവേ തൊഴിലാളികളുടെ സമരം ചരിത്രസംഭവമായി മാറി. സമരനേതാവ് വി. ആർ. മാൽക്കി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടു. പോലീസ് വെടിവെയ്പിൽ അഞ്ച് തൊഴിലാളികൾ കൊല്ലപ്പെട്ടു. സമരത്തിന്റെ പേരിൽ 46,000 തൊഴിലാളികളെ സർവീസിൽ നിന്നും പിരിച്ചുവിട്ടു. എട്ടുലക്ഷം തൊഴിലാളികൾക്ക് സർവീസ് ബ്രേക്ക് ഉണ്ടായി. യൂണിയൻ ജനറൽസെക്രട്ടറി യു.എം. പുരോഹിതു ഒരു വർഷത്തോളം കരുതൽ തടങ്കലിലായി. പിന്നീട് റെയിൽവെ മന്ത്രിയായ ശ്രീ. ജോർജ്ജ് ഫെർണാണ്ടസാണ് സമരം നയിച്ചത്. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ പ്രേരിപ്പിച്ചതിന്റെ കാരണങ്ങളിലൊന്ന് ഈ സമരമാണെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്. 77-ൽ അധികാരത്തിൽ വന്ന ജനത സർക്കാരാണ് റെയിൽവെ തൊഴിലാളികൾക്ക് നേരെയുള്ള ശിക്ഷാനടപടികൾ പിൻവലിച്ചത്.

1980 മുതൽ ഇന്ത്യൻ തൊഴിലാളിവർഗ്ഗം കടുത്ത പ്രതിസന്ധിയിലാണ്. തൊഴിലാളികളെ പാർശ്വവൽക്കരിക്കാനുള്ള നീക്കം ഇവിടം മുതൽ തുടങ്ങുന്നു. ആഗോളവൽകരണവും അതിന്റെ ഭാഗമായി നടപ്പിലാക്കിയ സ്വകാര്യവൽക്കരണവും ഉദാരവൽകരണവും തൊഴിലാളികളെ നിസാരവൽകരിക്കാൻ ഇടയാക്കി. മൂന്നാം വ്യവസായ വിപ്ലവം എന്ന് വിശേഷിപ്പിക്കാവുന്ന ഐ.ടി ഇലക്ട്രോണിക് രംഗത്തെ വളർച്ച വ്യത്യസ്തമായ ഒരു തൊഴിൽ

മേഖല സൃഷ്ടിച്ചുവെങ്കിലും നിലവിലുണ്ടായിരുന്ന തൊഴിലവസരങ്ങൾ ഇല്ലാതാക്കാനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കാനും കാരണമായി. ഉൽപ്പാദന, സേവനമേഖലകൾ മൂലധനശക്തികൾ കയ്യടക്കുകയും ചെയ്തു.

1975-ൽ ജർമൻകാരനായ ശ്രീ. വില്ലി ഫ്രാൻസിനെ ചെയർമാനാക്കി ഐക്യരാഷ്ട്ര



സംഘടന ഒരു സമിതി രൂപീകരിച്ചു. രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തിക അന്തരം ഇല്ലാതാക്കാൻ എല്ലാ രാജ്യങ്ങളും ഉൽപാദന, വിപണനമേഖലകൾ നിയന്ത്രണങ്ങളില്ലാതെ തുറന്നു നൽകണം എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. ആഗോളവൽകരണത്തോടെ എല്ലാ രാജ്യങ്ങളും ഒരുപോലെ വളരുകയും ഉയർന്ന ഉൽപാദനത്തിലൂടെ വർദ്ധിച്ചുവരുന്ന സമ്പത്ത് സമൂഹത്തിന്റെ താഴെത്തട്ടിൽ വരെ എത്തിച്ചേരുമെന്ന് ആയിരുന്നു അദ്ദേഹത്തിന്റെ നിഗമനം. എന്നാൽ, യഥാർത്ഥത്തിൽ സംഭവിച്ചത് മുതലാളിത്തം കരുത്താർജ്ജിച്ച കോർപ്പറേറ്റിസത്തിലേക്ക് മാറുകയും ദരിദ്രൻ കൂടുതൽ ദരിദ്രനാവുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനയിൽ 39-ാം വകുപ്പിൽ സൂചിപ്പിച്ചിരിക്കുന്നത് സമ്പത്ത് വ്യക്തികളിൽ കുന്നുകൂടാൻ അവസരം ഉണ്ടാകരുത് എന്നാണ്. എന്നാൽ, ഈ നിയമത്തിന് ഘടകവിരുദ്ധമായി സമ്പത്തിന്റെ വലിയൊരു ഭാഗം വിരലിലെണ്ണാവുന്ന ചില വ്യക്തികളുടെ കരങ്ങളിൽ എത്തിച്ചേർന്നു. മാറിമാറിവരുന്ന ഭരണാധികാരികളെ സ്വാധീനിച്ച് രാജ്യത്തിന്റെ പൊതുസമ്പത്ത് കയ്യടക്കി ചങ്ങാത്ത മുതലാളിമാർ എന്ന ഒരു പുതുവരേണ്യ വർഗ്ഗം വളർന്നു വന്നു. ഇതിന്റെ പ്രത്യാഘാതം നേരിടുന്നത് 543 ദശലക്ഷം വരുന്ന ഇന്ത്യയിലെ തൊഴിലാളി വർഗ്ഗമാണ്. തൊഴിൽ സാധ്യതകൾ ഇല്ലാതാവുകയും തൊഴിൽ നഷ്ടം സംഭവിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് നേരെയുള്ള ചൂഷണ പ്രവണത വർദ്ധിച്ചു. തൊഴിൽ നിയമങ്ങൾ ലഘൂകരിക്കപ്പെടുമ്പോൾ കിരാതനിയമങ്ങൾ നടപ്പിലാക്കാനും തൊഴിൽ

> 1920-ൽ എ.ഐ.ടി.യു.സി. രൂപംകൊള്ളുമ്പോൾ ഇന്ത്യയിലെ മുഴുവൻ തൊഴിലാളികളും അംഗങ്ങളായിരുന്നു. എ.ഐ.ടി.യു.സി. നേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലായി എന്ന ബോധ്യം കോൺഗ്രസ് നേതാക്കളെ ഐ.എൻ.ടി.യു.സി. രൂപീകരിക്കുന്നതിനു പ്രേരിപ്പിച്ചു.

നിയമലംഘനങ്ങൾ സാധൂകരിക്കാനും എളുപ്പമാകും. പുതിയ നിയമങ്ങൾ വഴി ട്രേഡ് യൂണിയൻ പ്രവർത്തനവും കൂട്ടായ വിലപേശലും ഒഴിവാക്കാനാണ് ശ്രമിക്കുന്നത്. തൊഴിൽ മേഖലയിൽ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെ കുറിച്ച് ILO കൺവെൻഷനുകൾ നൽകിയ നിർദ്ദേശങ്ങൾ അവഗണിക്കപ്പെട്ടു. സാങ്കേതിക വിപ്ലവത്തിന്റെ ഭാഗമായി യന്ത്രമനുഷ്യനും നിർമ്മിത ബുദ്ധിയും യാഥാർഥ്യമാകുമ്പോൾ തൊഴിലാളിവർഗ്ഗം നിഷ്കാസനം ചെയ്യപ്പെടും എന്നു മാത്രമല്ല, മാനവരാശിയുടെ ഭാവി എന്ത് എന്നുള്ള ഒരു വലിയ ചോദ്യം ഉയരുകയും ചെയ്യും. ഇവിടെ ട്രേഡ് യൂണിയനുകളും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

1920-ൽ എ.ഐ.ടി.യു.സി രൂപംകൊള്ളുമ്പോൾ ഇന്ത്യയിലെ മുഴുവൻ തൊഴിലാളികളും അംഗങ്ങളായിരുന്നു. എ.ഐ.ടി.യു.സി നേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലായി എന്ന ബോധ്യം കോൺഗ്രസ് നേതാക്കളെ ഐ.എൻ.ടി.യു.സി രൂപീകരിക്കുന്നതിനു പ്രേരിപ്പിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പിളർപ്പ് പിന്നീട് സി.ഐ.ടി.യു. രൂപീകരിക്കാൻ ഇടയാക്കി.

കക്ഷി രാഷ്ട്രീയത്തിന് വിധേയമായി പരസ്പരം യൂണിയനുകൾ പോരടിക്കുന്നത് തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് തടസ്സം സൃഷ്ടിച്ചു. ഈ സാഹചര്യത്തിലാണ് ജയപ്രകാശ് നാരായണന്റെയും അശോക് മേത്തയുടെയു മൊക്കെ നേതൃത്വത്തിൽ 1948ൽ കൽക്കട്ടയിൽ ചേർന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം ഹിന്ദ് മസ്ദൂർ സഭ എന്ന സ്വതന്ത്ര ട്രേഡ് യൂണിയന് രൂപംനൽകിയത്. വ്യത്യസ്ത

**തൊഴിലാളികൾക്ക് തുടർച്ചയായി തിരിച്ചടി സംഭവിച്ചപ്പോഴാണ് പരസ്പരം പോരാടിയിരുന്ന യൂണിയനുകൾ ഒരു പ്രതിരോധനിര കെട്ടിപ്പടുക്കാൻ ഐക്യത്തിന് തയ്യാറായി മുന്നോട്ടു വന്നത്. ട്രേഡ്‌യൂണിയൻ രംഗത്ത് വലിയൊരു മാറ്റ ത്തിന് ഇത് കാരണമായി.**

രാഷ്ട്രീയ കക്ഷികളിൽപെട്ട നേതാക്കൾ ഈ നീക്കത്തിന് പിന്തുണ പ്രഖ്യാപിച്ചു. ഗവൺമെന്റിന്റെയും കക്ഷി രാഷ്ട്രീയത്തി ന്റെയും മുതലാളിമാരുടെയും സ്വാധീനങ്ങൾക്ക് വിധേയമാകാതെ ജാതി-മത ചിന്തകൾക്കതീത മായി പ്രവർത്തിക്കൂ എന്നതാണ് ഹിന്ദ് മസ്ദൂർ സഭയുടെ അടിസ്ഥാന പ്രഖ്യാപനം. തൊഴിലാളികൾക്ക് തുടർച്ചയായി തിരിച്ചടി സംഭവിച്ചപ്പോഴാണ് പരസ്പരം പോരാടിയി രുന്ന യൂണിയനുകൾ ഒരു പ്രതിരോധനിര കെട്ടിപ്പടുക്കാൻ ഐക്യത്തിന് തയ്യാറായി മുന്നോട്ടു വന്നത്. ട്രേഡ്‌യൂണിയൻ രംഗത്ത് വലിയൊരു മാറ്റത്തിന് ഇത് കാരണമായി. കോൺഗ്രസ് അധികാരത്തിൽ ഇരിക്കുമ്പോഴും സമരത്തിന് മുൻപന്തിയിൽ നിൽക്കാൻ ഐ. എൻ.ടി.യു.സി. തയ്യാറായി. എന്നാൽ, ബി.ജെ.പി അധികാരത്തിലെത്തിയപ്പോൾ ബി.എം.എസ് സമരരംഗത്തു നിന്നും അപ്രത്യക്ഷമായി. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ യോജിപ്പിനെ കുറിച്ച് ചർച്ച വന്നപ്പോൾ എ.ഐ.ടി.യു.സി.-സി.ഐ.ടി.യു. ലയനം പ്രതീക്ഷിച്ചിരുന്നു.

എച്ച്.എം.എസ്.- ഐ.എൻ.ടി.യു.സി.,എച്ച്. എം.എസ്.-എ.ഐ.ടി.യു.സി. ലയനവും ഒരു ഘട്ടത്തിൽ സജീവചർച്ചയിൽ ഉണ്ടായിരുന്നു. ചില പ്രാരംഭപ്രവർത്തനങ്ങൾ ഇതിനായി ആരം ഭിക്കുകയും സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പിന്നീട് ഈ നീക്കത്തിൽ കാര്യമായ പുരോഗതി യൊന്നും കണ്ടില്ല.



ജപ്പാൻ, ജർമനി തുടങ്ങി ഒട്ടുമിക്ക രാജ്യങ്ങ ളിലും തൊഴിലാളികൾക്ക് ഒരു ട്രേഡ് യൂണിയൻ മാത്രമാണുള്ളത്. ട്രേഡ് യൂണിയൻ സമ്മേളനം നടക്കുമ്പോൾ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ ജപ്പാൻ പ്രധാനമന്ത്രി മുഴുവൻ സമയവും സദസ്സിൽ സന്നിഹിതനായിരിക്കും.

തൊഴിലാളിവർഗ്ഗം ഒന്നാണ്, അവരുടെ ആവശ്യങ്ങളും ഒന്നുതന്നെ. അതുകൊണ്ട് പോരാട്ടങ്ങളും ഒരുമിച്ച് തന്നെയാകാണം. ചൂഷണത്തിനെതിരായ പോരാട്ടം അതിലൂടെ ഉണ്ടാവുന്ന സമൂഹത്തിലെ ഏകതാഭാവം അതാ യിരിക്കണം ട്രേഡ് യൂണിയനുകൾ ലക്ഷ്യമിടേ ണ്ടത്. തൊഴിലാളികളെ നിഷ്കാസിതരാക്കാൻ ശ്രമിക്കുന്ന കരുത്തരായ മൂലധനശക്തികളെ നേരിടാൻ, പ്രതിരോധിക്കാൻ തൊഴിലാളി സംഘടനകളുടെ ഏകീകരണം അനിവാര്യമായി തീർന്നിരിക്കുകയാണ്. അതിനുള്ള ചിന്തകളാണ് എത്രയും വേഗം ഉയരേണ്ടത്.



ആദ്യ ട്രേഡ് യൂണിയൻ സ്ഥാപിതമായത് 1920ൽ ആയിരുന്നെങ്കിലും ലീഗ് ഓഫ് നേഷൻസിന്റെ ഒരംഗം എന്ന നിലയിൽ ഇന്ത്യ 1919 ൽ തന്നെ ഐ.എൽ.ഒ. (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) അംഗമായിരുന്നു. കോൺഗ്രസ്, സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ കേന്ദ്ര പാർട്ടികൾക്കെല്ലാംകൂടി ഏറെനാൾ എ.ഐ.റ്റി.യു.സി എന്ന ഒരൊറ്റ ട്രേഡ് യൂണിയൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.



# ട്രേഡ് യൂണിയനുകളുടെ പോരാട്ടമുഖങ്ങൾ

**തോമസ് ജോസഫ്**
ജനറൽ സെക്രട്ടറി, യു.റ്റി.യു.സി.





ഭാരതത്തിലെ തൊഴിലാളികളുടെ സംഘടനാ ശക്തിയായി ആദ്യ രൂപംകൊണ്ടത് 1920 ൽ അഖിലേന്ത്യ ട്രേഡ് യൂണിയൻ സെന്റർ (എ.ഐ.റ്റി.യു.സി.) എന്ന യൂണിയൻ ആയിരുന്നു. ലാലാ ലജ്പത്റായി ആദ്യ പ്രസിഡന്റായി രൂപീകരിച്ച പ്രസ്തുത ട്രേഡ് യൂണിയന്റെ നേതൃത്വം സി. ആർ. ദാസ്, സുഭാഷ് ചന്ദ്രബോസ്, നെഹ്റു, വി.വി ഗിരി തുടങ്ങിയവർ ഏറ്റെടുത്തിട്ടുണ്ട്. അക്കാലത്തെ വൻകിട തൊഴിലുടമകൾ ഏറെയും ബ്രിട്ടീഷുകാരായിരുന്നു എന്നതാണ് ഓർമ്മിക്കേണ്ട വസ്തുത.

ആദ്യ ട്രേഡ് യൂണിയൻ സ്ഥാപിതമായത് 1920ൽ ആയിരുന്നെങ്കിലും ലീഗ് ഓഫ് നേഷൻസിന്റെ ഒരംഗം എന്ന നിലയിൽ ഇന്ത്യ 1919 ൽ തന്നെ ഐ.എൽ.ഒ (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) അംഗമായിരുന്നു. കോൺഗ്രസ്, സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ കേന്ദ്ര പാർട്ടികൾക്കെല്ലാംകൂടി

> 1956 ൽ മറ്റ് കേന്ദ്ര ട്രേഡ് യൂണിയനുകൾ വിട്ടുനിന്നിട്ടും പശ്ചിമ ബംഗാളിലെ പ്ലാന്റേഷൻ മേഖലയിൽ തൃദീപ് കുമാർ ചൗധരിയുടെ നേതൃത്വത്തിൽ പണിമുടക്ക് ഉൾപ്പെടെയുള്ള സമരങ്ങളിലൂടെ തോട്ടം തൊഴിലാളികൾക്ക് വേതനവും മറ്റാനുകൂല്യങ്ങളും ബോണസും നേടിയെടുക്കാനും യു.ടി.യു.സി.ക്ക് കഴിഞ്ഞുവെന്നത് നിസ്സാരകാര്യമല്ല.

ഏറെനാൾ എ.ഐ.റ്റി.യു.സി. എന്ന ഒരൊറ്റ ട്രേഡ് യൂണിയൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യ സ്വതന്ത്രമായതിനു ശേഷം പ്രധാന രാഷ്ട്രീയ പാർട്ടികളിലെ ആശയ പോരാട്ടം രൂക്ഷമാകുകയും സ്വാഭാവികമായും വിരുദ്ധ നിലപാടുകൾ ട്രേഡ് യൂണിയനെ ബാധിക്കുകയും ചെയ്തു. അങ്ങനെ 1948 ൽ കോൺഗ്രസ് അനുകൂലികൾ എ.ഐ.റ്റി.യു.സി. യിൽനിന്ന് ഭിന്നിച്ച് സുരേഷ് ബാനർജി പ്രസിഡന്റായി ഐ.എൻ.റ്റി.യു.സി. രൂപീകരിച്ചു. അതേ വർഷം തന്നെ എ.ഐ.ടി.യു.സി. യിൽ വീണ്ടും ചോർച്ചയുണ്ടായി. സോഷ്യ ലിസ്റ്റുകളുടെ നേതൃത്വത്തിൽ എച്ച്.എം.എസ്. എന്ന സംഘടന രൂപംകൊണ്ടു. ഇതിനുശേഷം എ.ഐ.റ്റി.യു.സി. യിലെ മുൻനിര നേതാക്കളിൽ നല്ലൊരു വിഭാഗം കമ്മ്യൂണിസ്റ്റുകാരായിരുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിൽ ആർ.എസ്.പി. യിലെയും സമാന ചിന്താഗതിക്കാരായ തൊഴിലാളി പ്രവർത്തകർ കൽക്കത്തയിൽ സമ്മേളിച്ച് യുണൈറ്റഡ് ട്രേഡ് യൂണിയൻ കോൺഗ്രസ് (യു.ടി.യു.സി.) എന്ന സംഘടനയ്ക്കു രൂപംകൊടുത്തു. സംഘടനയുടെ ആദ്യ പ്രസിഡന്റായി കെ. ടി. ഷായും ജനറൽ സെക്രട്ടറിയായി മൃണാൾ കാന്തി ബോസും തെരഞ്ഞെടുക്കപ്പെട്ടു. കെ. ടി. ഷാ, മൃണാൾ കാന്തി ബോസ്, രത്തൻ റോയി, സൗമേന്ദ്രനാഥ്, തൃദീപ് ചൗധരി, ജതിൻ ചക്രവർത്തി, ടി. പരമാനന്ദ്, ആർ രാമനാഥൻ തുടങ്ങിയ മഹാരഥന്മാരുടെ കൂട്ടായ്മയിലൂടെയാണ് യു.ടി.യു.സി. പിറവിയെടുക്കുന്നത്. ഐതിഹാസികമായ നിരവധി സമരങ്ങൾ യു.ടി.യു.സി. യുടെ നേതൃത്വത്തിൽ കെ. ടി ഷായും മൃണാൾ കാന്തി ബോസും തൃദീപ് ചൗധരിയും ഉൾപ്പെടെയുള്ള കരുത്തന്മാർ നയിച്ചു എന്നത് തങ്കലിപികളാൽ എഴുതപ്പെട്ട ചരിത്രം.

കൽക്കട്ടയിലെ പോർട്ട്, ഡോക്ക് തൊഴിലാളികളുടെ സേവന വ്യവസ്ഥകളും ശമ്പള പരിഷ്കരണവും മറ്റ് ആനുകൂല്യങ്ങളും നടപ്പാക്കാൻ മാനേജ്മെന്റിനെ നിർബന്ധിതമാക്കിയത് യു. ടി.യു.സി. യുടെ ഘടക യൂണിയനായ ഡോക്ക് മസ്ദൂർ യൂണിയന്റെ ശക്തമായ സമര പരിപാടികളായിരുന്നു. 1951 ൽ ബീഹാറിലെ ധർമ്മ ബദ്ധ് കൽക്കരി ഖനിയിൽ യു.ടി.യു.സി. നേതൃത്വത്തിലുള്ള ഹിന്ദുസ്ഥാൻ ഖാൻ മസ്ദൂർ യൂണിയന്റെ പ്രവർത്തനം ശക്തമായി. തൊഴിലാളികൾ ഒന്നടങ്കം യൂണിയൻ അംഗങ്ങളായി. തൊഴിലാളികളെ മാനേജ്മെന്റിനെതിരെ തിരിപ്പിച്ചു എന്ന കുറ്റം ചുമത്തി യൂണിയന്റെ ജനറൽ സെക്രട്ടറി സാധൻ ഗുപ്തയ്ക്കും മറ്റ് മൂന്ന് ഉന്നത നേതാക്കൾക്കും അന്നത്തെ കോടതി വധശിക്ഷ വിധിച്ചത് ചരിത്രം. ഇവിടെത്തന്നെ യൂണിയൻ നേതാവ് ഗുപ്തേശ്വർ പഥക്കിനെയും മറ്റ് രണ്ട് കൽക്കരി ഖനി തൊഴിലാളികളെയും തൂക്കിലേറ്റുകയും ചെയ്തു. തൊഴിലാളി പ്രവർത്തനത്തിന്റെ ചരിത്രത്താളുകളിൽ ചോരയിൽ കുതിർന്ന ഈ അദ്ധ്യായം എഴുതിച്ചേർത്തതും 1951 ൽ തന്നെ.

1956 ൽ മറ്റ് കേന്ദ്ര ട്രേഡ് യൂണിയനുകൾ വിട്ടുനിന്നിട്ടും പശ്ചിമബംഗാളിലെ പ്ലാന്റേഷൻ മേഖലയിൽ



തൃദീപ് കുമാർ ചൗധരിയുടെ നേതൃത്വത്തിൽ പണിമുടക്ക് ഉൾപ്പെടെയുള്ള സമരങ്ങളിലൂടെ തോട്ടം തൊഴിലാളികൾക്ക് വേതനവും മറ്റാനുകൂല്യങ്ങളും ബോണസും നേടിയെടുക്കാനും യു.ടി.യു.സി.ക്ക് കഴിഞ്ഞു വെന്നത് നിസ്സാരകാര്യമല്ല.

ഇനി കേരളത്തിലേക്ക് വരാം. കേരളത്തിൽ മാർക്സിസ്റ്റ് വിശ്വാസികളായ ഇടതു സോഷ്യലിസ്റ്റുകൾ രൂപീകരിച്ച കേരള സോഷ്യലിസ്റ്റ് പാർട്ടി ആർ.എസ്.പി.യിൽ ലയിക്കുകയും അതേ തുടർന്ന് എ.ഐ.ടി.യു. സി. യിൽ ഉണ്ടായിരുന്ന ആർ.എസ്.പി. നേതൃ ത്വത്തിലുള്ള യൂണിയനുകൾ യു.ടി.യു.സി.യുടെ ഘടകങ്ങളായി മാറുകയും ചെയ്തു.

വിദേശാധിപത്യത്തിൻ കീഴിൽ ഇന്ത്യയിലും വിശിഷ്യ കേരളത്തിലും തൊഴിലാളിവർഗം അശരണരും ആലംബഹീനരും പീഡിതരുമായി വളരെക്കാലം കഴിഞ്ഞുകൂടി. ആലപ്പുഴയിലെ കയർ കളങ്ങളിലും കൊല്ലത്തെ എച്ച്. ആന്റ്. സി. കമ്പനികളിലുമാണ് ആദ്യമായി ശക്തമായി പ്രതികരിച്ചുകൊണ്ട് തൊഴിലാളികൾ കൂട്ടത്തോടെ സമരരംഗത്തേക്ക് ഇറങ്ങിവന്നത്. 1915 ലായിരുന്നു ആ പണിമുടക്ക്.

1922 ൽ കേരളത്തിലെ പ്രഥമ തൊഴിലാളി സംഘടനയായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ പിറവിയെടുത്തു. 1928 ൽ കൊല്ലം ലേബർ യൂണിയനും 1938 – 39 കാല ഘട്ടത്തിൽ കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയനും രൂപീകൃതമായി സമര രംഗ ത്തെത്തി. ചവറ മണൽ മേഖലയിൽ 1948 ൽ ലോഹമണൽ ശേഖരിക്കുന്നതിലും ഏർപ്പെട്ടിരു ന്നത് ഹോപ്കിൻസ് ആന്റ് വില്യംസ് (എച്ച്. ആന്റ് ഡബ്ല്യു.), ട്രാവൻകൂർ മിനറൽസ് കമ്പനി (ടി.എം.സി), അസോസിയേറ്റഡ് മിനറൽസ് കമ്പനി (എം.എം.സി.), എഫ്. എക്സ്. പെരേരാ ആന്റ് സൺസ് (എഫ്. എക്സ്.പി.) എന്നീ നാല് മണൽ കമ്പനികളായിരുന്നു. ഈ കമ്പനി കളിൽ ജോലി ചെയ്തുവന്നിരുന്ന പതിനായിര ത്തിൽപരം തൊഴിലാളികൾ ചൂഷണത്തിനും ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യ നിഷേധ ത്തിനും എതിരെ 1948 ൽ അണി നിരന്നത് സ. എൻ. ശ്രീകണ്ഠൻ നായരും സ. ബേബി ജോണും നേതൃത്വം നൽകിവന്ന തിരുവിതാംകൂർ മിനറൽസ് വർക്കേഴ്സ് യൂണിയന്റെ പിന്നിലായിരുന്നു. തർക്കം സംബ ന്ധിച്ച അനുരഞ്ജന ചർച്ചകൾ പരാജയപ്പെട്ടതിനെ തുടർന്നാണ് വർഷങ്ങൾ നീണ്ട



നിയമപോരാട്ടത്തിലൂടെ തൊഴിലാളികളുടെ ആവശ്യം സംബന്ധിച്ച തീരുമാനം കൈ ക്കൊള്ളാൻ അന്നത്തെ സെഷൻസ് ജഡ്ജി യായിരുന്ന അബ്ദുൽ ഹമീദ് ബിജിലി സാഹിബിനെ ആർബിട്രേറ്ററായി നിയമിച്ച് സർക്കാർ ഉത്തരവിറക്കിയത്. ഇരുഭാഗവും കേട്ട കമ്മീഷൻ തൊഴിലാളികൾക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു. അത് പിന്നീട് ബിജിലി അവാർഡ് എന്നറിയപ്പെട്ടു.

തിരുവനന്തപുരത്ത് ചുമട്ടുതൊഴിലാളി കൾക്കുവേണ്ടി സർവകഴിവും സമാഹരിച്ചു പോരാടിയ കെ. സി വാമദേവൻ ചാല കമ്പോള ത്തിലെയും ചാക്ക, പേട്ട, വട്ടിയൂർക്കാവ്, പാളയം, വിഴിഞ്ഞം, വാമനപുരം, ആര്യനാട്, കിളിമാനൂർ, അരുവിക്കര, കാരേറ്റ്, നെയ്യാറ്റിൻകര, കാട്ടാക്കട, ആറാലുംമൂട്, അമ്പലത്തറ, ചിറയിൻകീഴ് തുടങ്ങിയ മേഖലകളിലെ കുത്തക കച്ചവടക്കാരുടെയും ദാദാമാരുടെയും ഗുണ്ടാ പിരിവുകാരുടെയും കൈകളിൽ കിടന്ന് പിടഞ്ഞമർന്ന കയറ്റിറക്ക് തൊഴിലാളികൾക്ക് ചെറുത്തുനിൽപ്പിന്റെ ആവേശം പകർന്നു നൽകി. ഇത് സാധ്യമാക്കിയത് യു. ടി.യു.സി.യുടെ നേതൃത്വത്തിലുള്ള ചുമട്ടുതൊഴിലാളി യൂണിയന്റെ ബാനറിനു പിന്നിൽ നിന്നുകൊണ്ടായിരുന്നു.

തലസ്ഥാന നഗരിയിലെ പി.ഡബ്ല്യു.സി. വർക്സ്, റബ്ബർ ഫാക്ടറി, വാട്ടർ വർക്സ്, ഡ്രെയ്നേജ്, ടൈറ്റാനിയം, ഗവ. പ്രസ്, വിജയ മോഹിനി മിൽസ് എന്നീ സ്ഥാപനങ്ങ ളിലെ പ്രബലമായ യൂണിയനായി യു.ടി.യു.സി.ക്ക് വളരാൻ നേതാക്കളുടെ നിസ്വാർത്ഥമായ പ്രവർത്ത നങ്ങൾകൊണ്ട് കഴിഞ്ഞു. സംസ്ഥാനത്തുടനീളം നാലമ്പലങ്ങൾക്കുള്ളിലെ ദൈവങ്ങളെ നിവേദ്യ മൂട്ടിയും താളമേളങ്ങളെ പള്ളിയുണർത്തിയും തമ്പ്രാക്കന്മാരുടെയും ആൾദൈവങ്ങളുടെയും ഭരണാധികാരികളുടെയും നിന്ദ്യമായ പെരുമാറ്റവും അവഗണനയും ഏറ്റുവാങ്ങി പടച്ചോറുണ്ടും തട്ടത്തിലിട്ടു കൊടുക്കുന്ന ദക്ഷിണകൊണ്ട് കുടുംബം പുലർത്തി വന്ന ക്ഷേത്ര ജീവനക്കാരെ ആശ്വാസക്കതിരുകളേകി അവകാശബോധത്തിന്റെ മന്ത്രമോതി അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞുകൊണ്ട് സംഘടനാ സ്വാത ന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് ഉയർത്തിവിട്ടത് യു.ടി.യു.സി. ആയിരുന്നു. നിരന്തര ചൂഷണ ത്തിൽ കഴിഞ്ഞിരുന്ന കെ. എസ്.ആർ.ടി.സി. മെക്കാനിക്കൽ ജീവനക്കാരുടെ അവകാശസമര ങ്ങൾക്ക് അടിപതറാത്ത നേതൃത്വം നൽകിയത് യു.ടി.യു.സി. യും ഒരു പിടി ചങ്കുറപ്പുള്ള നേതാക്കളുമായിരുന്നു. ആലംകോട്, കീഴാറ്റി ങ്ങൽ, വർക്കല, കണിയപുരം, ചിറ്റാറ്റുമുക്ക്, കഠിനകുളം, പെരുങ്ങുഴി, അഞ്ചുതെങ്ങ്, വക്കം കായിക്കര കടവ്, ശാർക്കര തുടങ്ങി തിരുവനന്തപുരം ജില്ലയിലെ തൊണ്ടുമൂടൽ

സ്ഥലങ്ങളിലും തൊണ്ടുതല്ലു കേന്ദ്രങ്ങളിലും പാറക്കളങ്ങളിലും പണിയെടുത്ത തൊഴിലാളികളെ ശക്തമായ നേതൃത്വം നൽകി അവരെ അവകാശ സമരങ്ങളുടെ മുന്നണിപ്പോരാളികളാക്കി മാറ്റിയത് യു.ടി.യു.സി.യും കെ. പങ്കജാക്ഷൻ എന്ന ചെറുപ്പ ക്കാരനായ തൊഴിലാളി പ്രവർത്തകനും ഒരുപറ്റം ചുറുചുറുക്കുള്ള അനുയായികളുമായിരുന്നു.

കൊല്ലം തോടും കല്ലടയാറും സന്ധി ചെയ്തു രമിക്കുന്ന അഷ്ടമുടിക്കായൽ ജൈവവൈവിദ്ധ്യ സമ്പന്നമാർന്ന തീരപ്രദേശങ്ങൾ, ഗ്രാമഭംഗി തുളുമ്പിനിൽക്കുന്ന തൃക്കടവൂർ, പ്രാക്കുളം, തൃക്കരുവ, അഷ്ടമുടി, പെരുമൺ, തൃപ്പനയം, വെള്ളിമൺ, ചെമ്മക്കാട്, നാന്തിരിക്കൽ, കാഞ്ഞിരക്കോട്, കണ്ടച്ചിറക്ക മങ്ങാട് എന്നീ കായലോര പ്രദേശങ്ങളിലാകെ വ്യാപിച്ചു കിടന്നിരുന്ന തൊണ്ടുതല്ല്, കയർപിരി പണിയിടങ്ങളിൽ ജോലി ചെയ്തുവന്ന നൂറുകണക്കിന് തൊഴിലാളികൾ അനുഭവിച്ച ചൂഷണവും അവഗണനയും അവസാനിപ്പി ക്കാൻ യു.ടി.യു.സി. രംഗത്തുവന്നു. എണ്ണിയാ ലൊടുങ്ങാത്ത സമരസന്നാഹങ്ങൾ ഒരുക്കാൻ ശക്തരായ തൊഴിലാളി പ്രവർത്തകർ കായലോ രങ്ങളിലും കയർക്കളങ്ങളിലും ധാരാളമുണ്ടാ യിരുന്നു. മത്സ്യത്തൊഴിലാളി മേഖലയിലും മത്സ്യസംസ്കരണ പ്ലാന്റുകളിലും നിരന്തര ചൂഷണങ്ങൾക്ക് വിധേയരായി നാവടക്കി പണിയെടുത്തു വന്ന തൊഴിലാളികളുടെ നരക യാതനകൾക്ക് വിരാമമിടാൻ യു.ടി.യു.സി. അവരോടൊപ്പം നിന്നു. എ.ഐ.ടി.യു.സി. നേതൃത്വത്തിലുണ്ടായിരുന്നവരും പിന്നീട് യു.ടി. യു.സി. യിൽ എത്തിയവരുമായ നേതാക്കളുടെ ആഭിമുഖ്യത്തിൽ 1950 കളിൽ അതിശക്തമായ തൊഴിലാളിസമര പരമ്പരയാണ് കേരളത്തിൽ നടന്നത്. കശുവണ്ടി, കയർ, ചണം, ടൈൽസ്, ടെക്സ്റ്റയിൽസ്, മിനറൽസ്, എഞ്ചിനിയറിംഗ്, മെർക്കന്റൈൻ, സാമിൽ, തീപ്പെട്ടി തുടങ്ങിയ വ്യവസായ മേഖലകളിലെ സമരപോരാട്ടങ്ങ ളുടെ ചരിത്രത്തിൽ യു.ടി.യു.സി. നേതൃപരമായ പങ്ക് വഹിക്കുകയും ചെയ്തു. മുനിസിപ്പൽ തൊഴിലാളികളുടെയും തോട്ടിപ്പണി ചെയ്യുന്ന തൊഴിലാളികളുടെയും നിറംമങ്ങിയ ജീവിത ത്തിന് നിറപ്പകിട്ടേകിയതും തോട്ടിപ്പണി നിർത്തലാക്കി അവരെ സമൂഹത്തിന്റെ ഭാഗ മാക്കിയതും യു.ടി.യു.സി.യുടെയും അതിന്റെ നേതാക്കളുടെയും പ്രവർത്തനമികവാണ്. കണ്ണന്തോടത്ത് ജനാർദ്ദനൻ നായർ, എൻ. ശ്രീകണ്ഠൻ നായർ. ടി.കെ ദിവാകരൻ, ബേബി ജോൺ, ആർ. എസ്. ഉണ്ണി, കെ.പങ്കജാക്ഷൻ, കെ. സി. വാമദേവൻ തുടങ്ങിയവരായിരുന്നു അക്കാലത്ത് യു.ടി.യു.സി. യെ നയിച്ചിരുന്നത്.

തൊഴിലിടങ്ങളിലെ സമരങ്ങളോടൊപ്പം തന്നെ രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനുമെതിരെ നടന്ന ഉത്തരവാദിത്വഭരണ പ്രക്ഷോഭങ്ങളിലും ശക്തവും നിരന്തരവുമായ സമരത്തിന് യു.ടി.യു.സി. നേതാക്കന്മാരും നേതൃത്വം കൊടുത്തിരുന്നു.

തിരുവനന്തപുരം മുതൽ കൊച്ചിവരെയുള്ള കായലുകളെ തോടുകൾ കൊണ്ട് ബന്ധിപ്പിച്ച് വാണിജ്യപരമായ ഗതാഗതത്തിന് ഉപയോഗിച്ചി രുന്നു. ചരക്കു കയറ്റിയ കെട്ടുവള്ളങ്ങളിൽ തുഴ യെറിഞ്ഞും അതേ നീരാറ്റിലെ വെള്ളത്തിൽ ആഹാരം പാകപ്പെടുത്തി കഴിച്ചും വള്ളം മുതലാളിമാരുടെയും നാട്ടുകള്ളന്മാരുടെയും മൃഗീയ മർദ്ദനങ്ങളേറ്റ് നക്കാപ്പിച്ച കാശിന് പുറംലോകം കാണാതെ ജോലി ചെയ്തുവന്ന ഒരുപറ്റം തൊ ഴിലാളികളെ കണ്ണന്തോടത്ത് ജനാർദ്ദനൻ നായർ എന്ന അതികായകൻ യു.ടി. യു.സി.യുടെ കീഴിൽ അഖില തിരുവിതാംകൂർ നാവിക തൊഴിലാളി സംഘം എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് ശക്തമായ സമര ങ്ങളിലൂടെ അവരുടെ കഷ്ടപ്പാടുകൾക്കറുതി വരുത്തി.

എൻ. ശ്രീകണ്ഠൻ നായർ ഏറെ വർഷം യു.ടി.യു.സി.അഖിലേന്ത്യാ പ്രസിഡന്റായിരുന്നു. തുടർന്ന് ബേബി ജോൺ ഈ സ്ഥാനത്തെത്തി. യു.ടി.യു.സി.യുടെ ഘടക യൂണിയനായ അഖില കേരള കാഷ്യൂനട്ട് വർക്കേഴ്സ് ഫെഡറേഷന്റെ കൊടിക്കീഴിൽ ശ്രീകണ്ഠൻ നായർ, ടി. കെ. ദിവാകരൻ, കെ.പി രാഘവൻപിള്ള, ടി. എം. പ്രഭ, ടി. പി.ഗോപാലൻ, ചെല്ലപ്പൻ, ആർ. എസ്. ഉണ്ണി, ഡി. ശ്രീധരൻ എന്നിവരുടെ നേതൃത്വ ത്തിൽ നടന്ന തീപാറുന്ന പണിമുടക്ക് ഉൾപ്പെ ടെയുള്ള സമരപരിപാടികളിൽ തൊഴിലാളി കൾക്ക് ഗുണ്ടകളും പോലീസുമൊക്കെയായി ഏറ്റുമുട്ടേണ്ടതായും വന്നിട്ടുണ്ട്. പ്രധാനമായും കൊല്ലം, കുന്നത്തൂർ, കുണ്ടറ, കൊട്ടാരക്കര, കിളികൊല്ലൂർ, ഇരവിപുരം, കൊട്ടിയം, പുത്തൂർ തുടങ്ങിയ പ്രദേശങ്ങളിലെ കശുവണ്ടി ഫാക്ടറികൾ തൊഴിലാളികളുടെ അവകാശ സമരങ്ങൾക്ക് മുന്നിൽ മൂകസാക്ഷിയായി നിന്നു. ടി. കെ. ദിവാകരൻ എന്ന ട്രേഡ് യൂണിയൻ നേതാവിന്റെ വർഷങ്ങൾ നീണ്ട നിയമ പോരാട്ടങ്ങളിലൂടെ കശുവണ്ടി തൊഴിലാളികളുടെ സുരക്ഷ യ്ക്കായി നേടിയെടുത്ത അവാർഡ് കശു വണ്ടി തൊഴിലാ ളികളുടെ മാഗ്നാ കാർട്ട എന്നറിയ പ്പെട്ടു.

ലോകത്തിൽ ബാലറ്റ് പേപ്പറി



ലൂടെ അധികാരത്തിലേറിയ കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ഭരണകാലത്തായിരുന്നു കശുവണ്ടി തൊഴിലാളികളുടെ അവകാശസമരത്തിനിടെ നടന്ന സംഘർഷത്തിൽ യു.ടി.യു.സി.യിൽപ്പെട്ട രണ്ട് തൊഴിലാളികൾ പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചത്.

എൻ. ശ്രീക്ണ്ഠൻ നായർ നേരിട്ടു നയിച്ച കൊല്ലത്തെ എ. ഡി. കോട്ടൺ മിൽ (ഇന്നത്തെ പാർവതി മിൽ) സമരത്തിനിടയിൽ തൊഴിലാളികളും പോലീസുമായി ഏറ്റുമുട്ടൽ നടന്നു. സമരജ്വാലകൾ ആളിപ്പടർന്ന ഈ സമരം ചരിത്രത്തിലിടം നേടി. ചുരുക്കത്തിൽ പഴയ തിരുവിതാംകൂറും കൊച്ചിയും പിന്നീട് കേരളവും കണ്ട മികച്ച തൊഴിൽ സമരങ്ങളിൽ ഒട്ടും മോശമല്ലാത്ത പ്രകടനം യു.ടി.യു.സി. കാഴ്ച വച്ചിട്ടുണ്ട്. തിരുവിതാംകൂർ രാജാവിന്റെ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർക്കെതിരെ കേരളത്തിലെമ്പാടും സമരജ്വാലകൾ പടർന്നുപിടിച്ചെങ്കിലും അതിലൊന്നും കുലുങ്ങാതെ നിന്ന സർ സി.പിയെ കേരളത്തിൽ നിന്നും കെട്ടുകെട്ടിക്കാൻ ആർ.എസ്.പി.യുടെയും യു.ടി.യു.സി.യുടെയും പ്രവർത്തകനായിരുന്ന കെ.സി.എസ്. മണിയെ സ്ഫുടം ചെയ്തെടുത്തത് എൻ. ശ്രീകണ്ഠൻനായരായിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷവും 1951–70 കാലഘട്ടങ്ങളിലും പാർലമെന്റിലും പുറത്തും രാഷ്ട്രീയ പാർട്ടി നേതാക്കളും അവരിലെ തന്നെ ട്രേഡ് യൂണിയനുകളിലെ ഉന്നത നേതാക്കളും നടത്തിയ അതിസാഹസികമായ സമരങ്ങൾ പലതും ഇപ്പോഴത്തെ തലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. അക്കാലത്ത് രാഷ്ട്രീയ താൽപര്യങ്ങൾക്കതീതമായി തൊഴിലാളിവർഗ്ഗ താൽപര്യങ്ങൾക്ക് എല്ലാ പാർട്ടികളിലെയും നേതൃത്വം മുന്തിയ പരിഗണന കൊടുത്തിട്ടുണ്ട്.

തോട്ടം ഉൽപ്പന്നങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തൽ, കയർ-കശുവണ്ടി വ്യവസായങ്ങളുടെ പുനരുദ്ധാരണം, കയർപിരി തൊഴിലാളികളുടെ മിനിമം വേജസ്, കശുവണ്ടി തൊഴിലാളികളുടെ ജോലി സ്ഥിരതയും മിനിമം വേജസും കർഷകത്തൊഴിലാളികളുടെയും ചെത്ത്, നെയ്ത്ത് തൊഴിലാളികളുടെയും അടിയന്തരാവശ്യങ്ങൾ അംഗീകരിപ്പിക്കൽ തുടങ്ങിയ നിരവധി വ്യവസായ രംഗങ്ങളിലെ തൊഴിൽ രംഗം മെച്ചപ്പെടുത്താൻ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതൃത്വങ്ങളുടെ കൂട്ടായ്മയ്ക്ക് കഴിഞ്ഞു. അടിസ്ഥാന തൊഴിലാളി വർഗ്ഗങ്ങൾക്ക് വാർഷികബോണസ്, പ്രസവാനുകൂല്യം, ലീവ് വിത്ത് വേജസ് ഉൾപ്പെടെയുള്ള അവകാശങ്ങൾ നേടിയെടുക്കാനും പ്രാവർത്തികമാക്കാനും യു.ടി.യു.സി.യും അതിന്റെ തലയെടുപ്പും തന്റേടവുമുള്ള നേതാക്കന്മാരും സ്വന്തം മെയ്യും ജീവിതവും മറന്ന് മുന്നിട്ടിറങ്ങിയിരുന്നു.



ഇതൊക്കെയാണെങ്കിലും വർത്തമാന കാലഘട്ടത്തിൽ യൂണിയനുകളുടെ ബാഹുല്യവും കിടമത്സരവും ചേരിപ്പോരും പല വ്യവസായങ്ങളെയും തൊഴിൽ മേഖലകളെയും പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിട്ടുണ്ടെന്നതും നാം കാണാതെ പോകരുത്.രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ യു.ടി.യു.സി. ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾക്ക് സ്വാധീനം കുറഞ്ഞുകൊണ്ടേയിരുന്നു. മറ്റൊന്ന് തൊഴിലാളികളുടെ അവകാശ സമരങ്ങൾക്കൊപ്പം സ്വന്തം ഉത്തരവാദിത്തംകൂടി തൊഴിലാളികൾ പ്രകടിപ്പിക്കണം എന്ന അടിസ്ഥാനതത്ത്വം പല യൂണിയനുകൾക്കും ബാധകമല്ല എന്ന നിലയിലാണ് കാര്യങ്ങളുടെ പോക്ക്.തൊഴിലാളികളെ, ട്രേഡ് യൂണിയനുകൾ നയിച്ചിരുന്ന അവസ്ഥയിൽനിന്നും തൊഴിലാളികൾ ട്രേഡ് യൂണിയനുകളെ നയിക്കുന്ന പരിതാപകരമായ അവസ്ഥാവിശേഷത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നുകൂടി ഈയവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

> ലോകത്തിൽ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിലേറിയ കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ഭരണകാലത്തായിരുന്നു കശുവണ്ടി തൊഴിലാളികളുടെ അവകാശ സമരത്തിനിടെ നടന്ന സംഘർഷത്തിൽ യു.ടി. യു.സി.യിൽപ്പെട്ട രണ്ട് തൊഴിലാളികൾ പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചത്.

ഒട്ടനവധി ജീവൻമരണ പോരാട്ടങ്ങളിലൂടെ തൊഴിലാളിവർഗ്ഗം നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഒന്നുംവിടാതെ കവർന്നെടുക്കാനും വീണ്ടും തൊഴിലാളികളെ നിശ്ചലരാക്കി പണിയെടുപ്പിക്കുന്നതിനും ഉതകത്തക്കനിലയിലുള്ള നയപരിപാടികൾ അണിയറയിൽ ഒരുങ്ങിത്തുടങ്ങി. അതിനെതിരെ പ്രതികരിക്കാനും രണ്ടാമതൊരു അവകാശസമരത്തിന് തുടക്കംകുറിക്കാനും യു.ടി.യു.സി. സന്നദ്ധമായിക്കഴിഞ്ഞു.

1952–57 കാലഘട്ടങ്ങൾ
ഇൻഡ്യയിലെമ്പാടും തൊഴിലാളി
പ്രസ്ഥാനങ്ങൾ അതിവേഗം വളർച്ച
നേടുകയുണ്ടായി. തൊഴിലാളി എന്ന
വിഭാഗങ്ങളിൽ ഫാക്ടറി തൊഴിലാളികളും
കർഷക തൊഴിലാളികളും മാത്രമല്ല,
വെള്ളക്കോളർ വിഭാഗത്തിൽപ്പെട്ട
അധ്യാപകർ, ബാങ്ക് ജീവനക്കാർ തുടങ്ങി
ഇതര സർക്കാർ ഉദ്യോഗസ്ഥരും
അണിചേരുന്ന പ്രക്രിയ ഈ
കാലഘട്ടത്തിൽ സംഭവിച്ചു.



# ട്രേഡ് യൂണിയനുകളുടെ വളർച്ച

# സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ



സ്വാതന്ത്ര്യത്തോടെ എല്ലാ തൊഴിലാളി പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന ചിരകാല പ്രതീക്ഷയ്ക്ക് അധികം വൈകാതെ തന്നെ മങ്ങലേറ്റു. 1946ൽ അധികാരമേറ്റ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇടക്കാല ഗവൺമെന്റ് പ്രഖ്യാപിച്ച ലേബർ പ്ലാൻ അപ്പാടെ ജലരേഖ യായി മാറി.

തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പ് വരുത്തുമെന്നും മിനിമം വേതനത്തിനുള്ള നിയമം വേഗം രൂപീകരിക്കുമെന്നും തോട്ടം തൊഴിലാളികൾക്ക് ജീവനക്കൂലി ഏർപ്പെടുത്ത ണമെന്നും ഖനി തൊഴിലാളികളുടെ തൊഴിൽ സമയം ആഴ്ചയിൽ 48 മണിക്കൂറായി നിജപ്പെ ടുത്തണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ അടങ്ങുന്നതായിരുന്നു ലേബർ പ്ലാൻ. എന്നാൽ, ഈ പദ്ധതിയുടെ പ്രഖ്യാപനങ്ങൾ ഒന്നും നടപ്പാക്കാൻ സർക്കാർ താൽപര്യം കാണിച്ചില്ല. തുടർന്ന് ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യക്ക് അധികാര കൈമാറ്റം നടത്താനുള്ള ഘട്ടം അനിവാര്യമായതോടെ തൊഴിലാളികൾ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടു വന്നു. തൊഴിലാളികളും കർഷകരും അതതു പ്രദേശങ്ങളിൽ വെവ്വേറെ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം. ബോംബെയിൽ സൈനികരും 1500 വൈമാനികരും നടത്തിയ പണിമുടക്ക് രാജ്യശ്രദ്ധ നേടി. ഇക്കാലത്ത് ഉയർന്നുവന്ന ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ ഈ സമരങ്ങൾക്ക് ശക്തി പകർന്നു. തെലുങ്കാന, തേഭഗ തുടങ്ങിയ പ്രദേശങ്ങളിൽ നടന്ന കർഷക കലാപങ്ങളും വിമോചന പോരാട്ടങ്ങളും ഈ പുതിയ പ്രകമ്പനത്തിന്റെ ഭാഗമായിരുന്നു.

**1947**-ൽ
ഇൻഡ്യ സ്വാതന്ത്ര്യം നേടുമ്പോൾ നിരവധി തൊഴിലാളി നേതാക്കൻമാർ ജയിലിലായിരുന്നു. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന് ബീജാവാപം പകർന്ന പി. കൃഷ്ണപിള്ളയും തടവിലായിരുന്നു.

കേരളത്തിൽ നടന്ന ഐതിഹാസിക തൊഴിലാളി സമരമായ പുന്നപ്ര-വയലാർ സമരം ഈ കാലഘട്ടത്തിലെ ചരിത്ര പ്രാധാന്യമുള്ള പ്രക്ഷോഭമാണ്. വടക്കൻ കേരളത്തിലെമ്പാടും നടന്ന കർഷക സമര ങ്ങളും ഈ ഘട്ടത്തിൽ ഏറെ പ്രാധാന്യമുള്ള തായി മാറി. ഇൻഡ്യ സ്വാതന്ത്ര്യം കൈവരി ക്കുന്ന പുതിയ സാഹചര്യത്തെ തങ്ങൾക്ക് അനുകൂലമാക്കാൻ തൊഴിലാളികൾ ശ്രമിച്ച തിന്റെ പ്രതിഫലനമായിരുന്നു ഈ പ്രക്ഷാഭങ്ങൾ. എന്നാൽ, മുതലാളിമാർ പ്രസ്തുത സാഹചര്യങ്ങളെ എങ്ങനെ തങ്ങൾക്ക് അനുകൂലമാക്കാമെന്നും ആലോചിച്ചു തുടങ്ങി. തൊഴിലാളിവിരുദ്ധ നിലപാട് സ്വീകരിച്ച ഗവൺമെന്റ് കരിനിയമ ങ്ങൾകൊണ്ട് പ്രക്ഷോഭങ്ങൾ അമർച്ച ചെയ്തു കൊണ്ടിരുന്നു. 1947-ൽ ഇൻഡ്യ സ്വാതന്ത്ര്യം നേടുമ്പോൾ നിരവധി തൊഴിലാളി നേതാക്കൻമാർ ജയിലിലായിരുന്നു. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന് ബീജാവാപം പകർന്ന



# 1957

ലോക തൊഴിലാളികൾക്കെല്ലാം അഭിമാനവും പ്രതീക്ഷയും ഏകിയ വർഷമായിരുന്നു. കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് നടന്ന ആദ്യ പൊതു തെരഞ്ഞെടുപ്പിൽ തൊഴിലാളി വർഗ്ഗപാർട്ടി ഭൂരിപക്ഷം നേടുകയും ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറുകയും ചെയ്തത് ആഗോളതലത്തിൽ തന്നെ ശ്രദ്ധ നേടി.



പി. കൃഷ്ണപിള്ളയും തടവിലായിരുന്നു. 1948-51 കാലത്ത് എ.ഐ.ടി.യു.സി.യുടെ പ്രവർത്തനങ്ങൾ തടയുമ്പോൾ തന്നെ ഭരണാധികാരികളോട് അനുഭാവം പുലർത്തിപ്പോന്ന ഐ.എൻ.റ്റി.യു.സി. യെ ആയുധമാക്കിക്കൊണ്ട് സമരത്തെ അമർച്ച ചെയ്യുന്ന സാഹചര്യവും ഉണ്ടായി. കെ. കരുണാകരനായിരുന്നു ആയിടെ രൂപംകൊണ്ട ഐ.എൻ.റ്റി.യു.സി. യുടെ കേരളത്തിലെ നേതാവ്. തൊഴിലാളി പ്രസ്ഥാനം രാഷ്ട്രീയ മലക്കംമറിച്ചിലുകൾക്ക് വിധേയമാകുന്നതിന്റെ ചിത്രമാണ് ഈ ഘട്ടത്തിൽ കാണാനാവുക. ഇതിനെതിരെ പ്രതിരോധം തീർക്കുകയായിരുന്നു അന്നത്തെ പുരോഗമന തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രധാനപ്പെട്ട അജണ്ട.

1952-57 കാലഘട്ടങ്ങൾ ഇൻഡ്യയിലെമ്പാടും തൊഴിലാളി പ്രസ്ഥാനങ്ങൾ അതിവേഗം വളർച്ച നേടുകയുണ്ടായി. തൊഴിലാളി എന്ന വിഭാഗങ്ങളിൽ ഫാക്ടറി തൊഴിലാളികളും കർഷക തൊഴിലാളികളും മാത്രമല്ല, വെള്ളക്കോളർ വിഭാഗത്തിൽപ്പെട്ട അധ്യാപകർ, ബാങ്ക് ജീവനക്കാർ തുടങ്ങി ഇതര സർക്കാർ ഉദ്യോഗസ്ഥരും അണിചേരുന്ന പ്രക്രിയ ഈ കാലഘട്ടത്തിൽ സംഭവിച്ചു.

1957 ലോകതൊഴിലാളികൾക്കെല്ലാം അഭിമാനവും പ്രതീക്ഷയും ഏകിയ വർഷമായിരുന്നു. കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് നടന്ന ആദ്യ പൊതു തെരഞ്ഞെടുപ്പിൽ തൊഴിലാളിവർഗ്ഗപാർട്ടി ഭൂരിപക്ഷം നേടുകയും ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറുകയും ചെയ്തത് ആഗോളതലത്തിൽ തന്നെ ശ്രദ്ധ നേടി. കാരണം ജനാധിപത്യ രീതിയിൽ നടന്ന പൊതുതിരഞ്ഞെടുപ്പിലൂടെ ഒരു തൊഴിലാളി വർഗ്ഗ പാർട്ടി അധികാരത്തിലെത്തുന്നത് ലോകത്ത് ആദ്യമായിട്ടായിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ചില വ്യവസായങ്ങൾക്കുണ്ടായ തകർച്ചയും അതിന്റെ ഫലമായി തൊഴിലാളി വർഗ്ഗം നേരിട്ട ദുരിതങ്ങളും ഇവിടെ പരാമർശിക്കാതെ തരമില്ല. അക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധിയെ നേരിട്ട ഒരു മേഖലയായിരുന്നു ഖാദി വ്യവസായം. സ്വാതന്ത്ര്യ സമരകാലത്ത് ഖാദിക്കുണ്ടായിരുന്ന വമ്പിച്ച സ്വീകാര്യത 1947-ന് ശേഷം മങ്ങിത്തുടങ്ങി. ഗാന്ധിജിയുടെ വധത്തിനുശേഷം ഖാദി ഏതാണ്ട് അനാഥമായി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖം തിരിക്കുക കൂടി ചെയ്തപ്പോൾ ഈ മേഖലയുടെ തകർച്ച ഏതാണ്ട് പൂർണമായി.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഫലമായി ഒട്ടേറെ തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിൽ വരികയും തൊഴിലാളി വർഗ്ഗം അവരുടെ സാമൂഹിക സ്ഥിതികൾ പൊളിച്ചെഴുതുകയും ചെയ്തു. ഇവയിൽ പ്രധാനപ്പെട്ടവയാണ് ചുവടെ ചേർത്തിരിക്കുന്നത്.

1. തൊഴിലാളികൾ ജനാധിപത്യ ഇൻഡ്യയിലെ വൻശക്തിയായി മാറിയതിനോടൊപ്പം പൊതുസമൂഹത്തിൽ അംഗീകാരം നേടുകയും ചെയ്തു.
2. ജോലി സമയം, വേതനം എന്നിവ സംബന്ധിച്ച് വ്യക്തവും നിയതവുമായ വ്യവസ്ഥകൾ ഉണ്ടായി.
3. അധിക ജോലിക്ക് അധിക വേതനം ഉറപ്പാക്കി.
4. തൊഴിലാളികൾ ബോണസിന് അർഹത നേടി.
5. ലീവ് സറണ്ടർ, വിരമിക്കൽ വേളയിൽ സർവീസ് ആനുകൂല്യം എന്നിവ നേടിയെടുത്തു.
6. മിനിമം വേതന വ്യവസ്ഥ ഒട്ടേറെ മേഖലകളിൽ പ്രാബല്യത്തിലായി.
7. ക്ഷേമനിധി, പെൻഷൻ, അപകടങ്ങൾക്കുള്ള നഷ്ടപരിഹാരം, പ്രൊവിഡന്റ് ഫണ്ട് എന്നിവ ബാധകമാക്കി.
8. സ്ത്രീ തൊഴിലാളികൾക്ക് തുല്യ വേതനവും പ്രസവാനുകൂല്യവും ഒട്ടുമിക്ക മേഖലകളിലും യാഥാർത്ഥ്യമാക്കി.
9. ക്ഷാമബത്ത, ശമ്പളപരിഷ്കരണം എന്നിവ ബാധകമാക്കി.
10. ജോലി സ്ഥിരതയ്ക്കാവശ്യമായ നടപടികൾക്ക് അംഗീകാരമായി.
11. ഇ.എസ്.ഐ., മെഡിക്കൽ അലവൻസ് എന്നീ പദ്ധതികൾ തൊഴിലാളി ക്ഷേമം മുൻനിർത്തി പ്രാബല്യത്തിൽ കൊണ്ടുവന്നു.

മുമ്പേതന്നെ കുറഞ്ഞ വേതനത്തിന് തൊഴിലെടുക്കാൻ നിർബന്ധിതരായിരുന്ന ഖാദി തൊഴിലാളികൾ വ്യവസായത്തിന്റെ തകർച്ചയോടെ മുഴുപട്ടിണിയിലായി. ഈ ഗുരുതര സാഹചര്യത്തിലാണ് ഖാദി തൊഴിലാളികളുടെ പുനരുജ്ജീവനത്തിനായി 1955-ൽ നാഷണൽ ഖാദി സ്വീവേഴ്സ് ആന്റ് ലേബേഴ്സ് യൂണിയൻ രൂപീകരിച്ചത്. പല ഗവൺമെന്റ് പദ്ധതികളും ആവിഷ്കരിച്ചുകൊണ്ട് ഖാദി വ്യവസായം പച്ചപിടിപ്പിച്ചെടുക്കാനും ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു.

1906-മുതൽ രാജ്യത്ത് സർക്കാർ ജീവനക്കാരുടെ സംഘടനകൾ പ്രവർത്തിച്ചു തുടങ്ങിയിരുന്നു. എൻ.ജി.ഒ. അസോസിയേഷനുകൾക്ക് സ്വാതന്ത്ര്യത്തിനു മുൻപ് കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്തുവാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യലബ്ധിക്കു ശേഷം അധികാരത്തിലെത്തിയ കോൺഗ്രസ് ഗവൺമെന്റും സർക്കാർ ജീവനക്കാരുടെ സംഘടനകളെ നിഷ്പ്രഭമാക്കാനുള്ള ശ്രമമാണ് നടത്തിയത്. ഇൻഡ്യയിൽ ആദ്യമായി കേരള സർക്കാർ ജീവനക്കാരുടെ സംഘടനാ പ്രവർത്തനം അംഗീകരിച്ചപ്പോൾ ഇൻഡ്യൻ തൊഴിലാളി പ്രസ്ഥാനത്തിൽ അതൊരു നിർണ്ണായക ഏടായി മാറി. 1962 ഒക്ടോബറിൽ രൂപം കൊണ്ട കേരള എൻ.ജി.ഒ. യൂണിയൻ അനേകം പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുത്തു. അധ്യാപക സംഘടനകളുടെ പ്രവർത്തനം തൊഴിൽ രംഗത്ത് വലിയ തോതിലുള്ള മാറ്റങ്ങൾക്ക് വഴിതെളിച്ചു. ജാതീയ അസമത്വവും സാമ്പത്തിക അസമത്വവും മറികടന്ന് തൊഴിലാളി എന്ന ഒരു കുടക്കീഴിൽ മനുഷ്യർ അണിനിരന്നത് വലിയൊരു സാമൂഹിക മാറ്റമായി കണക്കാക്കപ്പെട്ടു.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള തൊഴിലാളി പ്രസ്ഥാന ചരിത്രത്തിലുണ്ടായ വിപ്ലവകരമായ തുടക്കമായിരുന്നു സി.ഐ.ടി.യു.വിന്റെ വരവ്. 1964-ൽ കമ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പി ളർപ്പിനെ തുടർന്നാണ് ഈ പുതിയ തൊഴിലാളി പ്രസ്ഥാനത്തിന് കളമൊരുങ്ങിയത്.

ഇരുനൂറിലേറെ വർഷം നീണ്ട ബ്രിട്ടീഷ് ഭരണം ഇൻഡ്യയെ പാപ്പരത്വത്തിലേക്ക് തള്ളിയിട്ടതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ച് തുടങ്ങിയത് എഴുപതുകളിലായിരുന്നു. ഈ തകർച്ചയിൽനിന്ന് കരകയറാനുള്ള ഉത്തരവാദിത്തമായിരുന്നു പുതിയ ഭരണാധികാരികൾക്കുണ്ടായിരുന്നത്. നെഹ്റു ഗവൺമെന്റ് കൊണ്ടുവന്ന പഞ്ചവത്സര പദ്ധതിയും സാമ്പത്തിക ആസൂത്രണവും പുതിയ

അതിജീവനമാർഗ്ഗങ്ങളായിരുന്നു. എന്നാൽ, ഈ പദ്ധതികളുടെ ഗുണഫലങ്ങൾ അടിസ്ഥാന വർഗത്തിന് ലഭിച്ചില്ല. സമൂഹത്തിൽ സാമ്പത്തിക വിടവുകൾ വർദ്ധിച്ചുവന്നു. തൊഴിലില്ലായ്മ രൂക്ഷമാവുകയും വിലക്കയറ്റം അനിയന്ത്രിതമാവുകയും ചെയ്തു. ഈ സാഹചര്യത്തെ നേരിടാൻ ട്രേഡ് യൂണിയനുകൾ നടത്തിയ പ്രക്ഷോഭങ്ങൾ മുൻകാലങ്ങളിൽ ചെയ്തതുപോലെ നെഹ്റു ഗവൺമെന്റ് അടിച്ചമർത്തി. ഇതിനെ മറികടക്കാൻ നിലവിലുള്ള ട്രേഡ് യൂണിയനുകൾക്ക് കഴിഞ്ഞില്ല. ഈ സാഹചര്യത്തിലാണ് വിപ്ലവ തൊഴിലാളി പ്രസ്ഥാനമായ സി.ഐ.റ്റി.യു. രൂപം കൊണ്ടത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനു പിന്നിലും ഇതേ സാഹചര്യമാണ് ഉണ്ടായിരുന്നത്. 1970 മെയ് മാസത്തിൽ നടന്ന കൽക്കത്ത സമ്മേളനത്തിൽ വച്ചാണ് ജ്യോതി ബസു ചെയർമാനായ സി.ഐ.ടി.യു. അവരുടെ പുതിയ പതാക ഇൻഡ്യൻ മണ്ണിൽ സുസ്ഥിരമാക്കിയത്. ഒരു സോഷ്യലിസ്റ്റ് ഭരണകൂടത്തിനു മാത്രമേ ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗത്തെ ചൂഷണങ്ങളിൽനിന്ന് രക്ഷപ്പെടുത്താനാവൂ എന്നതായിരുന്നു സി.ഐ.ടി.യു. വിന്റെ വിശ്വാസത്തിന്റെ അടിത്തറ. ആ സ്വപ്നം തൊഴിലാളി മനസ്സുകളിൽ എത്തിക്കുന്നതിന് സി.ഐ.ടി.യു. പ്രസ്ഥാനം വിജയിക്കുകയും ചെയ്തു. പുതിയ തൊഴിലാളി പ്രസ്ഥാനം ചരിത്രപരമായ പല മാറ്റങ്ങൾക്കും ഉത്തേജനമായി മാറി.

1991-ൽ കേരളത്തിലെ പത്ത് പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽകരിക്കാനുള്ള ഗവൺമെന്റ് തീരുമാനത്തിനെതിരെ തൊഴിലാളികൾ ഒറ്റക്കെട്ടായി എതിർപ്പുമായി രംഗത്തെത്തി. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., യു.ടി.യു.സി., എസ്.ടി.യു. എന്നീ പ്രമുഖ ട്രേഡ് യൂണിയനുകൾ സംഘടിച്ച് ഗൗരവമായ ചർച്ചകൾ നടത്തി. ഇതിന്റെ ഫലമായി പല പൊതുമേഖലാ സ്ഥാപനങ്ങളെയും നഷ്ടത്തിൽനിന്നും കരകയറ്റി രക്ഷപ്പെടുത്താനുള്ള സമ്മർദ്ദം സർക്കാരിനു വന്നു.



1991-ൽ കേരളത്തിലെ പത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽകരിക്കാനുള്ള ഗവൺമെന്റ് തീരുമാനത്തിനെതിരെ തൊഴിലാളികൾ ഒറ്റക്കെട്ടായി എതിർപ്പുമായി രംഗത്തെത്തി. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., യു.ടി.യു.സി., എസ്.ടി.യു. എന്നീ പ്രമുഖ ട്രേഡ് യൂണിയനുകൾ സംഘടിച്ച് ഗൗരവമായ ചർച്ചകൾ നടത്തി. ഇതിന്റെ ഫലമായി പല പൊതുമേഖലാ സ്ഥാപനങ്ങളെയും നഷ്ടത്തിൽ നിന്നും കരകയറ്റി രക്ഷപ്പെടുത്താനുള്ള സമ്മർദ്ദം സർക്കാരിനു വന്നു. കേരള സോപ്സ്, കുറ്റിപ്പുറം ഡിറ്റർജന്റ് കെറസ് ഡി.പി, കെൽട്രോൺ, കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ സംരക്ഷണം ഗവൺമെന്റ് ഏറ്റെടുത്തതിനുപിന്നിൽ ട്രേഡ് യൂണിയനുകളുടെ ശക്തമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ തൊഴിലാളിവർഗ്ഗം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണ് സ്വകാര്യവൽകരണം, ആഗോളവൽകരണം. ഇവ രണ്ടും തൊഴിലാളികളിൽ ആശങ്ക ജനിപ്പിക്കുന്ന പ്രശ്നങ്ങളാണ്. ഇതിനെതിരെയുള്ള പോരാട്ടങ്ങളാണ് ഇന്നത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ഏറ്റെടുത്തിട്ടുള്ള പ്രധാന ധർമ്മം.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലേബർ ആന്റ് എംപ്ലോയ്മെന്റ്